

# താമരമൊട്ടുകൾ

വാല്യം 21 | ഒക്ടോബർ 2019 | ലക്കം 10 | Price ₹20

താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
RNI NO. 71212/99 | Date of Publication : 30-09-2019




Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

# Bishop's Programme

## October 2019


| | | |
|---|---|---|
| 01-24 | | Abroad - Ad Limina Visit |
| 25 | 10.00 | Thamarassery |
| 26 | 06.40 | Pushpagiri |
| | 09.30 | Korangad |
| | 10.30 | Bethania |
| 27 | 08.00 | Thiruvambady |
| 28 | | Office day |
| | 17.30 | Vettilappara |
| 29 | 10.30 | Thamarassery |
| 30 | 17.30 | Paroppady |
| 31 | 11.00 | Kothamangalam |



വാല്യം 21 താമരമൊട്ടുകൾ ഒക്ടോബർ 2019 ലക്കം 10

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



**യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നിൽക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ, നിന്റെ മകൻ. അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: ഇതാ, നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു.**

(യോഹ. 19:26-27)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 651 |
| 2. | പ്രോഗ്രാം ഒക്ടോബർ 2019 | 655 |
| 3. | സർക്കുലർ- 12 | 656 |
| 4. | സർക്കുലർ- 13 | 660 |
| 5. | സർക്കുലർ | 664 |
| 6. | സർക്കുലർ | 671 |
| 7. | കച്ചേരിക്കാര്യം | 678 |
| 8. | Eparchial Resbyterial Council-2019 | 681 |
| 9. | മതബോധനം | 683 |
| 10. | ചെറുപുഷ്പ മിഷൻലീഗ് | 686 |
| 11. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 625 |
| 12. | പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് | 695 |
| 13. | കരിസ്മാറ്റിക് മൂവ്മെന്റ് | 696 |
| 14. | അൾത്താര ശുശ്രൂഷി സംഘം | 698 |
| 15. | മാതൃവേദി | 699 |
| 16. | ലിറ്റർജി കമ്മീഷൻ | 702 |
| 17. | കെ.എൽ.എം. | 703 |
| 18. | മദ്യവിരുദ്ധ സമിതി | 705 |
| 19. | ഫ്രാൻസിസ്ക്കൻ അത്മായ സഭ | 707 |
| 20. | മീഡിയ | 708 |
| 21. | അൽഫോൻസാ കോളേജ് തിരുവമ്പാടി | 709 |
| 22. | വികസനവേദി | 711 |
| 23. | കെ.സി.വൈ.എം | 714 |
| 24. | ക്രിസ്റ്റീൻ മൂവ്മെന്റ് | 731 |
| 25. | എ.കെ.സി.സി | 732 |
| 26. | യേശുനിധി | 734 |
| 27. | അജപാലനക്കുറിപ്പുകൾ | 735 |

# Birth Day Greetings

Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Puthiyaparambil Sebastian | October | 4 |
| Thadathil Mathew | | 4 |
| Mangarayil Scaria | | 5 |
| Onayathumkuzhy Mathew | | 7 |
| Chakkittamuriyil Thomas (Jr) | | 12 |
| Vamattathil James | | 20 |
| Cherickal James | | 21 |
| Manjakazhakunnel Joseph | | 21 |
| Aranjaniolickal Joseph (Jr) | | 23 |
| Kuzhikattumyalil Joseph | | 25 |
| Thundathil Scaria | | 25 |
| Valloppilly Simon | | 26 |
| Kalapurackal Joseph | | 29 |
| Asariparambil George | | 30 |
| Chembuthoockil Mathew | | 30 |

**Mar Remigiose Inchananiyil**

# Feast Day Greetings

| | | |
|---|---|---|
| **Bp. Mar** | **Remigiose Inchananiyil** | **October 1** |
| Rev. Fathers | | |
| | Kallikatt Francis | 4 |
| | Kochumundanmalayil Francis | 4 |
| | Naduvathettu Francis | 4 |
| | Puthiyedath Francis | 4 |
| | Vellamackal Francis | 4 |
| | Kavilpurayidathil Abraham | 9 |
| | Kochilath Abraham | 9 |
| | Mazhuvanchery Abraham | 9 |
| | Pulinchuvattil Abraham | 9 |
| | Valloppilly Abraham | 9 |
| | Vayalil Abraham | 9 |
| | Kavil Rony Paul | 27 |

**Mar Remigiose Inchananiyil**

# തിരുനാളാശംസകൾ




ഒക്ടോബർ 1ന്

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന


**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്**

താമരശ്ശേരി രൂപതാ കുടുംബത്തിന്റെ

പ്രാർത്ഥനാശംസകൾ!

അഭിവന്ദ്യ പിതാക്കന്മാർക്ക് താമരശ്ശേരി രൂപതയുടെ

## പ്രാർത്ഥനാശംസകൾ!



എറണാകുളം-അങ്കമാലി
അതിരൂപതയുടെ
മേജർ ആർച്ച് ബിഷപ്പ് വികാരി
**മാർ ആന്റണി കരിയിൽ**



ഫരീദാബാദ് രൂപതയുടെ
സഹായ മെത്രാൻ
**മാർ ജോസ്
പുത്തൻവീട്ടിൽ**



മാണ്ഡ്യ രൂപതയുടെ മെത്രാൻ
**മാർ സെബാസ്റ്റ്യൻ
എടയന്ത്രത്ത്**



ബിജ്നോർ രൂപതയുടെ
നിയുക്ത മെത്രാൻ
**മോൺ. വിൻസെന്റ്
നെല്ലായിപറമ്പിൽ**

# പ്രോഗ്രാം – ഒക്ടോബർ 2019

| | | |
|---|---|---|
| 1 | ചൊവ്വ | **വി. കൊച്ചുത്രേസ്യ, വി. റെമീജിയൂസ്** |
| | | **രൂപതാദ്ധ്യക്ഷന്റെ നാമഹേതുകതിരുനാൾ** |
| | | ജീസസ്സ് യൂത്ത്: സോണൽ ഇന്റർസെഷൻ |
| 02 | ബുധൻ | **കാവൽമാലാഖ** |
| | | ക്രിസ്റ്റീൻ: റോസറി മീറ്റ് – തോട്ടുമുക്കം |
| 04 | വെള്ളി | **വി. ഫ്രാൻസിസ് അസ്സീസി**, ബഥാനിയ: ജാഗരണപ്രാർത്ഥന |
| | | ചരമദിനം: ഫാ. ജെയിംസ് മുണ്ടക്കൽ |
| 05 | ശനി | കെ.സി.വൈ.എം.: യുവജന കൺവെൻഷൻ (5–8) |
| | | ക്രിസ്റ്റീൻ: റോസറി മീറ്റ് – മരുതോങ്കര, കോടഞ്ചേരി |
| | | ജീസസ്സ് യൂത്ത്: കൗൺസിൽ മീറ്റിംഗ്, തിരുവമ്പാടി ഹൗസ് ഹോൾഡ് |
| 06 | ഞായർ | PBI: ഫൊറോന ദൈവശാസ്ത്ര പഠന ശിബിരം |
| | | ജീസസ്സ് യൂത്ത്: ടീൻസ് റിട്രീറ്റ് +1, +2 (6–8) |
| 07 | തിങ്കൾ | പ്രീ-കാനാ കോഴ്സ് (7–10), മിഷൻലീഗ്: രൂപത കലോത്സവം |
| | | PBI: Class for Advanced Diploma Course in Theology (7-8) |
| | | ചരമദിനം: ഫാ. മാണി കണ്ടനാട്ട് |
| 12 | ശനി | PBI: Class for Advanced Diploma Course in Theology |
| | | കെ.സി.വൈ.എം.: രൂപത കലോത്സവം |
| | | ക്രിസ്റ്റീൻ: റോസറി മീറ്റ് – തിരുവമ്പാടി, വിലങ്ങാട് |
| 13 | ഞായർ | മതബോധനം: അർദ്ധവാർഷിക പരീക്ഷ |
| | | ജീസസ്സ് യൂത്ത്: എമ്മാവൂസ് കോഴ്സ് സെഷൻ 11 |
| 15 | ചൊവ്വ | **ആവിലായിലെ വി. ത്രേസ്യ** |
| 16 | ബുധൻ | **വാ. കുഞ്ഞച്ചൻ** |
| 18 | വെള്ളി | **വി. ലൂക്ക** |
| | | **പൗരോഹിത്യ സ്വീകരണ ദിനം – മാർ പോൾചിറ്റിലപ്പിള്ളി** |
| 19 | ശനി | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവധ്യാനം (19–24) |
| | | ക്രിസ്റ്റീൻ: റോസറി മീറ്റ് – കോഴിക്കോട്, താമരശ്ശേരി |
| 20 | ഞായർ | **മിഷൻഞായർ**, PBI: ഫൊറോന ദൈവശാസ്ത്ര പഠന ശിബിരം |
| | | ജീസസ്സ് യൂത്ത്: എമ്മാവൂസ് കോഴ്സ് സെഷൻ 12 |
| 26 | ശനി | **വി. യൂദാ തദേവൂസ്** |
| | | ബഥാനിയ: **അഖണ്ഡ ജപമാല സമർപ്പണം** – സമാപനം |
| | | മലബാർ വിഷൻ എഡിറ്റോറിയൽ മീറ്റിംഗ് |
| | | ക്രിസ്റ്റീൻ: റോസറി മീറ്റ് – കൂരാച്ചുണ്ട്, മലപ്പുറം |
| 27 | ഞായർ | ജീസസ്സ് യൂത്ത്: കാമ്പസ് കോർ ടീം ഗാതറിംഗ് |
| | | എമ്മാവൂസ് കോഴ്സ് സെഷൻ 13 |
| 29 | ചൊവ്വ | **പ്രസ്ബിറ്ററൽ കൗൺസിൽ** |

സർക്കുലർ 12/2019

# ജപമാല ഭക്തി

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ജപമാല രാജ്ഞിയുടെ തിരുനാൾ ആഘോഷിക്കുന്ന ഒക്ടോബർ മാസം ജപമാല മാസമായി നാം ആചരിക്കുകയാണല്ലോ. അതിലൂടെ ദൈവമാതാവിനോടുള്ള സ്നേഹവും ബഹുമാനവും നാം പ്രകടി പ്പിക്കുന്നു. ആത്മീയ ജീവിതത്തിൽ അഭിവൃദ്ധിപ്പെടാൻ ആഗ്രഹിക്കുന്ന വ്യക്തികൾ വളർത്തി എടുക്കേണ്ട ഒരു സുകൃതമാണ് ദൈവമാതൃ ഭക്തി. അത് അഭ്യസിക്കുവാൻ ഏറ്റവും ഫലപ്രദമായ സമയമാണ് ഒക്ടോബർ മാസം. പരിശുദ്ധ അമ്മയോടുള്ള ഭക്തിയെക്കുറിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസ് രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാ രമാണ്. "സഭയിൽ എക്കാലത്തും നിലനിന്നുപോന്നിട്ടുള്ള മാതാവി നോടുള്ള വണക്കം, മനുഷ്യാവതാരം ചെയ്ത പുത്രനും, തന്റെ പിതാ വായ ദൈവത്തിനും, പരിശുദ്ധാത്മാവിനും നൽകുന്ന ആരാധനയിൽ നിന്നും വ്യത്യസ്തമാണ്. എങ്കിലും മാതാവിനോടുള്ള വണക്കം ഈ ആരാധനയ്ക്ക് സഹായകമാകുന്നു എന്നുള്ളതാണ് സത്യം".

സാധാരണ രീതിയിൽ ഭക്തിക്ക് മൂന്ന് രൂപങ്ങളുണ്ട്. ആരാധന (Latria), ഉന്നത വണക്കം (Hyperdulia), വണക്കം (Dulia). ലത്തീൻ പദമായ ലാത്രിയ ദൈവത്തിന് മാത്രം നൽകപ്പെടുന്ന ആരാധനയെ സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നത്. വിശുദ്ധർക്കും മാലാഖ മാർക്കും നൽകുന്ന ആദരവിന് ലത്തീനിൽ ദൂളിയ (Dulia) എന്ന് വിളിക്കും. പരിശുദ്ധ കന്യകാമറിയത്തിന് സഭയിൽ നൽകപ്പെടുന്ന ഉന്നതമായ ആദരവിനെ (വണക്കത്തിന്) ഹൈപ്പർദൂളിയ എന്നാണ് വിശേഷിപ്പിക്കുക. വിശുദ്ധർക്കും മാലാഖമാർക്കും ഉള്ളതിനെക്കാൾ ഉന്നതമായ സ്ഥാനവും പദവിയുമാണ് നമ്മുടെ അമ്മയ്ക്ക് ദൈവതിരുമുൻപിൽ ഉള്ളത്. 'ജനതകളുടെ പ്രകാശം' എന്ന പ്രമാണ രേഖയുടെ 54-ാം ഖണ്ഡികയിൽ പറയുന്നു. "വിശുദ്ധ സഭയിൽ മിശിഹാ കഴിഞ്ഞാൽ സർവ്വോന്നത സ്ഥാനം അലങ്കരിക്കുന്നവളും നമുക്ക് ഏറ്റവും സമീപസ്ഥയുമാണ് മാതാവ്". പ്രമാണരേഖയുടെ 66-ാം ഖണ്ഡികയിൽ വീണ്ടും പറയുന്നു. "അമ്മ ബഹുമാനിക്കപ്പെടു മ്പോൾ എല്ലാം ആർക്ക് വേണ്ടിയാണോ (കൊളോ. 1:15-16) ആരിൽ സർവ്വസമ്പൂർണ്ണതയും നിവസിക്കണമെന്ന് പിതാവ് മനസാകുന്നുവോ (കൊളോ. 1:19) ആ പുത്രൻ വേണ്ടവിധം അറിയപ്പെടുകയും സ്നേഹി ക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും അവന്റെ കൽപ്പനകൾ പാലിക്കപ്പെടുകയും ചെയ്യുന്നു".

അതുകൊണ്ട് പരിശുദ്ധ അമ്മയെ കൂടുതലായി സ്നേഹി ക്കുകയും

ബഹുമാനിക്കുകയും വണങ്ങുകയും ചെയ്യുന്നതിലൂടെ മഹത്വപ്പെടുന്നത് പുത്രനായ ഈശോയാണെന്ന സത്യം നമുക്ക് മനസ്സിലാക്കാം. വിശുദ്ധ ജോൺ മരിയ വിയാനി പറയുന്നു "മാതാ വിനെ എത്ര ആഴത്തിൽ സ്നേഹിക്കാനും തെല്ലും ഭയപ്പെടേണ്ടതില്ല. കാരണം എത്ര സ്നേഹിച്ചാലും ആരും ഈശോ സ്നേഹിച്ചതു പോലെ അവളെ സ്നേഹിക്കില്ല". പരിശുദ്ധ മറിയത്തിന്റെ നേർക്കുള്ള ഭക്തി, സ്നേഹം, ബഹുമാനങ്ങൾ എന്നിവ പ്രകടിപ്പിക്കുന്നതിന്, തിരുസഭയിൽ സർവ്വ പ്രധാനമായ സ്ഥാനം ജപമാലയ്ക്കാണ്. ഒക്ടോബർ മാസം ജപമാല മാസമായി കത്തോലിക്കസഭ ആചരിച്ചു പോരുന്നു. മിശിഹായുടെ രക്ഷാകര ജീവിതത്തോട് ബന്ധിക്കുന്ന ജപമാലയിലെ 20 രഹസ്യങ്ങൽ, ഓരോ രഹസ്യങ്ങളും ധ്യാനാത്മ കമാക്കുന്നത് വഴി ക്രിസ്തുരഹസ്യം സ്വാംശീകരിക്കുവാൻ നമ്മൾക്ക് സാധിക്കുന്നു. വി. ജോൺ പോൾ രണ്ടാമൻ പാപ്പ പറയുന്നു. "ജപമാല എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥനയാണ്. മറിയത്തോട് കൂടി ഈശോയുടെ തിരുമുഖത്തെപ്പറ്റിയുള്ള ധ്യാനാത്മക പ്രാർത്ഥന യാണിത്". ധ്യാനമാണ് ജപമാല പ്രാർത്ഥനയ്ക്ക് അർത്ഥവും ആത്മാവും നൽകുന്നത്. ധ്യാനമില്ലാത്ത ജപമാല പ്രാർത്ഥന വെറും അധരവ്യായമം പോലെയാണ്. ജപമാല ധ്യാനാത്മകമാക്കുന്നത് വചനം ധ്യാനിക്കുന്നതിന് തുല്യമാണ്. കാരണം ജപമാല പ്രാർത്ഥന സുവിശേഷങ്ങളുടെ സംഗ്രഹമാണ്. 'കന്യകാമറിയത്തിന്റെ ജപമാല' എന്ന അപ്പസ്തോലിക ലേഖനത്തിൽ വി. ജോൺ പോൾ രണ്ടാമൻ പാപ്പ ഇങ്ങനെ എഴുതി. "ജപമാലയ്ക്ക് വ്യക്തമായും മരിയൻ സ്വഭാവം ഉണ്ടെങ്കിലും അത് ക്രിസ്തു കേന്ദ്രീകൃതമായ പ്രാർത്ഥനയാണ്. സുവിശേഷത്തിന്റെ അന്തഃസത്ത മുഴുവൻ അതിൽ അടങ്ങിയി രിക്കുന്നു. രക്ഷകൻ മറിയത്തിന്റെ ഉദരത്തിൽ മനുഷ്യാവതാരം എടുത്തപ്പോൾ അവൾ പാടിയ സ്തോത്രഗീതത്തിന്റെ പ്രതി ധ്വനിയാണ് ജപമാല".

റോസറി (Rosary) എന്ന പദം റൊസാരിയും (Rosarium) എന്ന ലത്തീൻ പദത്തിൽ നിന്ന് ഉത്ഭവിച്ചതാണ്. അതിനർത്ഥം റോസാ പൂക്കളുടെ കൂട്ടം എന്നാണ്. ജപമാല പ്രാർത്ഥനയെ സ്വർഗ്ഗത്തിലുള്ള പരിശുദ്ധ അമ്മയ്ക്ക് നൽകുന്ന റോസാപൂക്കളുടെ സമ്മാനമായി നമുക്ക് വിലയിരുത്താം. കൊന്ത എന്നവാക്ക് യഥാർത്ഥത്തിൽ പോർച്ചുഗീസ് വാക്കാണ്. എണ്ണി പ്രാർത്ഥിക്കാനുള്ള ഉപകരണമെന്നാണതിനർത്ഥം.

1214 ൽ പരിശുദ്ധ കന്യകാമറിയം വിശുദ്ധ ഡൊമിനിക്കിന് പ്രത്യക്ഷപ്പെടുകയും, ജപമാല ഭക്തി പ്രചരിപ്പിക്കാൻ ആവശ്യ പ്പെടുകയും ചെയ്തു. അങ്ങനെ ചെയ്താൽ അൽബിജെനേസിയൻ പാഷണ്ഡതയിൽ നിന്ന് വളരെ പേരെ മാനസാന്തരപ്പെടുത്താമെന്നും അദ്ദേഹം സ്ഥാപിച്ച ഡൊമിനിക്കൻ സഭ അഭിവൃദ്ധിപ്പെടുമെന്നും പരിശുദ്ധ മറിയം ഡൊമിനിക്കിനോട് വാഗ്ദാനം ചെയ്തു. വി. ഡൊമി നിക്ക് തന്റെ ശിഷ്യകാലം ജപമാലഭക്തി പ്രചരിപ്പിക്കുന്നതിന് മാറ്റിവച്ചു. അതിനായി അദ്ദേഹം ഒട്ടേറെ

ജപമാല സഖ്യങ്ങൾ സ്ഥാപിച്ചു. ജപമാല സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയാണ്, അനുഗ്രഹങ്ങളുടെ നിധിയാണ്, സാത്താനെതിരായുള്ള ആയുധമാണ്, വിസ്മയകരമായ പ്രാർത്ഥനയാണ് എന്നെല്ലാം മാർപ്പാപ്പമാരിലൂടെയും വിശുദ്ധരി ലൂടെയും നാം മനസ്സിലാക്കുന്നു.

1917 ൽ ഒന്നാം ലോകമഹായുദ്ധത്തിന്റെ കാലഘട്ടത്തിൽ, പോർച്ചുഗലിൽ ഫാത്തിമ എന്ന സ്ഥലത്ത് ലൂസി, ജസീന്ത, ഫ്രാൻ സീസ് എന്നീ കുട്ടികൾക്ക് പലപ്രാവശ്യം പ്രത്യക്ഷപ്പെട്ടുകൊണ്ട് മാതാവ് പറഞ്ഞു. "ഞാൻ ജപമാല രാജ്ഞിയാണ്. ജനങ്ങളുടെ ജീവിതത്തെ നവീകരിക്കുവാനും, മാപ്പിരക്കുവാനും, വിശ്വാസികൾക്ക് മുന്നറിയിപ്പ് നൽകുവാനുമാണ് ഞാൻ വന്നിരിക്കുന്നത്. മനുഷ്യൻ ദൈവദ്രോഹം അവസാനിപ്പിച്ച് അവിടുത്തെ സ്നേഹിക്കാൻ തുടങ്ങട്ടെ. അതുകൊണ്ട് ഭക്തിപൂർവ്വം ജപമാല ചൊല്ലി പ്രാർത്ഥിക്കുക".

നമുക്കും പ്രാർത്ഥനാപൂർവ്വം ജപമാലകൾ കയ്യിലെടുക്കാം. മാതൃഭക്തി കുടുംബത്തിൽ നിന്ന് തന്നെയാണ് തുടങ്ങേണ്ടത്. മാതാപിതാക്കളുടെ പ്രാർത്ഥനകളും മാതൃകയും, ഒരുമിച്ചുള്ള ജപമാല പ്രാർത്ഥനയും കുടുംബങ്ങളെ കൂടുതൽ ക്രിസ്തീയമാക്കുകയും സമാധന പൂർണ്ണമാക്കുകയും ചെയ്യും. നമ്മുടെ പൂർവ്വികരുടെ ആത്മീയ തയുടെ അടിത്തറയും ജപമാല ഭക്തിയായിരുന്നു.

നമ്മുടെ രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ നടക്കുന്ന 101 ദിവസത്തെ അഖണ്ഡജപമാല സമർപ്പണത്തിൽ, നിങ്ങൾ പങ്കെടുത്തു കാണുമല്ലോ. പങ്കെടുക്കാത്തവർ വ്യക്തികളായും ഗ്രൂപ്പുകളായും പങ്കെടുക്കുവാനും, കുടുംബത്തിന്റെയും, നമ്മുടെ രൂപതയുടെയും, സഭയുടെയും നിയോഗങ്ങൾ, അമ്മയുടെ കരങ്ങൾ വഴി ദൈവത്തിനു സമർപ്പിക്കുവാനും ശ്രമിക്കണം. ദൈവാലയത്തിൽ നടക്കുന്ന 10 ദിവസത്തെ ജപമാലദിവസങ്ങളിൽ പങ്കെടുത്ത് കുടുംബ കൂട്ടായ്മ യുടെ നേതൃത്വത്തിൽ ജപമാല ചൊല്ലണം. വീട്ടിലും പത്തു ദിവസം പ്രത്യേകം ജപമാല ചൊല്ലണം.

പലവിധ വെല്ലുവിളികളിലൂടെ കടന്നുപോകുന്ന നമ്മുടെ കുടുംബങ്ങളും യുവജനങ്ങളും നവീകരിക്കപ്പെടാനും വിശുദ്ധീകരി ക്കപ്പെടാനുമുള്ള ഏറ്റവും നല്ല ഉപാധി ജപമാല ധ്യാനാത്മകമായി പ്രാർത്ഥിക്കുക എന്നതാണ്. എത്ര തിരക്കുപിടിച്ച ജീവിതത്തി നിടയിലും, ചൊല്ലാവുന്ന ഒരു പ്രാർത്ഥനയാണ് ജപമാല. ജോലി ചെയ്യുമ്പോഴും, യാത്ര ചെയ്യുമ്പോഴും, രോഗശയ്യയിലായിരിക്കു മ്പോഴും, ഒഴിവുസമയം കിട്ടുമ്പോഴുമെല്ലാം നമുക്ക് ജപമാല ചൊല്ലി അമ്മയുടെ വിമലഹൃദയത്തിന് സമർപ്പിക്കാൻ സാധിക്കും.

കൂടാതെ ഈ ഒക്ടോബർ മാസത്തിൽ വി. കുർബാനയിൽ പങ്കെടുത്ത്, ദിവ്യകാരുണ്യത്തിന് മുന്നിലിരുന്ന് 10 ദിവസം ജപമാല ചൊല്ലുന്നതിലൂടെ

സഭ നമുക്ക് വാഗ്ദാനം ചെയ്യുന്ന ദണ്ഡവിമോചന ങ്ങൾ സ്വന്തമാക്കാൻ നമുക്ക് പരിശ്രമിക്കാം.

വി. അൽഫോൻസ് ലിഗോരി പറയുന്നു. "എല്ലാ അനുഗ്രഹങ്ങളും ദൈവത്തിൽ നിന്ന് വരുന്നു. എന്നാൽ എല്ലാം അമ്മ വഴി വിതരണം ചെയ്യപ്പെടുന്നു". പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം വഴി ധാരാളം ദൈവാനുഗ്രഹങ്ങൾ നേടാൻ എല്ലാവർക്കും ഈ ജപമാല മാസം കാരണമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

---

NB: ഈ സർക്കുലർ 2019 ഒക്ടോബർ 6-ാം തീയതി വി.കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.



സർക്കുലർ 13/2019

# ഫ്രാൻസിസ്കൻ അത്മായസഭ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

വി. ഫ്രാൻസീസ് അസ്സീസിയെപ്പറ്റിയും അദ്ദേഹം സ്ഥാപിച്ച മൂന്നാം സഭ എന്നറിയപ്പെടുന്ന ഫ്രാൻസിസ്കൻ അത്മായസഭയെപ്പ റ്റിയും ഏവർക്കും അറിവുള്ളതാണല്ലോ. ഫ്രാൻസിസ്കൻ അത്മായ സഭയെ നമ്മുടെ രൂപതയിൽ കൂടുതലായി പ്രചരിപ്പിക്കുന്നതിനു വേണ്ടി ഏതാനും ചില കാര്യങ്ങൾ അറിയിക്കുകയാണ്.

ക്രൈസ്തവരായ നാമെല്ലാവരും സ്വർഗ്ഗസ്ഥനായ പിതാവിനെ പ്പോലെ സ്നേഹത്തിൽ പരിപൂർണ്ണരാകണമെന്നതാണല്ലോ ദൈവത്തിന്റെ തിരുമനസ്സ് (മത്താ. 5,48). അതിനു നാമെല്ലാവരും സ്നേഹത്തിന്റെ പൂർണ്ണതയായ മിശിഹായോട് അനുരൂപരായി ത്തീരണം. ഈശോ തന്നെ പറയുന്നു: “ഞാൻ നിങ്ങൾക്കൊരു പുതിയ പ്രമാണം തരുന്നു, എന്തെന്നാൽ ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ” (യോഹ. 3.34). സകല ക്രൈസ്തവരും ഈശോയെ അനുകരിക്കാനും സുവിശേഷം അനുസരിച്ച് ജീവിക്കാനും കടപ്പെട്ടവരാണ്. എന്നാൽ പലപ്പോഴും അതുപോലെ സംഭവിക്കുന്നില്ല. തൽഫലമായി ക്രൈസ്തവ ജീവിതം വെറും നാമമാത്ര ക്രൈസ്തവജീവിതമായി അധഃപതിക്കുന്നു. ഇങ്ങനെയുള്ള ക്രൈസ്തവജീവിതത്തിന്റെ നവീകരണത്തിനായി രണ്ടാം വത്തിക്കാൻ സൂനഹദോസ് നിർദ്ദേശിക്കുന്നത് ഉറവിടങ്ങളി ലേക്കും സ്ഥാപകരിലേക്കും മടങ്ങുക എന്നതാണ്. അതായത് സുവി ശേഷങ്ങളിലേക്കും മിശിഹായിലേക്കും മടങ്ങുക. ഇതുതന്നെയാണ് വി. ഫ്രാൻസീസ് 8 നൂറ്റാണ്ടുകൾക്ക് മുമ്പ് ചെയ്തത്. അദ്ദേഹം ദരിദ്രനും വിനീതനും ക്രൂശിതനുമായ മിശിഹായെ അനുകരിച്ചു. സുവിശേഷം അക്ഷരംപ്രതി അനുസരിച്ചു. അതിൽ പൂർണ്ണവിജയം പ്രാപിച്ചു. അങ്ങനെ അദ്ദേഹം രണ്ടാം ക്രിസ്തുവെന്ന അപരനാമ ത്തിൽ അറിയപ്പെട്ടു. വി. ഫ്രാൻസീസിന്റെ വിശ്വസാഹോദര്യത്തെപ്പറ്റി നമ്മൾ കേട്ടിട്ടുള്ളതാണല്ലോ. സകലചരാചരങ്ങളെയും അദ്ദേഹം സ്നേഹിച്ചു, സഹോദരാ സഹോദരീ എന്ന് അവയെ വിളിച്ചു. അദ്ദേഹ ത്തിന്റെ ജീവിതം തന്നെ ഒരു തുറന്ന സുവിശേഷ പുസ്തകമായി മാറി.

## മൂന്നാം സഭയുടെ സ്ഥാപനം

ഫ്രാൻസീസിലുണ്ടായ ഈ പരിവർത്തനം അനേകരെ ആകർ ഷിച്ചു. ആ മാതൃക സ്വീകരിക്കാൻ അവർ പ്രേരിതരായി. അവിവാഹി തരായ യുവാക്കൾക്കുവേണ്ടി ഫ്രാൻസിസ്കൻ ഒന്നാം സഭയും യുവതികൾക്കുവേണ്ടി രണ്ടാം സഭയും സ്ഥാപിച്ചു. അനേകർ അതിൽ ചേർന്നു. അവർക്കുണ്ടായ വലിയ മാറ്റം കണ്ടുകൊണ്ട് കുടുംബ ജീവിതക്കാരായ, വിവാഹിതരായ ആളുകൾക്കും അവരോടൊപ്പം ചേരണമെന്ന് വലിയ ആഗ്രഹമുണ്ടായി. അവർക്കുവേണ്ടി 1221-ൽ സ്ഥാപിച്ചതാണ് ഫ്രാൻസിസ്കൻ അത്മായസഭ അഥവാ മൂന്നാം സഭ. അത് അതിവേഗം ലോകമെങ്ങും വ്യാപിച്ചു.

## കുടുംബ ജീവിതക്കാരുടെ സന്യാസസഭ

ഇത് ഒരു സാധാരണ സംഘടനയല്ല. അത്മായർക്കുവേണ്ടി യുള്ള സഭ എന്നതാണ് ഇതിന്റെ പ്രത്യേകത. സമ്പത്ത്, സ്വാതന്ത്ര്യം, വിവാഹം തുടങ്ങിയവ ഉപേക്ഷിക്കാതെ, ക്രമമായ ജീവിതത്തിലൂടെ ദാരിദ്ര്യം, ദാമ്പത്യവിശുദ്ധി, അനുസരണം എന്നീ വ്രതങ്ങൾ അനു ഷ്ഠിച്ച് അവർക്കും തങ്ങളെത്തന്നെ വിശുദ്ധീകരിക്കാം. കുടുംബ ജീവിതം നയിക്കുന്നവർക്കും വിശുദ്ധരാകാം, പുണ്യപരിപൂർണ്ണത പ്രാപിക്കാം, പ്രേഷിത പ്രവർത്തനം നടത്താം, ദൈവരാജ്യം സ്ഥാപി ക്കാം എന്ന് ഫ്രാൻസിസ്കൻ മൂന്നാം സഭ തെളിയിച്ചു. സുവിശേഷ ചൈതന്യത്തിൽ അവർ എവിടെ ജീവിച്ചാലും ലോകത്തെ അതിനു ള്ളിലിരുന്ന് വിശുദ്ധീകരിക്കാൻ അവർക്കു കഴിയും. ഇതാണ് യഥാർ ത്ഥമായ അത്മായ പ്രേഷിതത്വം. മൂന്നാം സഭയുടെ സകല നിയമ ങ്ങളും, ഭരണക്രമവും, പ്രാർത്ഥനയും സന്ന്യാസ സഭകളുടേതു പോലെയാണ്. ലൗകികജീവിത വ്യഗ്രതയിൽപെട്ടുഴലുന്നവർക്ക് ക്രൈസ്തവ പരിപൂർണ്ണത സുഗമമാക്കാനുള്ള ഒരു മാർഗ്ഗം കാണിച്ചു കൊടുക്കുവാൻവേണ്ടി വി. ഫ്രാൻസീസ് അത്മായർക്കുവേണ്ടി സ്ഥാപിച്ച സന്യാസസഭയാണിത്.

യഥാർത്ഥ വിശുദ്ധി പ്രാപിക്കാനുള്ള മാർഗ്ഗമായി കണ്ട് 1289-ൽ നാലാം നിക്കൊളാസ് മാർപ്പാപ്പാ മൂന്നാം സഭയെ രേഖാമൂലം അംഗീ കരിച്ചു. മൂന്നു ചാക്രികലേഖനങ്ങളും 200-ൽ പരം തിരുവെഴുത്തുകളും മൂന്നാം സഭയെപ്പറ്റി പ്രസിദ്ധം ചെയ്തിട്ടുണ്ട്. മറ്റു പല മാർപാപ്പമാരും ഈ സഭയെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തു പറഞ്ഞിട്ടുണ്ട്.

മൂന്നാം സഭയ്ക്ക് രണ്ട് വിഭാഗങ്ങൾ ഉണ്ട്. സന്ന്യാസ മൂന്നാം സഭയും അത്മായ മൂന്നാം സഭയും. അനേകം വൈദികരും ബ്രദേഴ്സും സിസ്റ്റേഴ്സും സന്യാസ മൂന്നാം സഭയിലെ അംഗങ്ങളാണ്. അവരെ ല്ലാവരും വി. ഫ്രാൻസീസിന്റെ നിയമാവലിയും മാതൃകയും സ്വീകരിച്ചിട്ടുണ്ട്. അവരിൽ

അനേകർ വിശുദ്ധരായി. വി. അൽഫോ ൻസാമ്മയും ഫ്രാൻസിസ്കൻ മൂന്നാം സഭയിലെ അംഗമായിരുന്നു. തിരുസഭയിലെ സന്യാസ സഭകളിൽ ഒരു വലിയ ഭാഗം ഫ്രാൻസി സ്കൻ കുടുംബത്തിൽപ്പെട്ടവരാണ്.

ഫ്രാൻസിസ്കൻ അത്മായ സഭയുടെ യൂണിറ്റുകൾ നമ്മുടെ എല്ലാ ഇടവകകളിലും ആരംഭിക്കുകയും കഴിയുന്നിടത്തോളം ഇടവ കാംഗങ്ങൾ അതിൽ അംഗങ്ങളായി ചേരുകയും ചെയ്യണമെന്നാണ് എന്റെ ആഗ്രഹം. ബഹു. വികാരിയച്ചന്മാർ ഇക്കാര്യത്തിൽ മുൻകൈ എടുക്കണം. നമ്മുടെ ഇടവകാംഗങ്ങളെ മുഴുവൻ സുവിശേഷ ചൈതന്യത്തിൽ വി. ഫ്രാൻസീസിന്റെ അരൂപിയിൽ നവീകരി ക്കുന്നതിന് അത് സഹായകമാകും. മറ്റു സംഘടനകൾ ഇടവകയിൽ ഉണ്ടെന്നുള്ള പേരിൽ ഫ്രാൻസിസ്കൻ അത്മായസഭ ആരംഭിക്കു ന്നതിന് മടിക്കരുത്. ഇത് ജീവിത വിശുദ്ധീകരണത്തിനുള്ളതാണ്, അതുകൊണ്ട് ഇതിലുള്ളവർക്ക് മറ്റ് ഏത് സംഘടനയിലും ചേർന്ന് പ്രവർത്തിക്കാവുന്നതാണ്. മറ്റു സംഘടനകളിലുള്ളവർക്കും ഇതിൽ ചേർന്ന് പ്രവർത്തിക്കാം. ഏവരുടേയും ആത്മവിശുദ്ധീകരണത്തിന് ഉപകരിക്കുകയും ചെയ്യും.

മിശിഹായെ സ്നേഹിക്കുന്ന, സഭാനവീകരണത്തിന് താത്പ ര്യമുള്ള എല്ലാവരും രണ്ടാം ക്രിസ്തുവായ വി. ഫ്രാൻസീസിനെ സ്നേഹിക്കുകയും സഭാനവീകരണത്തിനുള്ള അദ്ദേഹത്തിന്റെ അത്മായസഭയെ പ്രോത്സാഹിപ്പിക്കുകയും വേണം.

ഓരോ ഇടവകയിലേയും മൂന്നാം സഭായൂണിറ്റിന്റെ ലോക്കൽ ഡയറക്ടർ, അഥവാ ആദ്ധ്യാത്മിക ഉപദേഷ്ടാവ് ബഹു. വികാരി യച്ചനാണ്. അതുകൊണ്ടു മൂന്നാം സഭയുടെ മാസ മീറ്റിംഗിൽ സംബന്ധിക്കുന്നതിനും വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും കൊടുത്തു പ്രോത്സാഹിപ്പിക്കുന്നതിനും ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെ തന്നെ ഇടവകയിൽ സമർപ്പി തരുണ്ടെങ്കിൽ പ്രത്യേകിച്ച് സിസ്റ്റേഴ്സ് ഇവരെ പ്രോത്സാഹിപ്പിക്കു ന്നതിൽ വളരെ താല്പര്യം കാണിക്കണം. ഒരാളെ ഇവരുടെ ആത്മീയ നേതൃത്വത്തിനായി നിയമിക്കുന്നത് നന്നായിരിക്കും. വി. ഫ്രാൻസീ സിനെപ്പോലെ ഈശോയെ അനുകരിക്കുന്നതിനും അങ്ങനെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ പരി പൂർണ്ണരാകുന്നതിനും ഫ്രാൻസിസ്കൻ അത്മായ സഭ എല്ലാവരേയും സഹായിക്കും.

കഴിഞ്ഞ മൂന്നു വർഷങ്ങളിലായി അത്മായസഭയുടെ പ്രവർത്ത നങ്ങൾ നമ്മുടെ രൂപതയിൽ കപ്പൂച്ചിൻ സഭാംഗമായ ഫാ. ജോൺ ബോസ്കോയുടെ നേതൃത്വത്തിൽ ശക്തിപ്പെട്ടുവരികയായിരുന്നു. അതിന്റെ ഫലമായി ഏകദേശം

30-ഓളം സംഘങ്ങൾ ഇന്ന് സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഫ്രാൻസിസ്കൻ അത്മായ സഭാ നേതൃത്വം നിങ്ങളെ സമീപിക്കുമ്പോൾ എല്ലാ പിന്തുണയും നല്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

2019 സെപ്റ്റംബർ 14-ാം തീയതി പേരാമ്പ്രയിൽ വച്ച് നടന്ന പനമ്പ് സമ്മേളനത്തിൽ വച്ച് താമരശ്ശേരി രൂപതയിലെ പ്രഥമ റീജിയൻ രൂപീകൃതമായ കാര്യം ഞാൻ നിങ്ങളെ അറിയിക്കുന്നു.

സ്നേഹപൂർവ്വം,

+Remigius

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2019 ഒക്ടോബർ 13-ാം തീയതി വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

---

Ref. 3220/K-5/KCBC/OL/DS

# അസാധാരണ പ്രേഷിത മാസത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

**യേശുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

ന2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി (Eximius Missionis Mensis) പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. “ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: പ്രേഷിതദൗത്യവുമായി ക്രിസ്തുവിന്റെ സഭ ലോകത്തിൽ” (Baptized and Sent: The Church of Christ on Mission in the World) എന്നതാണ് ഈ മാസത്തിന്റെ വിചിന്തനവിഷയമായി തിരുസഭ നല്കിയിട്ടുള്ളത്. 1919-ൽ ബെനഡിക്ട് 15-ാമൻ

പാപ്പാ പ്രസിദ്ധീകരിച്ച *മാക്സിമൂം ഇല്ലൂദ്* ("ഏറ്റവും വലിയ ആ കാര്യം") എന്ന പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള ചാക്രികലേഖനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ചാണ് ഇപ്രകാരമൊരു പ്രഖ്യാപനം ഫ്രാൻസിസ് പാപ്പാ നടത്തിയിട്ടുള്ളത്.

ഒന്നാം ലോകമഹായുദ്ധത്തിന്റെ ഭീകരമായ കെടുതികളിൽനിന്ന് ഉയിർത്തെഴുന്നേല്ക്കാൻ ലോകജനതയെ സഹായിക്കാനുള്ള സഭയുടെ ദൗത്യം തിരിച്ചറിഞ്ഞാണ് ബെനഡിക്ട് 15-ാമൻ പാപ്പാ തന്റെ അപ്പസ്തോലിക ലേഖനത്തിലൂടെ സഭയുടെ പ്രേഷിതദൗത്യത്തിന് പുതിയൊരു മുഖവും നവചൈതന്യവും നല്കാൻ ശ്രമിച്ചത്. അദ്ദേഹം ഇപ്രകാരം ആഹ്വാനം ചെയ്യുന്നു: "കാരുണ്യവാനായ ദൈവത്തിന്റെ ഒരു പ്രത്യേക അനുഗ്രഹം മൂലം സത്യവിശ്വാസം ലഭിക്കുകയും അതിന്റെ നിരവധി അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുന്നവർ, മിഷൻ വേലകളെ സഹായിക്കുക പരിശുദ്ധമായ ഒരു കടമയാണെന്ന് അവഗാഢം ചിന്തിക്കട്ടെ. എന്തുകൊണ്ടെന്നാൽ സ്വന്തം സഹോദരങ്ങളെ സംബന്ധിക്കുന്ന ഒരു പ്രമാണം ദൈവം എല്ലാവർക്കുമായി നല്കിയിരിക്കുന്നു." കൊളോണിയലിസത്തിന്റെ തേർവാഴ്ച്ചകളിൽ തമസ്കരിക്കപ്പെട്ട ദൈവവിശ്വാസവും മാനവികതയും സുവിശേഷവെളിച്ചത്തിൽ പുനഃസ്ഥാപിക്കാൻ സുവിശേഷവത്കരണം മാത്രമാണ് ഏകമാർഗമെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. ഈ പ്രബോധനത്തിന്റെ വെളിച്ചത്തിൽ അക്കാലത്ത് തിരുസഭ നടത്തിയ പ്രേഷിത പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

"തീർത്ഥാടക സഭ സ്വഭാവത്താൽതന്നെ പ്രേഷിതയാണ്. കാരണം അവൾ പിതാവായ ദൈവത്തിന്റെ നിശ്ചയമനുസരിച്ച് പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രേഷണത്തിൽ നിന്നാണ് ജന്മമെടുക്കുന്നത്" (AG 2). "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ" (മത്താ 28:19-20) എന്ന യേശുക്രിസ്തുവിന്റെ ആഹ്വാനമാണ് സഭയുടെ പ്രേഷിതദൗത്യത്തിന് അടിസ്ഥാനം. ക്രിസ്തു തന്റെ സഭയെ ഏല്പിച്ച ഈ ദൗത്യം ക്രിസ്തുവിന്റെതന്നെ ദൗത്യത്തിന്റെ തുടർച്ചയാണ്. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21) എന്നാണ് യേശു തന്റെ ശിഷ്യരോടു പറഞ്ഞത്.

ദിവ്യഗുരുവിന്റെ ആഹ്വാനം സ്വീകരിച്ച അപ്പോസ്തോലൻമാരും ഇതര ശിഷ്യരും അന്ന് അറിയപ്പെട്ടിരുന്ന ലോകത്തിലെല്ലായിടത്തും ആ സ്നേഹ സന്ദേശം എത്തിക്കാൻ ത്യാഗപൂർവ്വം കടന്നുചെന്നു. എന്നാൽ പ്രേഷിതപ്രവർത്തനം അക്കാലത്തും എളുപ്പമായിരുന്നില്ലെന്ന് ചരിത്രം സാക്ഷ്യം നല്കുന്നു. ക്രിസ്തുശിഷ്യർ ധാരാളം എതിർപ്പുകൾ നേരിടുകയും മർദ്ദനങ്ങളും പീഡനങ്ങളും സഹിക്കുകയും അനേകർ സ്വജീവൻ ബലി

യായി അർപ്പിക്കുകയും ചെയ്യേണ്ടിവന്നു. വിശുദ്ധ പൗലോസ് അപ്പസ്തോലൻ ഏഷ്യമൈനർ, ഗ്രീസ്, ടർക്കി തുടങ്ങിയ ദേശങ്ങളിലെല്ലാം ചുറ്റിസഞ്ചരിച്ച് സുവിശേഷം പ്രചരിപ്പിച്ചു. അക്കാലത്ത് സഭാംഗങ്ങൾക്കിടയിലുണ്ടായിരുന്ന വഴക്കുകൾ തീർക്കുന്നതിനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും വിശ്വാസത്തിൽ അവരെ ഉറപ്പിക്കുന്നതിനും വേണ്ടി അദ്ദേഹം സുദീർഘങ്ങളായ ലേഖനങ്ങൾ എഴുതി.

പ്രഥമ പ്രേഷിതരായ അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരോടു ചേർന്ന് ദൈവജനം മുഴുവനിലൂടെയുമാണ് പ്രേഷിതദൗത്യം സഭയിൽ നിർവഹിക്കപ്പെടുന്നത്. പരിശുദ്ധ പിതാക്കന്മാർ കാലാകാലങ്ങളിൽ തങ്ങളുടെ പ്രബോധനങ്ങൾ വഴി അജഗണങ്ങളെ ഇക്കാര്യം അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒമ്പതാം പീയൂസ് പാപ്പാ *ഓപ്പൂസ് ദിവിനീസ്സിമും (“ഏറ്റവും മഹത്തായ ദിവ്യകർമ്മം”)* എന്ന ചാക്രികലേഖനത്തിൽ പറയുന്നതുപോലെ, “എല്ലാ കത്തോലിക്കാ പ്രവർത്തനങ്ങളിലും വച്ച് ഏറ്റം മഹത്തും പരിശുദ്ധവുമായത് മിഷനറി പ്രവർത്തനങ്ങളാണ്. ഓരോ വിശ്വാസിക്കും താൻ സ്വീകരിച്ച വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കടമയുണ്ട്.” രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വൈദികർക്കായുള്ള രേഖയിലും ഇക്കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്: “മുഴുവൻ ശരീരത്തിന്റെയും ദൗത്യത്തിൽ പങ്കുവഹിക്കാത്ത ഒരു അവയവവുമില്ല. പ്രത്യുത, ഓരോ അംഗവും സ്വഹൃദയത്തിൽ യേശുവിനെ വാഴ്ത്താനും പ്രവചനത്തിന്റെ ആത്മാവാൽ അവിടത്തേക്ക് സാക്ഷ്യം വഹിക്കാനും കടപ്പെട്ടിരിക്കുന്നു” (PO 2).

“സുവിശേഷത്തിന്റെ ആനന്ദം” എന്ന അപ്പോസ്തോലികാഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പായും ഇക്കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്: “സുവിശേഷം സ്വീകരിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്കു കടമയുണ്ട്” (EG 14). അതുകൊണ്ട്, “നമുക്ക് നിസ്സംഗതയോടെ പള്ളിക്കെട്ടിടങ്ങളിൽ സ്വസ്ഥമായി കാത്തിരിക്കാൻ പാടില്ല” (EG 15). നവസുവിശേഷവത്കരണത്തിന്റെ മൂന്നു സുപ്രധാന മേഖലകളെക്കുറിച്ചും ഫ്രാൻസിസ് പാപ്പാ ഈ പ്രബോധനത്തിൽ ഓർമ്മിപ്പിക്കുന്നുണ്ട്: (1) സാധാരണ അജപാലനശുശ്രൂഷയുടെ മണ്ഡലം. ആരാധനാസമൂഹത്തിൽ സ്ഥിരം പങ്കെടുക്കുന്നവരും കർത്താവിന്റെ വചനത്താലും നിത്യജീവന്റെ അപ്പത്താലും പോഷിപ്പിക്കപ്പെടാനായി ഞായറാഴ്ചകളിൽ (കർത്താവിന്റെ ദിവസത്തിൽ) ഒന്നിച്ചുകൂടുന്നവരുമായ വിശ്വാസികൾക്കുവേണ്ടിയുള്ളതാണത്. (2) മാമ്മോദീസ സ്വീകരിച്ചവരും എന്നാൽ തദനുസൃതം ജീവിക്കാത്തവരുമായ വ്യക്തികൾക്കുവേണ്ടിയുള്ള ശുശ്രൂഷ. അവർക്ക് സഭയുമായി ഹൃദ്യമായ ബന്ധമൊന്നുമില്ല. വിശ്വാസത്തിന്റെ ആനന്ദവും സുവിശേഷത്തോടുള്ള പ്രതിജ്ഞാബദ്ധതയുള്ളവരാകാനുള്ള ആഗ്രഹവും ജനിപ്പിക്കുന്ന മാനസാന്തരം ഇക്കൂട്ടരിൽ ഉണ്ടാകാൻവേണ്ടിയാണത്.

(3) യേശുക്രിസ്തുവിനെ ഇതുവരെ അറിഞ്ഞിട്ടില്ലാത്തവരുടെ ഇടയിലുള്ള ശുശ്രൂഷ. യേശുക്രിസ്തുവിനെ അറിഞ്ഞിട്ടും അവിടുത്തെ ഉപേക്ഷിച്ചു ജീവിക്കുന്നവർക്കുവേണ്ടിയുള്ള സുവിശേഷപ്രഘോഷണവും ഇതിൽപ്പെടുന്നു. ഇവർക്കുവേണ്ടിയുള്ള പ്രഘോഷണമാണ് പ്രഥമവും പ്രധാനവുമായുള്ള സുവിശേഷവത്കരണം.

അസാധാരണ പ്രേഷിതമാസത്തിൽ ശ്രദ്ധവയ്ക്കേണ്ട നാലുകാര്യങ്ങളെക്കുറിച്ച് "ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ" എന്ന രേഖയിൽ പറയുന്നുണ്ട്: 1. വിശുദ്ധ കുർബ്ബാന, ദൈവവചനം, വ്യക്തിപരവും സമൂഹപരവുമായ പ്രർത്ഥനകൾ എന്നിവയിലൂടെ സഭയിൽ ഇന്നും ജീവിക്കുന്ന ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലുള്ള ജീവിതം. 2. പ്രേഷിതരായ വിശുദ്ധരുടെയും രക്തസാക്ഷികളുടെയും വിശ്വാസപ്രഘോഷകരുടെയും ലോകമാസകലമുള്ള സാക്ഷ്യങ്ങൾ മാതൃകയാക്കിക്കൊണ്ടുള്ള ക്രൈസ്തവജീവിതസാക്ഷ്യം. 3 വിശുദ്ധഗ്രന്ഥം, മതബോധനം, ആദ്ധ്യാത്മികശാസ്ത്രം, ദൈവശാസ്ത്രം തുടങ്ങിയവയിൽ അധിഷ്ഠിതമായ വൈദിക-സന്യസ്ത-അല്മായ മേഖലകളിലുള്ള പ്രേഷിത രൂപീകരണം. 4. ദരിദ്രരോടും വിലപിക്കുന്നവരോടും പക്ഷം ചേർന്നുകൊണ്ട് ക്രിസ്തുസ്നേഹം പ്രകടമാക്കുന്ന നിസ്വാർത്ഥമായ പ്രേഷിത സ്നേഹവും പരിചരണവും.

1893-ൽ ലെയോ 13-ാമൻ പാപ്പാ പറഞ്ഞു: "ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ." അരനൂറ്റാണ്ടു കഴിഞ്ഞപ്പോൾ ഇന്ത്യ വിദേശാധിപത്യത്തിൽനിന്ന് സ്വതന്ത്രയായി. ക്രമേണ വിദേശ മിഷനറിമാരുടെ ഇന്ത്യയിലേക്കുള്ള പ്രവാഹവും തടസ്സപ്പെട്ടു. ഭാരതം മുഴുവന്റെയും സുവിശേഷവത്ക്കരണം ഇന്ന് ഭാരതത്തിന്റെ സന്താനങ്ങളായ ഓരോ വിശ്വാസിയുടെയും കടമയാണ്. മിഷനറിമാരുടെ പ്രേഷിതചൈതന്യം നമ്മളും ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. അസാധാരണ പ്രേഷിതമാസത്തിന്റെ പ്രഖ്യാപനം അതിന് അവസരമാക്കിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം.

**ഈ പ്രേഷിതമാസം കാര്യക്ഷമമാക്കാൻ ചിലകാര്യങ്ങൾ നിർദ്ദേശിക്കുന്നു:**

1. നമ്മുടെ പ്രഥമ പ്രേഷിത കൃത്യം പ്രാർത്ഥനയാണ്. പ്രേഷിതർക്കുവേണ്ടിയും പ്രേഷിതപ്രവർത്തനങ്ങൾക്കുവേണ്ടിയും എല്ലാവരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം.
2. ഓരോ വിശ്വാസിയും മിഷനറിയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന അവബോധം വളർത്തുന്നതിന് രൂപതാ-ഫൊറോനാ-ഇടവക തലങ്ങളിൽ സെമിനാറുകളും ക്ലാസുകളും എക്സിബിഷനും സംഘടിപ്പിക്കുക.
3. മിഷനറി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ രൂപതാതലത്തിൽ പ്രത്യേകം പരിശീലനം സിദ്ധിച്ച ആനിമേറ്റർമാരുടെ ടീമംഗങ്ങളെ ഒരു

ക്കുകയും അവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

4. സ്നേഹത്തിന്റെയും പങ്കുവയ്പിന്റെയും പരിത്യാഗത്തിന്റെയും ശീലം അർത്ഥികളിൽ വളർത്തുന്നതിന് ആവശ്യമായ പ്രേഷിത ബോധ്യങ്ങളുള്ള പരിശീലകരെ രൂപപ്പെടുത്തുക.

5. കുട്ടികൾ, കൗമാരക്കാർ, യുവജനങ്ങൾ എന്നിങ്ങനെ തിരിച്ച് ഓരോ വിഭാഗത്തിനും ആവശ്യമായ പ്രേഷിതരൂപീകരണം നല്കുന്നതിന് സംവിധാനങ്ങൾ ഒരുക്കുക.

6. വൈദിക പരിശീലനത്തിന്റെ പ്രാരംഭദശമുതൽതന്നെ അർത്ഥികളിൽ പ്രേഷിതസ്വഭാവം രൂപപ്പെടുന്നതിന് അവസരമൊരുക്കുക.

7. മിഷനെക്കുറിച്ചും മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും കൂടുതൽ പഠിക്കാൻ മിഷനെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ അടിസ്ഥാനമാക്കി പ്രത്യേക കോഴ്സുകളും പഠനശിബിരങ്ങളും സംഘടിപ്പിക്കുക. (Eg. Ad Gentes, 1965; Evangelii Nuntiandi, 1975; Redempotoris Missio, 1990; Evangelii Gaudium, 2013). പിഒസിയിൽ നടന്നുവരുന്ന വിറ്റ്നസസ് ഓഫ് മേഴ്സി എന്ന പ്രേഷിത പരിശീലന പരിപാടിയിലേക്ക് കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്നത് പ്രേഷിതാഭിമുഖ്യമുള്ള വിശ്വാസികളെ രൂപപ്പെടുത്തുന്നതിന് സഹായകമാണ്.

8. രൂപതകളിൽ മതബോധനരംഗത്ത് കൂടുതൽ പ്രേഷിത രൂപീകരണം ലഭിക്കത്തക്കവിധം മതാധ്യാപകർക്കായി മിഷൻയാത്രകൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും കുട്ടികളിൽ പ്രേഷിത ചൈതന്യം രൂപപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

9. യുവതീയുവാക്കൾക്ക് മിഷൻ രംഗത്ത് താത്പര്യം ലഭിക്കത്തക്കവിധം യുവജനസംഘടനകളുടെ പരിശീലന പ്രവർത്തനങ്ങൾ പരിഷ്കരിക്കുക. ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങളെ മിഷൻ തീക്ഷ്ണതയോടെ അഭിമുഖീകരിക്കാൻ മറ്റാരെക്കാൾ യുവജനങ്ങൾക്കാണല്ലോ കഴിയുക.

10. കേരളത്തിനു പുറത്തുള്ള മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ച് മിഷനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും പഠിക്കാനും വൈദികർക്കും സന്ന്യസ്തർക്കും അല്മായർക്കും (സംഘടനാതലത്തിൽ) അവസരങ്ങൾ ഒരുക്കുക.

11. ഏതെങ്കിലും മിഷൻ രൂപതയെയോ മിഷൻ മേഖലയെയോ പ്രത്യേകമായി തെരഞ്ഞെടുത്ത് അവരെ ആത്മീയമായും അജപാലനപരമായും സാമ്പത്തികമായും സഹായിക്കുന്നതിനും നമ്മുടെ വിഭവങ്ങൾ അവരുമായി പങ്കുവയ്ക്കുന്നതിനും സൗകര്യങ്ങൾ ഒരുക്കുക.

12. "അസാധാരണ പ്രേഷിതമാസത്തിന്റെ" (2019 ഒക്ടോബർ) ഔദ്യോഗിക ഉദ്ഘാടനം രൂപതാതലത്തിൽ നടത്തുക. ലോഗോ അടങ്ങിയ ഒരു

കൊടിയോ ബാനറോ ഇടവകകൾതോറും പ്രദർശിപ്പിക്കുന്നത് ഉചിതമായിരിക്കും.

13. മിഷൻമേഖലകളിൽ ദീർഘകാലം ശുശ്രൂഷ നിർവഹിച്ച മിഷണറിമാരെ രൂപതാതലത്തിൽ പ്രത്യേകമായി ആദരിക്കുന്നത് മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കും.

14. വൈദിക-സന്ന്യസ്ത ജീവിതത്തിലേക്ക് കടന്നുവരാൻ താത്പര്യമുള്ളവരെ കണ്ടെത്തി ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ വയ്ക്കുക.

15. മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും മിഷനറിമാരെക്കുറിച്ചും കൂടുതൽ അറിയാനും പഠിക്കാനും പ്രത്യേക അവസരങ്ങൾ കുടുംബ കൂട്ടായ്മകളിലും മറ്റു വേദികളിലും ഒരുക്കാവുന്നതാണ്.

16. പ്രാദേശികമായി നടത്താവുന്ന മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് പഠനവും ചർച്ചകളും സംഘടിപ്പിക്കുക.

17. അല്മായ പ്രേഷിത സംരംഭങ്ങളെ പിന്തുണയും പ്രോത്സാഹനവും നല്കി വളർത്തുക.

18. മിഷൻ ഞായറിലേക്കുള്ള വിഭവസമാഹരണം കൂടുതൽ ക്രിയാത്മകമായും കാര്യക്ഷമമായും നടത്തുക.

**ഉപസംഹാരം**

സാർവത്രിക സഭയിലെ അംഗങ്ങൾ എന്ന നിലയിൽ കേരളത്തിലെ സഭകൾ സുവിശേഷ പ്രഘോഷണരംഗത്ത് കാലാകാലങ്ങളായി സജീവമായി പ്രവർത്തിച്ചുവരുന്നു. ഭാരതം മുഴുവനും സഭയുടെ മിഷൻ മേഖലയായി കണ്ടുകൊണ്ട് മൂന്നു പ്രാദേശിക സഭകളും മിഷൻ മേഖലയിൽ കൈകോർക്കുന്ന ഒരു പുതിയ മിഷനറി മുന്നേറ്റത്തിന്റെ നൂറ്റാണ്ടിനു തുടക്കം കുറിക്കാൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുന്ന ഈ അസാധാരണ പ്രേഷിതമാസത്തിന്റെ ആചരണങ്ങളും തുടർന്നുള്ള പ്രവർത്തനങ്ങളും സഹായകമാകട്ടെ. പ്രേഷിത പ്രവർത്തനങ്ങളെ ഫലദായകമാക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ എല്ലാ പ്രേഷിത സംരംഭങ്ങളെയും നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.

സ്നേഹാദരങ്ങളോടെ,

**ആർച്ചുബിഷപ് എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് യൂഹാനോൻ മാർ ക്രിസോസ്തം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി

Ref. 3221/K-5/KCBC/OL/DS

# ലോകമിഷൻ ദിനം - 2019
## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം



### ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: ലോകത്തിൽ മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ

പ്രിയ സഹോദരീസഹോദരന്മാരേ,

ബനഡിക്ട് പതിനഞ്ചാമൻ പാപ്പാ 1919 നവംബർ 30-ന് പുറപ്പെടുവിച്ച "മാക്സിമും ഇല്ലൂദ്" ("ഏറ്റവും വലിയ ആ കാര്യം") എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദിയനുസ്മരണ കാലഘട്ടത്തിൽ സഭയുടെ പ്രേഷിതത്വ പ്രബുദ്ധതയും സമർപ്പണവും 2019 ഒക്ടോബർ മാസത്തിൽ പുനരുജ്ജീവിപ്പിക്കാൻ മുഴുവൻ സഭയോടും ഞാൻ ആവശ്യപ്പെട്ടിരുന്നു. ആ ലേഖനത്തിന്റെ ദീർഘവീക്ഷണമുള്ളതും പ്രവാചകപരവുമായ പ്രേഷിതത്വദർശനം ഒരിക്കൽ കൂടി സഭയുടെ പ്രേഷിതത്വസമർപ്പണം നവീകരിക്കുന്നതിന്റെ പ്രാധാന്യം എന്നെ ബോധ്യപ്പെടുത്തി. അതോടൊപ്പം മരിച്ച് ഉത്ഥാനം ചെയ്ത യേശുക്രിസ്തു നല്കുന്ന രക്ഷ ലോകത്തിനു നല്കുന്നതിന്റെയും സഭയുടെ

സുവിശേഷപ്രവർത്തനത്തിന് പുതിയ സുവിശേഷാത്മക പ്രചോദനം നല്കുന്നതിന്റെയും പ്രാധാന്യവും എനിക്കു വ്യക്തമായി.

ഈ സന്ദേശത്തിന്റെ തലവാചകം ഒക്ടോബറിലെ മിഷണറി മാസസന്ദേശത്തിന്റേതു തന്നെയാണ്. ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: ലോകത്തിൽ മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ. ഈ മിഷനറി മാസാചരണം ഒന്നാമതായി യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തിന്റെ പ്രേഷിതത്വപരമായ മാനം വീണ്ടും കണ്ടെത്താൻ നമ്മെ സഹായിക്കും. മാമ്മോദീസയിൽ നമുക്കു സൗജന്യമായി നല്കപ്പെട്ട വിശ്വാസമാണത്. ദൈവവുമായുള്ള നമ്മുടെ പുത്രസഹജമായ ബന്ധം കേവലം സ്വകാര്യബന്ധമല്ല; എപ്പോഴും സഭയുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തോടുള്ള സമ്പർക്കത്തിലൂടെ നമ്മൾ നമ്മുടെ സഹോദരീസഹോദരന്മാരോടൊപ്പം പുതിയ ജീവനിലേക്കു ജനിക്കുന്നു. ഈ ദൈവിക ജീവൻ വില്പനയ്ക്കുള്ള ഒരു ഉത്പന്നമല്ല (നമ്മൾ മതപരിവർത്തനം അഭ്യസിക്കുന്നവരല്ല); പിന്നെയോ, അത് നല്കപ്പെടാനും പങ്കുവയ്ക്കപ്പെടാനും പ്രഘോഷിക്കപ്പെടാനുമുള്ള ഒരു നിധിയാണ്. അതാണ് പ്രേഷിതത്വത്തിന്റെ അർത്ഥം. ഈ ദാനം നമുക്കു സൗജന്യമായി കിട്ടി. ആരെയും ഒഴിവാക്കാതെ സൗജന്യമായി നാം അതു പങ്കുവയ്ക്കുകയും ചെയ്യുന്നു (cf. മത്താ 10:8). രക്ഷയുടെ സാർവത്രിക കൂദാശയായ സഭയുടെ ശുശ്രൂഷ വഴി എല്ലാ ജനതകളും സത്യം അറിയുകയും തന്റെ കാരുണ്യം അനുഭവിക്കുകയും ചെയ്ത് രക്ഷിക്കപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു (cf. 1 തിമോ 2:4; ലൂമെൻ ജെൻസിയും 48).

സഭ ലോകത്തിൽ മിഷനറിയാണ്. എല്ലാ വസ്തുക്കളെയും സുവിശേഷവെളിച്ചത്തിൽ കാണുവാൻ യേശുക്രിസ്തുവിലുള്ള വിശ്വാസം നമ്മെ ശക്തരാക്കുന്നു. നാം പങ്കുവയ്ക്കുന്ന ദൈവിക ജീവന്റെ ശാശ്വത ചക്രവാളങ്ങളെ പ്രത്യാശ നമുക്ക് തുറന്നു തരുന്നു. കൂദാശകളിലും സഹോദര സ്നേഹത്തിലും നാം മുൻകൂട്ടി രുചിച്ചറിഞ്ഞ പരസ്നേഹം ലോകത്തിന്റെ അതിരുകൾ വരെ മുന്നേറാൻ നമ്മെ നിർബന്ധിക്കുന്നു (cf. മിക്കാ 5:4; മത്താ 28:19; അപ്പ 8, റോമാ 10:18). ഏറ്റവും അകലെയുള്ള അതിർത്തിവരെ മുന്നേറാൻ സ്വയം നിർബന്ധിക്കുന്ന ഒരു സഭയ്ക്ക് സുസ്ഥിരവും തുടർച്ചയുള്ളതുമായ മിഷണറി മാനസാന്തരം ആവശ്യമാണ്. അപരിമിതമായ ഈ തുറവി, കാരുണ്യത്തിലുള്ള ഈ മുന്നേറ്റം, യഥാർത്ഥത്തിൽ സാധ്യവും യഥാർത്ഥവുമാണെന്ന് എത്രയോ വിശുദ്ധന്മാരും വിശ്വാസികളായ എത്രയോ സ്ത്രീപുരുഷന്മാരും സാക്ഷ്യപ്പെടുത്തുന്നുണ്ട്! അത് സ്നേഹത്താൽ നയിക്കപ്പെടുന്നു. അതിന്റെ ഏറ്റവും ആഴത്തിലുള്ള അർത്ഥം ദാനമാണ്, ബലിയാണ്, സൗജന്യമാണ് (cf. 2 കോറി 5:14-21)! ദൈവത്തെപ്പറ്റി പ്രസംഗിക്കുന്ന മനുഷ്യൻ ദൈവത്തിന്റെ മനുഷ്യനായിരിക്കണം (cf. Maximum Illud).

ഈ പ്രേഷിത കല്പന നമ്മെ വ്യക്തിപരമായി സ്പർശിക്കുന്നു. ഞാൻ

എപ്പോഴും ഒരു മിഷൻ ആണ്. നീ എപ്പോഴും ഒരു മിഷൻ ആണ്. മാമ്മോദീസാ മുങ്ങിയ ഓരോ സ്ത്രീയും പുരുഷനും ഒരു മിഷൻ ആണ്. സ്നേഹിക്കുന്ന ആളുകൾ ഒരിക്കലും നിശ്ചലരായി നില്ക്കുന്നില്ല. അവർ അവരിൽ നിന്നു തന്നെ പുറത്തേക്കു വരുന്നു. അവർ ആകർഷിക്കപ്പെടുന്നു, മറ്റുള്ളവരെ ആകർഷിക്കുന്നു. അവർ തങ്ങളെത്തന്നെ മറ്റുള്ളവർക്ക് കൊടുക്കുന്നു; ജീവൻ നല്കുന്ന ബന്ധങ്ങൾ സ്ഥാപിക്കുന്നു. ദൈവത്തിന്റെ സ്നേഹത്തെ സംബന്ധിച്ചിട ത്തോളം ആരും ഉപയോഗമില്ലാത്തവരോ പ്രാധാന്യമില്ലാത്തവരോ അല്ല. നമ്മിൽ ഓരോരുത്തനും ലോകത്തിനുള്ള ഒരു മിഷൻ ആണ്. എന്തെന്നാൽ, നമ്മിൽ ഓരോ വ്യക്തിയും ദൈവസ്നേഹത്തിന്റെ ഫലമാണ്. മാതാപിതാക്കൾക്ക് നുണകൊണ്ടും വിദ്വേഷംകൊണ്ടും അവിശ്വസ്തതകൊണ്ടും തങ്ങളുടെ സ്നേഹത്തെ ഒറ്റിക്കൊടുക്കാൻ കഴിയുമെങ്കിലും ദൈവം ഒരിക്കലും താൻ നല്കിയ ജീവന്റെ ദാനം തിരിച്ചെടുക്കുന്നില്ല. നിത്യത മുതൽ തന്റെ മക്കളിൽ ഓരോ വ്യക്തിയും തന്റെ ദൈവികവും ശാശ്വതവുമായ ജീവനിൽ പങ്കുചേരണമെന്ന് അവിടന്ന് നിശ്ചയിച്ചിട്ടുണ്ട് (cf. എഫേ 1:3-6).

ഈ ജീവൻ മാമ്മോദീസായിൽ നമുക്കു നല്കപ്പെട്ടു. മാമ്മോദീസ നമുക്ക് പാപത്തെയും മരണത്തെയും കീഴടക്കിയ യേശുക്രിസ്തുവിലുള്ള വിശ്വാസമാകുന്ന ദാനം നല്കുന്നു. മാമ്മോദീസ നമുക്ക് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമുള്ള പുനർജനനം നല്കുകയും സഭയാകുന്ന ക്രിസ്തുശരീരത്തിന്റെ അവയവങ്ങളാക്കുകയും ചെയ്യുന്നു. ഈ അർത്ഥത്തിൽ മാമ്മോദീസ യഥാർത്ഥത്തിൽ രക്ഷയ്ക്ക് അത്യാവശ്യമാണ്. കാരണം, നാം എപ്പോഴും എല്ലായിടത്തും പിതാവിന്റെ ഭവനത്തിലെ പുത്രീപുത്രന്മാരാണെന്നും ഒരിക്കലും അനാഥരോ അപരിചിതരോ അടിമകളോ അല്ലെന്നും അത് ഉറപ്പു നല്കുന്നു.

ഒരു കൗദാശിക യാഥാർത്ഥ്യമായി ക്രൈസ്തവനിലുള്ളതും പരിശുദ്ധ കുർബാനയിൽ പൂർത്തീകരണം കണ്ടെത്തുന്നതുമായ മാമ്മോദീസ മാനസാന്തരവും രക്ഷയും തേടുന്ന ഓരോ വ്യക്തിയിലും വിളിയും ലക്ഷ്യവുമായി നിലകൊള്ളുന്നു. എന്തെന്നാൽ, മാമ്മോദീസ ദൈവികദാനത്തിന്റെ വാഗ്ദാനം പൂർത്തിയാക്കുന്നു. അത് ഓരോ വ്യക്തിയെയും ദൈവപുത്രനിൽ പുത്രനോ പുത്രിയോ ആക്കുന്നു. നമ്മൾ നമ്മുടെ സ്വാഭാവിക മാതാപിതാക്കളുടെ സന്തതികളാണ്. എന്നാൽ മാമ്മോദീസായിൽ നാം എല്ലാ പിതൃത്വത്തിന്റെയും യഥാർത്ഥ മാതൃത്വത്തിന്റെയും ഉറവിടത്തെ സ്വീകരിക്കുന്നു: സഭ അമ്മയായിട്ട് ഇല്ലാത്ത ഒരുവനും ദൈവം പിതാവായിരിക്കുകയില്ല (cf. Saint Cyprian, De Cath. Eccl., 6)

നമ്മുടെ മിഷൻ അതുകൊണ്ട് ദൈവത്തിന്റെ പിതൃത്വത്തിലും സഭയുടെ മാതൃത്വത്തിലും വേരുറച്ചതാണ്. ഉത്ഥിതനായ ക്രിസ്തു ഈസ്റ്ററിൽ നല്കിയ കല്പന മാമ്മോദീസായിൽ ഉൾച്ചേർന്നിരിക്കുന്നു: പിതാവ് എന്നെ അയച്ചതുപോലെ ഞാൻ പരിശുദ്ധാത്മാവിനാൽ നിറച്ച് നിന്നെ അയയ്ക്കുന്നു -

ലോകത്തിന്റെ അനുരഞ്ജനത്തിനു വേണ്ടിത്തന്നെ ( യോഹ 20,19-23; മത്താ 28:16-20). ഈ മിഷൻ ക്രിസ്ത്യാനികൾ എന്ന നിലയിലുള്ള നമ്മുടെ തനിമയുടെ ഭാഗമാണ്. പിതാവിന്റെ ദത്തുപുത്രരാകാനുള്ള തങ്ങളുടെ വിളി മനസ്സിലാക്കാൻ എല്ലാ മനുഷ്യരെയും പ്രാപ്തരാക്കാനുള്ള കടമ ഇതു നമുക്കു നല്കുന്നു. അവരുടെ വ്യക്തിപരമായ മഹത്ത്വം മനസ്സിലാക്കാനും ഗർഭാവസ്ഥ മുതൽ സ്വാഭാവിക മരണംവരെ ഓരോ മനുഷ്യജീവനുമുള്ള ആന്തരിക യോഗ്യത വിലമതിക്കാനും ഇതു നമ്മെ കടപ്പെടുത്തുന്നു. ഇന്നത്തെ അനിയന്ത്രിതമായ സെക്കുലറിസം നമ്മുടെ ചരിത്രത്തിൽ ദൈവത്തിന്റെ സജീവ പിതൃത്വത്തെ അക്രമപരമായുള്ള സാംസ്കാരിക പരിത്യജിക്കൽ ആയിത്തീരുമ്പോൾ യഥാർത്ഥ മാനുഷിക സാഹോദര്യത്തിന് തടസ്സമായിത്തീരുന്നു. ഓരോ വ്യക്തിയുടെയും ജീവനോടുള്ള പരസ്പര ബഹുമാനത്തിന്റെ പ്രകാശനം കണ്ടെത്തുന്നത് യഥാർത്ഥ മാനുഷിക സാഹോദര്യത്തിലാണല്ലോ. യേശുക്രിസ്തു പകർന്നുതന്ന ദൈവത്തെക്കൂടാതെ മനുഷ്യജാതിയിൽ സാഹോദര്യ സ്വീകാര്യതയും ഫലപ്രദമായ ഐക്യവും അസാധ്യമാക്കുംവിധം ഓരോ വ്യത്യസ്തതയും നാശകരമായ ഒരു ഭീഷണിയായി ചുരുങ്ങുന്നു.

ദേശീയതാവാദത്തിന്റെയും വംശവാദത്തിന്റെയും എല്ലാ രൂപങ്ങളെയും അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്യുന്നതിന് ബനഡിക്ട് 15-ാമൻ മാർപാപ്പായെ യേശുക്രിസ്തുവിൽ ദൈവം നല്കിയ ദാനത്തിന്റെ സാർവത്രികത പ്രേരിപ്പിച്ചു. കോളനി വാഴ്ചക്കാരുടെ സാമ്പത്തികവും സൈനികവുമായ താത്പര്യങ്ങളോട് സുവിശേഷപ്രഘോഷണത്തെ കൂട്ടിച്ചേർക്കുന്നത് അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്യാനും അത് അദ്ദേഹത്തെ പ്രേരിപ്പിച്ചു. മാക്സിമും ഇല്ലൂദ് എന്ന തന്റെ അപ്പസ്തോലിക ലേഖനത്തിൽ മാർപാപ്പാ ഒരു കാര്യം ശ്രദ്ധിച്ചിട്ടുണ്ട്. സഭയുടെ സാർവത്രിക മിഷൻ ഒരുവന്റെ രാജ്യത്തിലെയും വംശീയ ഗ്രൂപ്പിലെയും അംഗത്വത്തെക്കുറിച്ചുള്ള പരവർജ്ജനപരമായ ആശയങ്ങൾ മാറ്റിവയ്ക്കണമെന്നതാണ് ആ കാര്യം. സംസ്കാരത്തെയും സമൂഹത്തെയും യേശുക്രിസ്തുവിന്റെ രക്ഷാകരമായ നവീനതയിലേക്കു തുറക്കുന്നതിന് വംശപരമോ സഭാപരമോ ആയ ഏതു തരത്തിലുമുള്ള ഉൾവലിവ് ഉപേക്ഷിക്കണം. തങ്ങളുടെ മാമ്മോദീസായുടെ ശക്തികൊണ്ട് വീടും കുടുംബവും രാജ്യവും ഭാഷയും പ്രാദേശികസഭയും ഉപേക്ഷിക്കാനുള്ള വിളിയോട് ഉദാരതയോടെ ഉത്തരം പറയുന്ന സ്ത്രീപുരുഷന്മാരെ യേശുക്രിസ്തുവിന്റെ കൂദാശകളോ അവിടത്തെ വിശുദ്ധ സഭയോ ഇനിയും രൂപാന്തരപ്പെടുത്താത്ത, രാജ്യങ്ങളിലേക്ക് ലോകത്തേക്ക് അയയ്ക്കപ്പെടാൻ ഇന്നും ദൈവവചനം പ്രഘോഷിച്ചുകൊണ്ടും സുവിശേഷത്തിന് സാക്ഷ്യം വഹിച്ചുകൊണ്ടും പരിശുദ്ധാത്മാവിന്റെ ജീവൻ ആഘോഷിച്ചുകൊണ്ടും അവർ മാനസാന്തരത്തിനായി ക്ഷണിക്കുന്നു, മാമ്മോദീസാ മുക്കുകയും ക്രൈസ്തവ രക്ഷ നല്കുകയും ചെയ്യുന്നു. ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യത്തോടുള്ള ബഹുമാനത്തോടും അവർ അയയ്ക്കപ്പെട്ടിരിക്കുന്ന സംസ്കാരങ്ങളോടും മതങ്ങളോടും ജനതകളോടും സംഭാഷണത്തിൽ ഏർപ്പെട്ടുമാണ് അങ്ങനെ ചെയ്യുന്നത്. മിസ്സിയോ ആദ് ജെന്തെസ് (വിജാതീയരിലേക്കുള്ള മിഷൻ പ്രവർത്തനം) സഭയ്ക്ക് എപ്പോഴും ആവശ്യമാണ്. എല്ലാ

ക്രൈസ്തവരിലും തുടർമാനസാന്തരപ്രക്രിയയ്ക്ക് മൗലികമായ വിധത്തിൽ അതു സംഭാവന ചെയ്യുന്നു. യേശുവിന്റെ ഈസ്റ്റർ സംഭവത്തിലുള്ള വിശ്വാസം, മാമ്മോദീസയിൽ സ്വീകരിച്ച സഭാപരമായ ദൗത്യം, തന്നിൽ നിന്നു തന്നെയും തന്റെ ഭവനത്തിൽ നിന്നും ഭൂമിശാസ്ത്രപരവും സംസ്കാരികവുമായ അകല്ച്ച, പാപത്തിൽ നിന്നുള്ള രക്ഷ, വ്യക്തിപരവും സാമൂഹികവുമായ തിന്മയിൽ നിന്നു വിമോചനം എന്നിവയ്ക്കെല്ലാം ഭൂമിയുടെ അതിർത്തികൾ വരെ എത്തിച്ചേരുന്ന മിഷൻ ആവശ്യമാണ്.

ശതവത്സരാഘോഷവും ആമസോണിലെ സഭകളെ സംബന്ധിച്ച പ്രത്യേക സിനഡും ദൈവപരിപാലനയിൽ ഒന്നിച്ചു സംഭവിക്കുന്നു. യേശു നമ്മെ ഏല്പിച്ചതും പരിശുദ്ധാത്മാവിന്റെ ദാനത്തോടു കൂടിയതുമായ മിഷൻ ആ പ്രദേശങ്ങൾക്കും അവയുടെ ജനങ്ങൾക്കും എങ്ങനെ കാലോചിതവും അത്യാവശ്യവുമാണെന്ന് ഊന്നിപ്പറയാൻ ഇത് എന്നെ അനുവദിക്കുന്നു.

ഒരു സംസ്കാരവും അതിൽത്തന്നെ അടച്ചുപൂട്ടിയിരിക്കാതിരിക്കാനും ഒരു ജനതയും വിശ്വാസത്തിന്റെ സാർവത്രിക ഐക്യത്തിൽ നിന്ന് വിഛേദിക്കപ്പെടാതിരിക്കാനുമായി സഭയുടെ കവാടങ്ങളെ മലർക്കെ തുറന്നിടുന്നത് ഒരു പുത്തൻ പെന്തക്കൊസ്തയാണ്. ആത്മനിമഗ്നതയിലും (Self-indulgence) വംശീയവും മതാത്മകവുമായ സ്വത്വബോധത്തിലും ആരും കുടുങ്ങിപ്പോകരുത്. സ്ത്രീപുരുഷന്മാരുടെ മഹത്ത്വത്തോടുള്ള ബഹുമാനത്തിൽ വളരാൻ, എല്ലാവർക്കും യഥാർത്ഥ ജീവൻ നല്കുന്ന ഉത്ഥിതനായ കർത്താവിന്റെ സത്യത്തിലേക്ക് കൂടുതൽ ആഴത്തിൽ മാനസാന്തരപ്പെടാൻ, ആഹ്വാനം ചെയ്തുകൊണ്ട് യേശുവിന്റെ ഈസ്റ്റർ സംഭവം ലോകങ്ങളുടെയും മതങ്ങളുടെയും സംസ്കാരങ്ങളുടെയും ഇടുങ്ങിയ പരിധികൾ തകർത്തു മുന്നേറുന്നു.

ബ്രസീലിൽ അപ്പരേസീദയിൽ (Aparecida) 2007-ൽ നടന്ന ലത്തീൻ അമേരിക്കൻ മെത്രാന്മാരുടെ സമ്മേളനത്തിന്റെ ആരംഭത്തിൽ ബനഡിക്ട് 16-ാമൻ മാർപാപ്പാ പറഞ്ഞ വാക്കുകൾ ഞാൻ ഇവിടെ അനുസ്മരിക്കുന്നു. താഴെപ്പറയുന്ന ആ വാക്കുകൾ ആവർത്തിക്കാനും എന്റേതാക്കാനും ഞാൻ ആഗ്രഹിക്കുന്നു: "ലത്തീൻ അമേരിക്കയിലെയും കരീബിയനിലെയും രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം ക്രൈസ്തവവിശ്വാസം പുൽകൽ എന്താണർത്ഥമാക്കിയത്? തങ്ങളുടെ പൂർവികർ തിരിച്ചറിയാതെ തന്നെ തങ്ങളുടെ സമ്പന്നമായ മതപാരമ്പര്യങ്ങളിൽ അന്വേഷിച്ചുകൊണ്ടിരുന്ന അജ്ഞാത ദൈവമായ ക്രിസ്തുവിനെ അറിയുകയും സ്വാഗതം ചെയ്യുകയും ചെയ്യുക എന്നതാണത്. അവർ നിശ്ശബ്ദരായി ആഗ്രഹിച്ചുകൊണ്ടിരുന്ന രക്ഷകൻ ക്രിസ്തു ആണ്. മാമ്മോദീസയുടെ ജലത്തിൽ ദത്തുവഴി അവരെ ദൈവമക്കളാക്കിയ ദൈവിക ജീവൻ അവർ സ്വീകരിച്ചുവെന്നും അതിന് അർത്ഥമുണ്ട്. കൂടാതെ, മനുഷ്യാവതാരം ചെയ്ത വചനം തങ്ങളുടെ സംസ്കാരങ്ങളിൽ പാകിയിരുന്ന അനേകം വിത്തുകളെ വികസിപ്പിച്ചുകൊണ്ടും ആ സംസ്കാരങ്ങളെ ശുദ്ധീകരിച്ചുകൊണ്ടും, അങ്ങനെ സുവിശേഷപാതകളിലൂടെ തങ്ങളെ നയിച്ചുകൊണ്ടും തങ്ങളുടെ സംസ്കാരങ്ങളെ ഫലദായകമാക്കാൻ വന്ന പരി

ശുദ്ധാത്മാവിനെ അവർ സ്വീകരിച്ചു. ദൈവവചനം യേശുക്രിസ്തുവിൽ മാംസമായിത്തീർന്നുകൊണ്ട് ചരിത്രവും സംസ്കാരവുമായിത്തീരുകയും ചെയ്തു. ക്രിസ്തുവിൽ നിന്നും സാർവത്രിക സഭയിൽ നിന്നും വേർപെടുത്തിക്കൊണ്ട് കൊളംബസിനു മുൻപുള്ള മതങ്ങൾക്ക് പുനർശ്വാസം നല്കുകയെന്ന അപ്രായോഗിക സങ്കല്പം മുന്നോട്ടുള്ള ഒരു ചുവടുവയ്പായിരിക്കുകയില്ല. തീർച്ചയായും അത് ഒരു പിന്നോട്ടടിക്കലാകും. യഥാർത്ഥത്തിൽ ഭൂതകാലത്ത് ഉറപ്പിക്കപ്പെട്ട ചരിത്രത്തിലെ ഒരു ഘട്ടത്തിലേക്കുള്ള പിൻവാങ്ങലായിരിക്കും അത് (Address at the Inaugural Session 13 May 2007. Insegnamenti III, I (2007) 855-856).

സഭയുടെ മിഷൻ നാം നമ്മുടെ അമ്മയായ മറിയത്തെ ഏല്പിക്കുന്നു. പരിശുദ്ധ കന്യക മനുഷ്യാവതാരത്തിന്റെ നിമിഷംമുതൽ തന്റെ തീർത്ഥാടനം തുടങ്ങി. അവൾ യേശുവിന്റെ മിഷനിൽ പൂർണമായി ഉൾപ്പെട്ടിരുന്നു. കുരിശിൻചുവട്ടിൽ തന്റേതായിത്തീർന്ന മിഷൻ ആണ് അത്. ആത്മാവിലും വിശ്വാസത്തിലും ദൈവത്തിന്റെ പുതിയ പുത്രീപുത്രന്മാരെ ജനിപ്പിക്കുന്നതിൽ സഹകരിക്കുന്ന മിഷൻ ആണത്.

മാക്സിമും ഇല്ലൂദ് ഒരു മിഷണറി ഉറവിടമായി പണ്ടേ നിർദേശിച്ചിട്ടുള്ള പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളെക്കുറിച്ച് ചുരുക്കത്തിൽ പറഞ്ഞുകൊണ്ട് ഇത് ഉപസംഹരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ സഭയുടെ സാർവത്രികതയ്ക്ക് സേവനം ചെയ്യുന്നു. മാർപാപ്പായ്ക്ക് മിഷണറി സമർപ്പണത്തിൽ നല്കുന്ന പിന്തുണയുടെ ആഗോള നെറ്റുവർക്കായിട്ട് അതു പ്രവർത്തിക്കുന്നു. ലോകത്തെങ്ങുമുള്ള ക്രിസ്ത്യാനികളിൽ നിന്നുള്ള പ്രാർത്ഥന, പ്രേഷിത ചൈതന്യം, പരസ്നേഹപരമായ ദാനങ്ങൾ എന്നിവകൊണ്ടാണ് പിന്തുണ നല്കുന്നത്. വ്യക്തിസഭകളുടെ സുവിശേഷവത്കരണ പരിശ്രമങ്ങളിലും (വിശ്വാസ പ്രചാരത്തിനുള്ള പൊന്തിഫിക്കൽ സൊസൈറ്റി) പ്രാദേശിക വൈദിക പരിശീലനത്തിലും (വിശുദ്ധ പത്രോസ് അപ്പസ്തോലന്റെ പൊന്തിഫിക്കൽ സൊസൈറ്റി) കുട്ടികളിൽ മിഷണറിബോധം ഉണർത്തുന്നതിലും (പൊന്തിഫിക്കൽ സൊസൈറ്റി ഓഫ് മിഷണറി ചൈൽഡ് ഹുഡ്) ക്രൈസ്തവ വിശ്വാസത്തിന്റെ മിഷണറിമാനത്തെ പ്രോത്സാഹിപ്പിക്കുന്നതിലും (പൊന്തിഫിക്കൽ മിഷണറി യൂണിയൻ) അവ മാർപാപ്പായെ സഹായിക്കുന്നു. ഈ സൊസൈറ്റികൾക്കുള്ള എന്റെ പിന്തുണ ഞാൻ നവീകരിക്കുന്നു. 2019 ഒക്ടോബറിലെ അസാധാരണ മിഷൻമാസാചരണം അവയുടെ മിഷണറി നവീകരണത്തിന് സഹായകമാകുമെന്നും അങ്ങനെ അവ എന്റെ ശുശ്രൂഷയെ കൂടുതൽ സഹായിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

മിഷണിമാരായ സ്ത്രീപുരുഷന്മാർക്കും, മാമ്മോദീസായുടെ ശക്തിയാൽ സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ എന്തെങ്കിലും വിധത്തിൽ പങ്കുചേരുന്നവർക്കും എന്റെ ഹൃദയംഗമമായ ആശീർവാദം ഞാൻ അയയ്ക്കുന്നു.

**ഫ്രാൻസിസ് പാപ്പാ**

# കച്ചേരിക്കാര്യം

## 1. നിയമനങ്ങൾ

1. റവ. ഫാ. ജോർജ്ജ് മുണ്ടനാട്ട് - കോ ഓർഡിനേറ്റർ - സെന്റ് അൽഫോൻസാ പാലിയേറ്റീവ്ആന്റ് ജെറിയാട്രിക് കെയർ (അധികചുമതല)

## 2. അഭിവന്ദ്യ പിതാവിന്റെ നാമഹേതുകത്തിരുനാൾ

ഒക്ടോബർ 1-ാം തീയതി സ്വർഗീയ മദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്ന രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. തന്റെ ശുശ്രൂഷകളിലൂടെ രൂപതയ്ക്കും ദൈവജനത്തിനും പൊതു സമൂഹത്തിനും ഇനിയും നന്മകൾ വർഷിക്കാൻ ആവശ്യമായ ദൈവാനുഗ്രഹം പിതാവിനു ലഭിക്കട്ടെ. നാമഹേതുകത്തിരുനാളിന്റെ മംഗളങ്ങൾ രൂപതാകുടുംബത്തിന്റെ പേരിൽ ആശംസിക്കുന്നു.

## 3. കൊന്തനമസ്കാരം

ഒക്ടോബർ മാസത്തിൽ ദൈവാലയത്തിൽ നടത്തുന്ന പത്തുദിവസത്തെ ആഘോഷമായ ജപമാലയർപ്പണം നമ്മുടെ നല്ല പാരമ്പര്യത്തിന്റെ ഭാഗമാണല്ലോ. ഈ വർഷവും ഏറ്റവും ആഘോഷമായും എല്ലാവർക്കും പങ്കെടുക്കാൻ സാധിക്കുന്ന രീതിയിലും കൊന്തനമസ്കാരം ഇടവകകളിൽ ക്രമീകരിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ബഥാനിയായിൽ നടന്നു വരുന്ന അഖണ്ഡജപമാലയുടെ സമാപനം ഒക്ടോബർ 26 ശനിയാഴ്ചയാണ്.

## 4. മിഷൻ ഞായർ

ഈ വർഷത്തെ മിഷൻ ഞായർ ഒക്ടോബർ 20-ാം തീയതിയാണ്. അന്നേ ദിവസം സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം. മിഷൻപ്രവർത്തനങ്ങളെ സാമ്പത്തികമായി പിൻതുണയ്ക്കുന്നതിനുള്ള പ്രത്യേക പിരിവ് അന്ന് ദൈവാലയങ്ങളിൽ എടുക്കുകയും അത് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

## 5. വൈദികസമിതി സമ്മേളനം

11-ാമത് വൈദിക സമിതിയുടെ ആദ്യസമ്മേളനം ഒക്ടോബർ 29 -ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് രൂപതാഭവനിൽ ചേരുന്നതാണ്. ബഹു. അംഗങ്ങളെല്ലാവരും പങ്കെടുക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

## 6. പാസ്റ്ററൽ കൗൺസിൽ സമ്മേളനം

11-ാമത് പാസ്റ്ററൽ കൗൺസിലിന്റെ ആദ്യസമ്മേളനം നവംബർ 9-ാം തീയതി താമരശ്ശേരി രൂപതാഭവനിലെ ഓഡിറ്റോറിയത്തിൽവച്ച് കൂടുന്നതാണ്.

### 7. ക്ലർജി സെമിനാർ

വാർഷിക ക്ലർജി സെമിനാർ നവംബർ 25-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം മുതൽ 29-ാം തീയതി വെള്ളിയാഴ്ച രാവിലെ വരെ പി.എം.ഒ.സി.യിൽ വച്ച് നടക്കുന്നതാണ്.

### 8. പൊതുപിരിവുകൾ

വൈദിക ക്ഷേമനിധി, ദുരിതാശ്വാസ സഹായം തുടങ്ങിയ പൊതുപിരിവുകൾ ഇനിയും നൽകാത്ത ഇടവകകൾ അവ എത്രയുംവേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

### 9. പുതിയ ഫോൺ നമ്പർ

1. റവ. ഫാ. മാത്യു കുളത്തിങ്കൽ - 8281346179

### 10. ആദരാഞ്ജലികൾ

ബഹു. മാത്യു തകടിയേൽ അച്ചന്റെ പ്രിയ മാതാവ് **മേരി ജോസഫ് തകിടിയേൽ (91)** 2019 സെപ്റ്റംബർ 14-ാം തീയതി തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 16-ാം തീയതി നടന്ന സംസ്കാരശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവും മാർ പോൾ ചിറ്റിലപ്പിള്ളി പിതാവും കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. മാത്യു തകിടിയേലച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### 11. സ്മരണാഞ്ജലി

| | | |
|---|---|---|
| 01-10-2006 | - | റവ. ഫാ. ബർത്തലോമ്യോ സി.എം.ഐ |
| 04-10-1994 | - | റവ. ഫാ. ജേക്കബ് ആലുങ്കൽ |
| **04-10-2014** | **-** | **റവ. ഫാ. ജെയിംസ് മുണ്ടയ്ക്കൽ** |
| 07-10-2001 | - | റവ. ഫാ. ജോസഫ് കച്ചിറമറ്റം |
| 07-10-2006 | - | റവ. ഫാ. എവരിസ്റ്റസ് പാംബ്ലാനി സി.എം.ഐ |
| 22-10-2009 | - | റവ. ഫാ. വർഗീസ് ചക്കുങ്കൽ വി.സി. |
| 23-10-1982 | - | റവ. ഫാ. സബാസ് സി.എം.ഐ. |
| 26-10-1978 | - | റവ. ഫാ. ആഡ്രിയാൻ സി.എം.ഐ. |
| 30-10-2002 | - | റവ. ഫാ. ജേക്കബ് കുന്നപ്പള്ളിൽ |
| **07-10-2018** | **-** | **റവ. ഫാ. മാണി കണ്ടനാട്ട്** |

**പ്രോട്ടോസിഞ്ചെല്ലൂസ്**




## XI Eparchial Presbyterial Council 2019

**President** : **Mar Remigiose Inchananiyil**
**Vice President** : **Msgr. John Oravumkara**
**Secretary** :

**Ex-Officio Memebers**

Msgr. John Oravumkara
Rev. Fr. George Mundanatte
Rev. Fr. Mathew Pulimoottil
Rev. Fr. Abraham Vayalil
Rev. Fr. Joby Edamuriyil CST
Rev. Fr. Thomas Thekkel CMI
Rev. Fr. Joseph Thottankara MCBS
Rev. Fr. Mathew Mavely
Rev. Fr. Abraham Kocheelath
Rev. Fr. James Vamattathil
Rev. Fr. Mathew Thakidiyel
Rev. Fr. Kuriakose Iykolambil
Rev. Fr. Sebastian Chempukandathil
Rev. Fr. Thomas Nagaparambil

Rev. Fr. Mathew Peruvelil
Rev. Fr. Dominic Thoomkuzhy
Rev. Fr. Jose Vadakkedom
Rev. Fr. Jacob Koothur
Rev. Fr. Joseph Koonanickal
Rev. Fr. Thomas Puthiyaparambil
Rev. Fr. Scaria Mangarayil
Rev. Fr. Kuriakose Thayyil
Rev. Fr. Joseph Palakatt
Rev. Fr. Sebastian Pulickal
Rev. Fr. George Kalappurackal
Rev. Fr. Thomas Parankulangara
Rev. Fr. Kurian Thalachirakuzhy
Rev. Fr. George Kalathoor
Rev. Fr. Thomas Chilampikunnel
Rev. Fr. Joseph Vadakkel
Rev. Fr. Joseph Mukaleparambil
Rev. Fr. Sebastian Purayidathil
Rev. Fr. Jose Pennaparambil
Rev. Fr. Augustine Vamattathil
Rev. Fr. Kurian Puramadom
Rev. Fr. Jacob Karakunnel
Rev. Fr. Wilson Muttathukunnel
Rev. Fr. Simon Vallopilly
Rev. Fr. Jacob Areethara
Rev. Fr. George Vellackakudiyil
Rev. Fr. Jacob Kappalumakkal
Rev. Fr. Joseph Kalathil
Rev. Fr. Mathew Kollamparambil
Rev. Fr. Simon Kizhakkekunnel
Rev. Fr. Thomas Kalarickal
Rev. Fr. James Kuzhimattathil

## Elected representatives

Msgr. Antony Kozhuvanal
Rev. Fr. Jacob Puthenpura
Rev. Fr. Sebastian Pookulam
Rev. Fr. Thomas Nagaparambil
Rev. Fr. Thomas Poriyath
Rev. Fr. Joseph Mathew Oliakattil
Rev. Fr. Abraham Vallopilly
Rev. Fr. John Valliamthadathil
Rev. Fr. Joseph Thekkumkattil
Rev. Fr. Joseph Kalarickal
Rev. Fr. Kuriakose Mukala
Rev. Fr. Rony Paul Kavil
Rev. Fr. Philip Chakkummoottil
Rev. Fr. Vincent Kandathil
Rev. Fr. Kurian Thannickal
Rev. Fr. Joseph Chundayil
Rev. Fr. Jacob Puthenpurayil
Rev. Fr. Zacharias Nedumala
Rev. Fr. George Vellaramkalayil
Rev. Fr. Scaria Thundathil
Rev. Fr. Thomas Panthaplackal CMI
Rev. Fr. Thomas Edayal MCBS

## Nominated Members

Rev. Fr. Abraham Kavilpurayidathil
Rev. Fr. Siby Pulickal
Rev. Fr. James Kiliyananickal

# മതബോധനം

വിശ്വാസപരിശീലന കാര്യാലയത്തിൽ നിന്നും ആശംസകൾ!

ജപമാല ഭക്തിയുടെ പുണ്യദിനങ്ങളായ ഒക്ടോബർ മാസത്തിലേക്ക് നാം പ്രവേശിക്കുകയാണ്. മംഗളവാർത്ത മുതൽ ഈശോയുടെ ജനനവും ജീവിതവും മരണവും ഉത്ഥാനവുമെല്ലാം ജപമാലയിലൂടെ നാം ധ്യാനിക്കുമ്പോൾ നമ്മുടെ ജീവിതത്തിലെ സന്തോഷവും ദുഃഖവുമെല്ലാം മഹത്വത്തിന്റെ വഴികളിലേക്കുള്ള ചൂണ്ടുപലകകളാണെന്ന് ഓരോ രഹസ്യവും നമ്മെ അനുസ്മരിപ്പിക്കുന്നു. ജപമാലയിൽ നിന്ന് ശക്തിയും ഊർജ്ജവും സ്വീകരിച്ച് സഹന വഴികളെ പുണ്യവഴികളാക്കി മാറ്റിയവരാണ് നമ്മുടെ പൂർവികർ. നമുക്ക് ലഭിച്ചിരിക്കുന്ന ഈ വിശ്വാസ സാക്ഷ്യം ഇനിയുള്ള തലമുറകൾക്കും നാം പകർന്നു കൊടുക്കണം. കുടുംബങ്ങളിൽ സന്ധ്യാപ്രാർത്ഥനയ്ക്ക് മുടക്കം വരാതെ നമ്മുടെ മക്കളെ ജപമാല ഭക്തിയിൽ വളർത്താൻ ശ്രമിക്കണം. ഇടവക ദൈവാലയങ്ങളിൽ പത്ത് ദിവസം നടക്കുന്ന കൊന്ത നമസ്ക്കാരത്തിലും ബഥാനിയായിൽ നടക്കുന്ന അഖണ്ഡ ജപമാല സമർപ്പണത്തിലും സാധിക്കുന്നവരെല്ലാവരും പങ്കെടുക്കാൻ ശ്രമിക്കുമല്ലോ.

2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിത മാസമായി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. നമ്മുടെ പ്രഥമ പ്രേഷിത കൃത്യം പ്രാർത്ഥനയാണ്. 1893-ൽ ലെയോ പതിമൂന്നാമൻ പാപ്പ പറഞ്ഞു 'ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ'. മിഷിനറി ചൈതന്യം ഭാരതത്തിന്റെ സന്താനങ്ങളായ ഓരോ വിശ്വാസിയുടേയും കടമയാണ്. പ്രേഷിതർക്കു വേണ്ടിയും പ്രേഷിതപ്രവർത്തനങ്ങൾക്കു വേണ്ടിയും പ്രാർത്ഥിച്ച് മിഷൻ ഞായർ നമുക്ക് കൊണ്ടാടാം.

### നാമഹേതുക തിരുനാൾ ആശംസകൾ

ഒക്ടോബർ ഒന്നാം തീയതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിന് രൂപതാ മതബോധന കേന്ദ്രത്തിന്റെ ആശംസകളും പ്രാർത്ഥനകളും.

### ലൂമിന 2019

സെപ്റ്റംബർ 22-ന് കോടഞ്ചേരി മേഖലയിൽ 'ലൂമിന 2019' നടക്കുകയുണ്ടായി. റവ. ഫാ. ഷാന്തി പുതുശ്ശേരി പ്രോഗ്രാം നയിച്ചു. ഫൊറോന വികാരി റവ. ഫാ. തോമസ് നാഗപറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ച പ്രോഗ്രാം 9.30 ന് ആരംഭിച്ച് 3.30-ന് അവസാനിച്ചു. 360 കുട്ടികൾ പങ്കെടുത്ത പ്രോഗ്രാ മിന് നേതൃത്വം നൽകിയ മേഖലാഭാരവാഹികൾക്കും മതാധ്യാപകർക്കും പ്രത്യേകം നന്ദി.

**ലൂമിന: ഒക്ടോബർ, നവംബർ മാസത്തിൽ**

ഒക്ടോബർ 06 : തിരുവമ്പാടി മേഖല - (തിരുവമ്പാടി)
ഒക്ടോബർ 27 : മലപ്പുറം മേഖല - (മലപ്പുറം)
നവംബർ 09 (ശനി): മരുതോങ്കര മേഖല - (മരുതോങ്കര)
നവംബർ 09 (ശനി): പെരിന്തൽമണ്ണ മേഖല - (പെരിന്തൽമണ്ണ)
നവംബർ 10(ഞായർ): തിരുവമ്പാടി മേഖല - (തിരുവമ്പാടി)

## ഗുരുദർശൻ

സെപ്റ്റംബർ 20-21 തീയതികളിൽ മതാധ്യാപക തുടർപരിശീലനം 'ഗുരുദർശൻ' പി.എം.ഒ.സി. യിൽ വച്ച് നടക്കുകയുണ്ടായി റവ. ഫാ. ഷാന്തി പുതുശ്ശേരി ക്ലാസ്സുകൾ നയിച്ചു. 63 മതാധ്യാപകർ പ്രോഗ്രാമിൽ സംബന്ധിച്ചു.

**ഗുരുദർശൻ നവംബർ, ഡിസംബർ മാസങ്ങളിൽ**

നവംബർ 16-17 (ശനി, ഞായർ)
നവംബർ 23-24 (ശനി, ഞായർ)
ഡിസംബർ 14-15 (ശനി, ഞായർ)

## സൺഡേ സ്കൂൾ സന്ദർശനം

ഹെഡ്മാസ്റ്റേഴ്സ് നേതൃത്വം നൽകുന്ന സൺഡേസ്കൂൾ സന്ദർശനം സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലായി നടന്നുകൊണ്ടിരിക്കുന്നു. എല്ലാ ആഴ്ചകളിലും പതിനഞ്ച് ഇടവകകളിൽ സന്ദർശനം നടത്തുന്നുണ്ട്. ഇതിനോടകം 45 ഇടവകകളിൽ സന്ദർശനം പൂർത്തിയായിക്കഴിഞ്ഞു. ഏതെങ്കിലും ആഴ്ചകളിൽ ഇടവകകളിൽ അസൗകര്യം ഉണ്ടെങ്കിൽ അത് രണ്ട് ആഴ്ച മുമ്പുതന്നെ മതബോധന ഓഫീസിൽ അറിയി ക്കേണ്ടതാണ്. ഒക്ടോബർ മാസത്തിൽ 13, 20 തീയതികളിൽ സന്ദർ ശനം ഉണ്ടായിരിക്കുന്നതല്ല.

## മതബോധനം: അർദ്ധവാർഷിക പരീക്ഷ

ഒക്ടോബർ 13 ഞായറാഴ്ച രാവിലെ 11 മണി മുതൽ 01 മണിവരെ രൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും അർദ്ധവാർഷിക പരീക്ഷ നടക്കുന്നതാണ്. ചോദ്യപേപ്പറുകൾ ഒക്ടോബർ 05 ശനിയാഴ്ച പി.എം.ഒ.സി യിൽ നിന്നും മേഖലാ ഭാരവാഹികൾക്ക് നൽകുന്നതാണ്. പരീക്ഷയുടെ സമയക്രമം പാലിക്കുന്നതിൽ കൃത്യത വരുത്താൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലാ.

## മിഷൻ ഞായർ

ഒക്ടോബർ 20-ാം തീയതി മിഷൻ ഞായർ ആഘോഷിക്കുകയാ ണല്ലോ. മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും മിഷനറിമാരെക്കുറിച്ചും കൂടുതൽ അറിയാനും പഠിപ്പിക്കാനുമുള്ള അവസരമാക്കി മാറ്റി, ഉചിതമായ രീതിയിൽ ഈ ദിനം ആഘോഷിക്കുമല്ലോ.

## മതാധ്യാപക ദിനം

നവംബർ 04-ാം തീയതി മതബോധന മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാളിനോടനുബന്ധിച്ച് നവംബർ 03 ഞായറാഴ്ച എല്ലാ ഇടവകകളിലും ഉചിതമായ രീതിയിൽ മതാധ്യാപകരെ ആദരിക്കേണ്ടതാണ്.

## പ്രതിഭാസംഗമം HCC II

നവംബർ 9-10 (ശനി, ഞായർ) തീയതികളിൽ HCC II കുട്ടികളുടെ രൂപതാതല പ്രതിഭാസംഗമം പി.എം.ഒ.സി യിൽ വച്ച് നടക്കുന്നതാണ്. നവംബർ 09 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് രജസ്ട്രേഷനോടുകൂടി ആരംഭിക്കുന്ന സംഗമം നവംബർ 10 ഞായറാഴ്ച 3.00 മണിക്ക് അവസാനി ക്കുന്നതാണ്. അതിനുമുന്നോടിയായി മേഖലകളിൽ തിരഞ്ഞെടുപ്പ് നടത്തി മൂന്നു വീതം ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പേര്, ഇടവക, ഫോൺ നമ്പർ എന്നിവ ഒക്ടോബർ 25-നകം മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. സംഗമത്തിനു വരുന്നവർ ഒരു ദിവസം താമസി ക്കാനാവശ്യമായ ബെഡ്ഷീറ്റ് അടക്കമുള്ള സാധനങ്ങൾ കൊണ്ടു വരേണ്ടതാണ്.

**ഫാ. ജോസഫ് വടക്കേൽ**
ഡയറക്ടർ, മതബോധനം

# മിഷൻലീഗ്

## ശാഖാ സന്ദർശനം

സെപ്റ്റംബർ ഒന്നാം തീയതി ചക്കിട്ടപ്പാറ ശാഖ സന്ദർശിച്ച് കുട്ടികൾക്ക് ക്ലാസെടുക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## എയ്ഞ്ചൽസ് മീറ്റ്

കോടഞ്ചേരി മേഖലയിലെ നവ പ്രേഷിത സംഗമം സെപ്റ്റംബർ 13- ന് കോടഞ്ചേരിയിൽ വച്ചു നടത്തി. രൂപതാ ഡയറക്കടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ, സി. ടെൽന എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## സംസ്ഥാന സമിതിയുടെ സന്ദർശനം

സംസ്ഥാന സമിതിയുടെ നേതൃത്വത്തിലുള്ള മികച്ച രൂപത, മേഖല, ശാഖ എന്നിവ തിരഞ്ഞെടുക്കുന്നതിനുള്ള സന്ദർശനം സെപ്റ്റംബർ 8 ന് രൂപതയിലും പെരിന്തൽമണ്ണ മേഖലയിലും മരിയാപുരം, കട്ടിപ്പാറ ശാഖകളിലും നടന്നു.

## സംസ്ഥാന സാഹിത്യ മത്സരം

സെപ്റ്റംബർ 21-ന് പി.എം.ഒ.സി. യിൽ വച്ച് സംസ്ഥാന സാഹിത്യ മത്സരം നടന്നു. രൂപതാ മത്സരത്തിൽ പങ്കെടുത്ത് വിജയിച്ച ഒന്നും, രണ്ടും സ്ഥാനത്തിന് അർഹരായവരാണ് സംസ്ഥാന മത്സരത്തിൽ പങ്കെടുത്തത്. മിഷൻ ലീഗിന്റെ ദേശീയ പ്രസിഡന്റ് ബിനോയി പള്ളിപറമ്പിൽ നേതൃത്വം നൽകി.

## എഴുത്തുകൂട്ടം

സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി സെപ്റ്റംബർ 20, 21 തീയതികളിലായി പി.എം.ഒ.സി. യിൽ വച്ച് ഡ്രോയിംഗ്, കഥ, കവിത, ഉപന്യാസം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി പരിശീലന ക്ലാസ് സംഘടിപ്പിച്ചു. കെ. എഫ്.ജോർജ്, ജോജി കരികണ്ടൻപറ എന്നിവർ നേതൃത്വം നൽകി.

## മാലിപറമ്പിൽ അനുസ്മരണവും സംസ്ഥാന മാനേജിംഗ് കമ്മിറ്റിയും

ചങ്ങനാശ്ശേരി അതിരൂപതയിലെ ആർപ്പൂക്കര ചെറുപുഷ്പ ദൈവാലയത്തിൽ വച്ച് സെപ്റ്റംബർ 14-ന് ചെറുപുഷ്പ മിഷൻ ലീഗിന്റെ സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപറമ്പിൽ അച്ചന്റെ അനുസ്മരണ യോഗം ചങ്ങനാശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. ഈ അനുസ്മരണയോഗത്തിലും തുടർന്നു സംസ്ഥാന പ്രസിഡന്റ് ബിനു മാങ്കൂട്ടത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന സംസ്ഥാന മാനേജിംഗ് കമ്മിറ്റിയിലും രൂപതാ ടീം പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ വച്ച് കുഞ്ഞേട്ടൻ സ്കോളർഷിപ്പ് വിതരണം ചെയ്തു. നമ്മുടെ രൂപതയിൽ നിന്ന് മരിയാപുരം ശാഖാംഗമായ ആൻമരിയ ജോൺസൺ കണിയാഞ്ഞാലിൽ അർഹയായി.

## ദൈവവിളി മാസാചരണം

ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി രൂപത ഒക്ടോബർ മാസം ദൈവവിളി മാസമായി ആചരിക്കുകയാണ്, കുട്ടികളിൽ ദൈവവിളിയെ ക്കുറിച്ചുള്ള ചിന്തവളർത്തുന്നതിനും ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കേണ്ട തിന്റെ ആവശ്യകത മനസ്സിലാക്കുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ക്രമീരിച്ചിരിക്കുന്നത്. സെപ്റ്റംബർ 29-ാം തീയതി കുട്ടികൾക്കുള്ള കുർ ബാന മദ്ധ്യേ തന്നിരിക്കുന്ന തിരിതെളിച്ചുകൊണ്ട് ദൈവവിളി മാസം ഔദ്യോഗികമായി ശാഖകളിൽ ഉദ്ഘാടനം ചെയ്യുകയും ദൈവവിളിക്കു വേണ്ടിയുള്ള പ്രാർത്ഥന കുട്ടികളെക്കൊണ്ട് ചൊല്ലിക്കുകയും ചെയ്യേണ്ട താണ്. നൽകിയിരിക്കുന്ന പ്രാർത്ഥന എല്ലാ ഭവനങ്ങളിലേക്കും കൊടുത്തു വിടുകയും സന്ധ്യാപ്രാർത്ഥനക്കുശേഷം എല്ലാ ഭവനങ്ങളിലും ഈ പ്രാർ ത്ഥന ചൊല്ലുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുമല്ലോ. സാധിക്കു മെങ്കിൽ എല്ലാ ഭവനത്തിലേക്കും ഇടവകയിൽ നിന്ന് ഒരു തിരി വെഞ്ചിരിച്ച് നൽകുകയും

ദൈവവിളി ക്കുവേണ്ടിയുള്ള പ്രാർത്ഥന ഈ തിരിതെളിച്ച് ചൊല്ലുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

ഈ മാസത്തിൽ എല്ലാ ദിവസവും ഒരു ജപമാലയെങ്കിലും ദൈവ വിളിക്കുവേണ്ടി ചൊല്ലി കാഴ്ചവെക്കുന്നതിന് കുട്ടികളെ പ്രോത്സാ ഹിപ്പിക്കണം.

മിഷനറിമാരായ വൈദികരും സന്യസ്തരുമായവരുടെ അനുഭവങ്ങൾ പങ്കുവെക്കലും, വൈദീക സന്യസ്ത സംഗമങ്ങളും, വൈദീകരേയും സന്യ സ്തരേയും ആദരിക്കലും, വൈദീക വിശ്രമ മന്ദിരങ്ങളും സെമിനാരികളും സന്ദർശിക്കുകയും, ശാഖകളിൽ ദൈവവിളി സെമിനാറുകൾ, മിഷൻ എക്സിബിഷൻ തുടങ്ങിയ വ്യത്യസ്തമായ കർമ്മ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് ദൈവവിളിമാസം കൂടുതൽ ഫലപ്രദമാക്കുവാൻ ശാശഖകൾ ശ്രദ്ധകൊടുക്കേണ്ടതാണ്.

ദൈവവിളി മാസാചരണത്തോടനുബന്ധിച്ച് ശാഖകളിൽ വ്യത്യസ്തമായ കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന ശാഖക്ക് പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ പ്രത്യേക സമ്മാനങ്ങൽ നൽകുന്നതാണ്.

**അസാധാരണ മിഷൻ മാസാചരണം**

പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പ ഒക്ടോബർ മാസം ആഗോള സഭയിൽ അസാധാരണ മിഷൻ മാസമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ എല്ലാ ശാഖകളിലും ഒക്ടോബർ മാസം മിഷൻലീഗിന്റെ പതാക ഉയർത്തുകയും മിഷൻ മാസാചരണം അതിന്റെ പ്രാധാന്യത്തോടെ ആചരിക്കുകയും ചെയ്യേണ്ടതാണ് എന്നകാര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു.

**രൂപതാ കലോത്സവം**

ഒക്ടോബർ 7-ാം തീയതി താമരശ്ശേരി (കോരങ്ങാട്) അൽഫോൻസ സീനിയർ സെക്കണ്ടറി സ്കൂളിൽ വച്ച് രൂപതാ കലോത്സവം നടക്കുന്നതാണ്. രാവിലെ 8.45 ന് രജിസ്ട്രേഷനോടുകൂടെ ആയിരിക്കും പരിപാടികൾ ആരംഭിക്കുക. മാത്സരാത്ഥികൾ കൃത്യസമയത്തുതന്നെ മത്സരം ആരംഭിക്കുന്ന സ്ഥലത്ത് എത്തിച്ചേരേണ്ടതാണ്.

**പ്രോഗ്രാം**

08.45 : രജിസ്ട്രേഷൻ
09.00 : ഉദ്ഘാടന സമ്മേളനം
09.30 : വിവിധ വേദികളിൽ മത്സരം ആരംഭിക്കുന്നു.
03.30 : സമാപന സമ്മേളനം.

## സംസ്ഥാന കലോത്സവം

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന കലോത്സവം നവംബർ 9-ാം തീയതി പാലാരൂപതയിൽ വച്ച് നടക്കുന്നു. രൂപതാ കലോത്സവത്തിൽ പങ്കെടുത്ത് വിജയിച്ച് സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കാൻ തിരഞ്ഞെടുക്കപ്പെടുന്നവർ എല്ലാവരും പാലായിൽ നടക്കുന്ന കലോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്.

## ചെറുപുഷ്പ മിഷൻലീഗ് താമരശ്ശേരി രൂപതാ, 2019-20 സാഹിത്യമത്സര വിജയികൾ

### പെൻസിൽ ഡ്രോയിംഗ്

#### സീനിയർ വിഭാഗം

ഒന്നാം സ്ഥാനം : ഷാരോൺ ജോഷി ഈന്തുങ്കൽ പാതിരിക്കോട്, കരുവാരകുണ്ട്

രണ്ടാം സ്ഥാനം : അമൽ ചാക്കോ കൊച്ചീലാത്ത് കൂരോട്ടുപാറ, കോടഞ്ചേരി

മൂന്നാം സ്ഥാനം : സ്നേഹ തോമസ് അമ്പാട്ട് പേരാമ്പ്ര, കൂരാച്ചുണ്ട്

മൂന്നാം സ്ഥാനം : ലിയോ വിളവീട്ടിൽ കരുവാരകുണ്ട്, കരുവാരകുണ്ട്

#### ജൂനിയർ വിഭാഗം

ഒന്നാം സ്ഥാനം : തെരേസ മാത്യു പതാപറമ്പിൽ, മരുതോങ്കര, മരുതോങ്കര

രണ്ടാം സ്ഥാനം : സലോമി റോസ് ബേസിൽ ചാവറ, അമലാപുരി, പാറോപ്പടി

മൂന്നാം സ്ഥാനം : സെബാസ്റ്റിൻ ജോസ് രണ്ടുകാവിൽ ചെമ്പനോട, മരുതോങ്കര

#### സബ്ജൂനിയർ വിഭാഗം ജലഛായം

ഒന്നാം സ്ഥാനം : ആർദ്ര ആൻ മെഴുകനാൽ കണ്ണോത്ത്, കോടഞ്ചേരി

രണ്ടാം സ്ഥാനം : മേരി സാനിയ കിടങ്ങൻ അമലാപുരി, പാറോപ്പടി

മൂന്നാം സ്ഥാനം : എത്സ നിയ ചെരിയമ്പുറത്ത്, ചക്കിട്ടപാറ

### ഉപന്യാസം

#### ജൂനിയർ ആൺ

ഒന്നാം സ്ഥാനം : ക്ലമന്റ് കുരിയാക്കോസ് പുരയിടത്തിൽ, വിലങ്ങാട്, വിലങ്ങാട്

രണ്ടാം സ്ഥാനം : അലക്സ് ഡെന്നീസ് ചെനപക്കര, പൂതമ്പാറ, മരുതോങ്കര

മൂന്നാം സ്ഥാനം : അലൻ ജോസഫ് കടവിൽ, കുണ്ടായിതോട്, പാറോപ്പടി

**ജൂനിയർ പെൺ**

ഒന്നാം സ്ഥാനം : സാന്ദ്ര മരിയ ജോളി ഉണ്ണിയേപ്പള്ളിൽ, തിരുവമ്പാടി, തിരുവമ്പാടി

രണ്ടാം സ്ഥാനം : ലീന പുതിയാപറമ്പിൽ ചുണ്ടത്തുംപൊയിൽ, തോട്ടുമുക്കം മൂന്നാം

സ്ഥാനം : ആൻ മേരി അഗസ്റ്റിൻ തലച്ചിറ, ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്

**സീനിയർ ആൺ**

ഒന്നാം സ്ഥാനം : ജോയൽ ജോർജ്ജ് ചേന്നംപറമ്പിൽ, താഴെക്കോട്ട്, പെരിന്തൽമണ്ണ

രണ്ടാം സ്ഥാനം : വിക്ടർ ജോസഫ്, വടയാറ്റുകുന്നേൽ, ദേവഗിരി, പാറോപ്പടി

മൂന്നാം സ്ഥാനം : സ്റ്റീവ് മലയാറ്റൂർ, ചെമ്പനോട, മരുതോങ്കര

**സീനിയർ പെൺ**

ഒന്നാം സ്ഥാനം : മമത റോസ് വീട്ടുവേലിക്കുന്നേൽ, മരിയാപുരം, പെരിന്തൽമണ്ണ

രണ്ടാം സ്ഥാനം : അൽഫോൻസ് റോയി പുളിക്കൽ, പശുക്കടവ്, മരുതോങ്കര

മൂന്നാം സ്ഥാനം : മേരി ജോൺ കാരിക്കുഴിയിൽ, മഞ്ഞുവയൽ, കോടഞ്ചേരി

**സൂപ്പർ സീനിയർ ആൺ**

ഒന്നാം സ്ഥാനം : ജോളി ജോസഫ് ഉണ്ണിയേപ്പിള്ളിൽ, തിരുവമ്പാടി, തിരുവമ്പാടി

രണ്ടാം സ്ഥാനം : വിൻസെന്റ് കുണ്ടുകുളങ്ങര, അമലാപുരി, പാറോപ്പടി

മൂന്നാം സ്ഥാനം : ബിജു കന്നാലിൽ, കരിങ്ങട്, മരുതോങ്കര

**സൂപ്പർസീനിയർ പെൺ**

ഒന്നാം സ്ഥാനം : ജിഷ സതീഷ് തെങ്ങുമ്പള്ളിൽ, കാറ്റുള്ളമല, കൂരാച്ചുണ്ട്

രണ്ടാം സ്ഥാനം : ലിസി ജോൺ കുറ്റിക്കാടൻ, അശോകപുരം, പാറോപ്പടി

മൂന്നാം സ്ഥാനം : ജിജി ജിനോയി പ്ലാമ്പറമ്പിൽ, മാലാപറമ്പ്, പെരിന്തൽമണ്ണ

## കവിതാ രചന

### ജൂനിയർ ആൺ

ഒന്നാം സ്ഥാനം : ക്രിസ്റ്റോ ഷിബു എടാട്ട്, ചക്കിട്ടപാറ, കൂരാച്ചുണ്ട്

രണ്ടാം സ്ഥാനം : ഡെൽവിൻ പ്രകാശ് ഞൊണ്ടിമ്മാക്കൽ, ചെമ്പനോട, മരുതോങ്കര

മൂന്നാം സ്ഥാനം : ഹെമിൻ ജോർജ്ജ് ഞവരക്കാട്ട്, നരിനട, കൂരാച്ചുണ്ട്

### ജൂനിയർ പെൺ

ഒന്നാം സ്ഥാനം : അന്നമ്മ വർഗീസ് തോപ്പിൽപള്ളിയോടിൽ, മരുതോങ്കര, മരുതോങ്കര

രണ്ടാം സ്ഥാനം : എലിസബത്ത് പൂത്തറമണ്ണിൽ, പാതിരിക്കോട്, കരുവാരകുണ്ട്

മൂന്നാം സ്ഥാനം : അന്ന മരിയ പുതിയേടത്ത്, കോടഞ്ചേരി, കോടഞ്ചേരി

മൂന്നാം സ്ഥാനം : മിധുഷ മാത്യു കാരക്കാട്ട്, വയലിട, താമരശ്ശേരി

### സീനിയർ ആൺ

ഒന്നാം സ്ഥാനം : ബെസ്റ്റിൻ റ്റോം ആലപ്പാട്ട്, കോനൂർകണ്ടി, തോട്ടുമുക്കം

രണ്ടാം സ്ഥാനം : ജോജു ജോൺ പ്ലാത്തോട്ടത്തിൽ, കാറ്റുള്ളമല, കൂരാച്ചുണ്ട്

മൂന്നാം സ്ഥാനം : അഖിൽ ജോളി വെട്ടുവയലിൽ, ചെമ്പുകടവ്, കോടഞ്ചേരി

മൂന്നാം സ്ഥാനം : ജോസഫ് ജെസ്റ്റിൻ കിഴക്കേതൈങ്ങോലിൽ, മലാപറമ്പ്, പെരിന്തൽമണ്ണ

### സീനിയർ പെൺ

ഒന്നാം സ്ഥാനം : മമത റോസ് വീട്ടുവേലിക്കുന്നേൽ, മരിയാപുരം പെരിന്തൽമണ്ണ

രണ്ടാം സ്ഥാനം : എലിസബത്ത് കാപ്പിൽ, ചെമ്പനോട, മരുതോങ്കര

മൂന്നാം സ്ഥാനം : ലമി ലേവ്യൻസ് വീട്ടിയാങ്കൽ, ചക്കിട്ടപാറ, മരുതോങ്കര

### സൂപ്പർ സീനിയർ ആൺ

ഒന്നാം സ്ഥാനം : പ്രദീപ് ജോസഫ് പുതുപ്പള്ളിൽ, കുന്ദമംഗലം, പാറോപ്പടി
രണ്ടാം സ്ഥാനം : അഗസ്റ്റിൻ എം.ടി. മളികമംഗലം, അശോകപുരം, പാറോപ്പടി
മൂന്നാം സ്ഥാനം : ബിനെയ് പീറ്റർ കിക്കരിക്കാട്ടൂർ, പെരിന്തൽമണ്ണ, പെരിന്തൽമണ്ണ

### സൂപ്പർ സീനിയർ പെൺ

ഒന്നാം സ്ഥാനം : അഞ്ചു ഫ്രാൻസിസ് തേവർക്കാട്ടിൽ, കക്കാടംപൊയിൽ, തോട്ടുമുക്കം
രണ്ടാം സ്ഥാനം : ലെയ ക്രിസ്റ്റി ജോർജ്ജ് കൂരാപ്പിള്ളിൽ, കൂരാച്ചുണ്ട്, കൂരാച്ചുണ്ട്
മൂന്നാം സ്ഥാനം : ലിസ്ന ജെനിൻ തൊട്ടിയിൽ, ചെമ്പുകടവ്, കോടഞ്ചേരി

## കഥാ രചന

### ജൂനിയർ ആൺ

ഒന്നാം സ്ഥാനം : സ്റ്റീഫൻ സ്കറിയ കൂത്രപ്പള്ളി, പാലൂർകോട്ട, പെരിന്തൽമണ്ണ
രണ്ടാം സ്ഥാനം : ക്രിസ്റ്റിൻ മാത്യു കുരിശുമ്മൂട്ടിൽ, ചാപ്പൻതോട്ടം, മരുതോങ്കര
മൂന്നാം സ്ഥാനം : അതുൽ സുനിൽ വെട്ടുകല്ലുംപുറത്ത്, കോടഞ്ചേരി, കോടഞ്ചേരി

### ജൂനിയർ പെൺ

ഒന്നാം സ്ഥാനം : ഹെലൻ സെബാസ്റ്റിൻ മറ്റത്തിൽ, പുഷ്പഗിരി, തോട്ടുമുക്കം
രണ്ടാം സ്ഥാനം : അനഘ അൽഫോൻസ കുരിശിങ്കൽ തേഞ്ഞിപ്പാലം പാറോപ്പടി
മൂന്നാം സ്ഥാനം : ഡയിന്റി മരിയ സാബു സ്രാമ്പിക്കൽ, ആനിക്കാംപൊയിൽ, തിരുവമ്പാടി

### സീനിയർ ആൺ

ഒന്നാം സ്ഥാനം : മൽബിൻ ജോസഫ് കിഴക്കേവീട്ടിൽ, താഴെക്കോട്, പെരിന്തൽമണ്ണ

രണ്ടാം സ്ഥാനം : കിരൺ ജോസഫ് കടവിൽ, കുണ്ടായിത്തോട്, പാറോപ്പടി

മൂന്നാം സ്ഥാനം : അനസ്റ്റിൻ വല്ലൂപ്പാറ, അശോകപുരം, പാറോപ്പടി

## സീനിയർ പെൺ

ഒന്നാം സ്ഥാനം : എമിൽ കെ സുബിൻ കുന്നിരിക്കൽ, തേഞ്ഞിപ്പാലം, പാറോപ്പടി

രണ്ടാം സ്ഥാനം : എയ്ഞ്ചൽ ഡൊമിനിക് കൊടിമരത്തുംമൂച്ചിൽ, പാലൂർ, വിലങ്ങാട് മൂന്നാം

സ്ഥാനം : അനഘ മരിയ ബെൻ നരിക്കുഴിയിൽ, കട്ടാങ്കൽ പാറോപ്പടി

## സൂപ്പർ സീനിയർ ആൺ

ഒന്നാം സ്ഥാനം : പ്രദീപ് ജോസഫ് പുതുപ്പള്ളിൽ, കുന്ദമംഗലം, പാറോപ്പടി

രണ്ടാം സ്ഥാനം : ഷിനു ജോസഫ് ചിറപ്പുറത്ത്, മാലാപറമ്പ്, പെരിന്തൽമണ്ണ

മൂന്നാം സ്ഥാനം : ജോസ് വയലിൽ, തേഞ്ഞിപ്പാലം, പാറോപ്പടി

മൂന്നാം സ്ഥാനം : ബെന്നി വെള്ളക്കാക്കുടിയിൽ, ചെമ്പുകടവ്, കോടഞ്ചേരി

## സൂപ്പർ സീനിയർ പെൺ

ഒന്നാം സ്ഥാനം : ലീന സക്കറിയ പനച്ചിക്കൽകരോട്ട്, ,ദേവഗിരി, പാറോപ്പടി

രണ്ടാം സ്ഥാനം : ഗയ്സ് ഷാലറ്റ് കോടക്കൽ, മാവൂർ, പാറോപ്പടി

മൂന്നാം സ്ഥാനം : സിബിലി മാത്യു പള്ളിക്കുന്ന്, കരുവാരകുണ്ട്, കരുവാരകുണ്ട്

**ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ**
ഡയറക്ടർ, മിഷൻ ലീഗ്

# പോപ്പ് ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ട്

### അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി

ക്രിസ്ത്യൻ ചെയറിന്റെ കീഴിലുള്ള Advancde Diploma in Couseling Psychology- ൽ ആറാമത്തെ ബാച്ച് വിദ്യാർത്ഥികളുടെ രണ്ടാമത്തെ സെമസ്റ്റർ ക്ലാസ്സുകൾ വളരെ ഭംഗിയായി മുന്നോട്ടു പോകുന്നു.

### മാസ്റ്റർ ഓഫ് സയൻസ് ഇൻ കൗൺസിലിംഗ് സൈക്കോളജി (2 Year)

'സിംഗാനിയാ' യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റഡ് ആയ രണ്ടുവർഷത്തെ ദൈർഘ്യമുള്ള Msc in Counseling Psychology യുടെ ക്ലാസുകൾ പി.എം.ഒ.സി. യിലെ പുതിയ ബ്ലോക്കിൽ നടക്കുന്നു.

### ഓണാഘോഷം

സെപ്റ്റംബർ 14-ാം തീയതി, ശനിയാഴ്ച Advanced Diploma വിദ്യാർത്ഥികളും Msc വിദ്യാർത്ഥികളും സംയുക്തമായി പി.എം.ഒ.സി. യിൽ വച്ച് ഓണാഘോഷം നടത്തുകയുണ്ടായി. ഓണസദ്യയ്ക്ക് ശേഷം ഓണപരിപാടികളും വിവിധതരം ഗെയിമുകളും ലീഡർമാരുടെ നേതൃ ത്വത്തിൽ നടത്തുകയും മുഖ്യാതിഥിയായ Line artist -ഉം പൂർവ്വവിദ്യാർ ത്ഥിയുമായ ശ്രീമതി. ആനന്ദ ജ്യോതി ഓണസന്ദേശം നൽകി. ഡോ. കുര്യൻ പുരമഠം എല്ലാവർക്കും സ്വാഗതം നേരുകയും ഫാ. ജെയിംസ് ചേരിക്കൽ (കാനഡ) ആശംസ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. ലീഡർ സുരേഷ് നന്ദിപറഞ്ഞുകൊണ്ട് ഓണാഘോഷങ്ങൾ അവസാനിപ്പിച്ചു.

**ഫാ. കുര്യൻ പുരമഠം**
ഡയറക്ടർ, പോപ്പ് ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

### വി. കുർബാനയുടെ പ്രത്യേക ശുശ്രൂഷകർക്കായുള്ള സെമിനാർ (Seminar for the Extra- Ordinary ministers of Holy Communion)

നമ്മുടെ രൂപതയിലെ ദേവാലയങ്ങളിലും, സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ ദിവ്യകാരുണ്യം നൽകാൻ സഹായിക്കുന്ന സിസ്റ്റേഴ് സിനായുള്ള സെമിനാർ നടത്തി. അഭിവന്ദ്യ പിതാവിന്റെ പ്രത്യേക താത്പര്യപ്രകാരം നടത്തിയ

സെമിനാറിന് റവ. ഫാ. ആന്റണി നരികുളം നേതൃത്വം നൽകി. മൂന്നു ബാച്ചുകളിലായി നടത്തിയ സെമിനാറിൽ ആകെ 339 സിസ്റ്റേഴ്സ് പങ്കെടുത്തു. സെമിനാറിൽ പങ്കെടുത്തു സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ ബഹു. സിസ്റ്റേഴ്സിന് അഭിനന്ദനങ്ങൾ. കൂടുതൽ സ്നേഹത്തോടും തീക്ഷണതയോടും കൂടെ തങ്ങളുടെ ശുശ്രൂഷ ചെയ്യാൻ സെമിനാർ ഉപകരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## Advanced Diploma Course in Theology

സെപ്റ്റംബർ 14-ാം തീയതി "സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം" എന്ന വിഷയത്തെക്കുറിച്ച് റവ. ഡോ. ബിനു കുളത്തിങ്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ബഹു. ബിനു കുളത്തിങ്കലച്ചനു സ്നേഹപൂർവ്വം നന്ദി.

ഒക്ടോബർ 12-ാം തീയതി Advanced Diploma Course in Theology രണ്ടാം ബാച്ച് ക്ലാസ്സുകൾ ആരംഭിക്കുകയാണ്. മോസ്റ്റ് റവ. ഡോ. ജോസഫ് മാർ തോമസ് തിരുമേനി രാവിലെ 10 മണിക്ക് അക്കാദമിക് ഇയർ ഉദ്ഘാടനം ചെയ്യും. റവ. ഫാ. ജോർജ്ജ് മുണ്ടനാട്ട്, ഡോ. ജേക്കബ് കൂത്തൂർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. ദൈവശാസ്ത്ര, ബൈബിൾ പഠനത്തിനു താൽപര്യമുള്ളവരെ ബഹു. വികാരിയച്ചന്മാർ പറഞ്ഞയച്ചാൽ ഏറെ നന്നായിരുന്നു. അപേക്ഷാ ഫോറം പി. എം.ഒ.സി. യിലുള്ള മതബോധന ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. വിശദവിവരങ്ങൾക്കായി www.popebenedictinstitute.com എന്ന വെബ് സൈറ്റ് സന്ദർശി ക്കാവുന്നതാണ്

**ഫാ. തോമസ് കളരിക്കൽ**
ഡയറക്ടർ, പോപ്പ് ബനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

# കരിസ്മാറ്റിക് മൂവ്മെന്റ്

## പ്രാർത്ഥനാ ഗ്രൂപ്പ്, സബ് സോൺ പുനഃസംഘടനകൾ

2019 ജൂലൈ മാസം ആരംഭിച്ച പ്രാർത്ഥനാ ഗ്രൂപ്പുകളുടെ പുനഃ സംഘടന അഭംഗുരം തുടർന്നു കൊണ്ടിരിക്കുന്നു. എഴുപതോളം ഇടവകാ പ്രാർത്ഥനാഗ്രൂപ്പുകളുടെ പുനഃസംഘടന ഇതിനകം നടന്നു കഴിഞ്ഞു. സോണൽ ആനിമേറ്റർ ഫാ. സൈമൺ വള്ളോപ്പിള്ളിയുടെയും, കോ-ഓർ ഡിനേറ്റർ ജേക്കബ് തോമസിന്റെയും, മറ്റു സർവ്വീസ് ടീമംഗങ്ങളുടെയും നേതൃത്വത്തിൽ ഇടവകകൾ സന്ദർശിച്ചു ഇടവകയിലെ പ്രാർത്ഥനാ ഗ്രൂപ്പംഗങ്ങൾക്ക് പുതിയ പ്രബോധനവും സന്ദേശവും നൽകി, പ്രാർത്ഥനാ ഗ്രൂപ്പുകൾക്ക് പുതിയ കോർഗ്രൂപ്പു

രൂപീകരിക്കുകയും പുതിയ ലീഡറെ കണ്ടെത്തുകയും ചെയ്യുകയാണ് പുനഃസംഘടനയിലൂടെ നടത്തുന്നത്. ബഹു. സബ്സോൺ ആനിമേറ്റർമാർക്കും ഇടവക വികാരിയച്ചന്മാർക്കും അവർ കാണിക്കുന്ന താല്പര്യത്തിനും പ്രോത്സാഹനങ്ങൾക്കും സ്നേഹ പൂർവ്വം കൃതജ്ഞതയർപ്പിക്കട്ടെ.

സെപ്റ്റംബർ 17-ാം തീയതി നടത്തിയ തിരുവമ്പാടി സബ്സോണിന്റെ സർവ്വീസ് ടീമിന്റെ പുനഃസംഘടനയോടെ സബ്സോൺ സർവ്വീസ് ടീമുകളുടെ പുനഃസംഘടനയും ആരംഭിച്ചു. എല്ലാ ഇടവകകളിലെയും തെരഞ്ഞെടുക്കപ്പെട്ട കോർഗ്രൂപ്പംഗങ്ങളും ഇപ്പോഴത്തെ സർവ്വീസ് ടീമംഗ ങ്ങളും ഒന്നിച്ചിരുന്ന് പ്രാർത്ഥിച്ച് പുതിയ സർവ്വീസ് ടീമിനെ തെര ഞ്ഞെടുക്കുന്നു. സോണൽ ആനിമേറ്റർ അച്ചൻ, സബ്സോൺ ആനിമേറ്റർ അച്ചൻ, സോണൽ സർവ്വീസ് ടീമംഗങ്ങൾ എന്നിവർ പുനഃസംഘടനക്കു നേതൃത്വം നൽകുന്നു. സെപ്റ്റംബർ 22-ാം തീയതി കൂരാച്ചുണ്ട് സബ് സോണിന്റെ പുനഃസംഘടന കരികണ്ടംപാറ ഇടവകയിൽ വച്ചു നടക്കുന്നു. ഒക്ടോബർ മാസം പകുതിയോടെ എല്ലാ സബ് സോണുകളുടെയും പുനഃ സംഘടന പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

### സോണൽ മീറ്റിംഗ്

കോഴിക്കോട് സോണിന്റെ സോണൽ മീറ്റിംഗ് സെപ്റ്റംബർ 13 ന് കോഴിക്കോട് അശോകപുരം ഇൻഫന്റ് ജീസസ് പള്ളിയിൽ വച്ചു നടന്നു. കൂട്ടായ്മക്കുവേണ്ടി ബഹു. സിസ്റ്റർ മേരി ക്ലയർ എഫ്. സി.സി വചനസന്ദേശവും ദിവ്യകാരുണ്യ ആരാധനയും നടത്തി. ഫാ. സൈമൺ വള്ളോപ്പിള്ളി ദിവ്യബലി അർപ്പിക്കുകയും അഭിഷേക പ്രാർത്ഥന നടത്തുകയും ചെയ്തു.

### സോണൽ സർവ്വീസ് ടീം മീറ്റിംഗ്

സോണിന്റെ സർവ്വീസ് ടീമംഗങ്ങൾ ആഗസ്റ്റ് 29 ന് PMOC യിൽ വച്ചു കൂടി. ഫാ. സൈമൺ വള്ളോപ്പിള്ളി, സി. ജോയ്സ് എം.എസ്.എം. ഐ, സി. ഫിൽസി എന്നിവരുടെ നേതൃത്വത്തിൽ കൂടിയ സർവ്വീസ് ടീം മീറ്റിംഗിൽ സോണിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പരിപാടികൾ തീരുമാനിക്കുകയും ചെയ്തു. സോണൽ ടീമംഗങ്ങൾ എല്ലാവരും ഒന്നുചേർന്ന് സെപ്റ്റംബർ 5-ാം തീയതി PMOC യിൽ വച്ച് ഒരു ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തി.

### LSS

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ എല്ലാ ഇടവകകളിലും ,സ്ഥാപന ങ്ങളിലും, സ്കൂളുകളിലും, സെമിനാരികളിലും, ആശുപത്രികളിലും, ചേരികളിലും എല്ലാം നടത്തണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടു ക്കൊണ്ടിരിക്കുന്ന ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ( LSS) പാറോപ്പടി ഫൊറോനാ പള്ളിയിൽവച്ചു നടത്തി. 9 ആഴ്ചകളിലായി നടത്തിയ ഈ പ്രോഗ്രാം വളരെ വിജയകരമായിരുന്നു. ക്ലാസ്സുകൾക്ക് ഫാ. സൈമൺ വള്ളോപ്പിള്ളി, സി. സി. മത്തായിക്കുഞ്ഞ്, അഗസ്റ്റിൻ മഠത്തിൽ, ജോൺ സൺ തുണ്ടത്തിൽ, ഷാജു കാഞ്ഞിരത്തുങ്കൽ തുടങ്ങിയവർ ഓരോ ദിവസവും നേതൃത്വം നൽകി. പങ്കെടുത്ത എല്ലാവർക്കും

കൗൺസലിംഗ് കൊടുത്തു. അഭിഷേക പ്രാർത്ഥനക്ക് ഫാ. സൈമൺ വള്ളോപ്പിള്ളിയും ഫാ. ജോസ് വടക്കേടവും നേതൃത്വം നൽകി.

**ദമ്പതീ സെല്ലുകൾ**

സോണിന്റെ കപ്പിൾസ് മിനിസ്ട്രിയുടെ കീഴിൽ പെരിന്തൽമണ്ണ ഫൊറോനാ ഇടവകയിലെ 9 യൂണിറ്റുകളിൽ പുതിയ ദമ്പതീ സെല്ലുകൾ രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു. ക്രിസ്തീയ സാക്ഷ്യം വഹിക്കുന്ന നവീകരിക്കപ്പെട്ട കുടുംബങ്ങളെ ലക്ഷ്യമാക്കിയുള്ള നവീകരണ ശുശ്രൂഷയുടെ ഭാഗമായാണിത്. ഇതിനു മുൻകൈയെടുത്തു പ്രവർത്തിച്ച ഫൊറോനാ വികാരി ഫാ. കുര്യാക്കോസ് ഐക്കുളമ്പിലിനും അച്ചനോ ടൊപ്പം ചേർന്നു പ്രവർത്തിച്ച പെരിന്തൽമണ്ണ സബ്സോൺ കോ-ഓർഡി നേറ്റർ സാജൻ അറക്കപറമ്പിലിനും സർവ്വീസ് ടീമംഗങ്ങൾക്കും അഭിനന്ദനങ്ങൾ .

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# അൾത്താര ശുശ്രൂഷി സംഘം

**കൂരാച്ചുണ്ട്**

സെപ്റ്റംബർ 13-ാം തീയതി വെള്ളിയാഴ്ച കൂരാച്ചുണ്ട് ഫൊറോ നയിലെ അൾത്താര ശുശ്രൂഷകർക്കായി കൂരാച്ചുണ്ട് പാരീഷ്ഹാളിൽ വച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ ഏകദിന സെമിനാർ നടത്തി. 97 പേർ പങ്കെടുത്തു. എല്ലാ ക്രമീകരണങ്ങളും ചെയ്ത ഫൊറോന വികാരി ഫാ. ജയിംസ് വാമറ്റത്തിലിനും മേഖലാ ഡയറക്ടർ സെബാസ്റ്റ്യൻ ചീരമറ്റത്തിലച്ചനും, ഡീക്കൻ തോമസ് കടപ്ലാക്കലിനും, കുട്ടികളെ പറഞ്ഞയച്ച എല്ലാ വികാരിയച്ചന്മാർക്കും സഹായിച്ച സിസ്റ്റേഴ്സിനും ഏറെ സ്നേഹത്തോടെ നന്ദിപറയുന്നു.

**പെരിന്തൽമണ്ണ**

പെരിന്തൽമണ്ണയിൽ വച്ച് നടത്തപ്പെട്ട മീറ്റിംഗിൽ 117 അൾത്താര ശുശ്രൂഷകർ പങ്കെടുത്തു. സെപ്റ്റംബർ 15 ഞായറാഴ്ച 2 മണിമുതൽ 4 മണിവരെ സംഘടിപ്പിച്ച മീറ്റിംഗിന് എല്ലാ ക്രമീകരണങ്ങളും ചെയ്ത ഫൊറോന വികാരി ഫാ. കുര്യാക്കോസ് ഐക്കുളമ്പിലിനും ഫൊറോന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പാട്ടശ്ശേരിക്കും ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിക്കും, സിസ്റ്റേഴ്സിനും എല്ലാ വികാരിയച്ചന്മാർക്കും നന്ദി.

### പുതുപ്പാടി

പുതുപ്പാടി ഇടവകയിലെ അൾത്താര ശുശ്രൂഷകർക്കായി സെപ്റ്റംബർ 13 വെള്ളിയാഴ്ച ഏകദിന പ്രോഗ്രാം സംഘടിപ്പിക്കപ്പെട്ടു. 15 കുട്ടികൾ പങ്കെടുത്തു. നേതൃത്വം നൽകിയ വികാരി ജേക്കബ് കാരക്കുന്നേലിനും, സി. മാർഗ്ഗരീത്താ, സി. കാതറൈൻ എന്നിവർക്കും നന്ദി.

### സന്ദർശനങ്ങൾ

സെപ്റ്റംബറിലെ വിവിധ ഞായറാഴ്ചകളിൽ ചക്കിട്ടപ്പാറ, താഴേക്കോട്, ആനക്കാംപൊയിൽ എന്നീ ഇടവകകളിലെ അൾത്താര ശുശ്രൂഷകരെ സന്ദർശിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തു.

**ഫാ. ജേക്കബ് അരീത്തറ**
ഡയറക്ടർ, അൾത്താര ശുശ്രൂഷാസംഘം

## മാതൃവേദി

സെപ്റ്റംബർ 8 പരിശുദ്ധ അമ്മയുടെ ജനനത്തിരുന്നാൾ യൂണിറ്റുകളിൽ മാതൃദിനമായി ആചരിച്ചു. പതാക ഉയർത്തൽ, ആന്തം, കാഴ്ചവെപ്പ്, പ്രതിജ്ഞ, നേർച്ചഭക്ഷണം എന്നിവയോടെയാണ് യൂണിറ്റുകൾ ജനനത്തിരുന്നാൾ ആഘോഷിച്ചത്.

### ഓണാഘോഷം

തോട്ടുമുക്കം മേഖലയുടെ നേതൃത്വത്തിൽ ഓണത്തോടനുബന്ധിച്ച് അമ്മമാർക്കായി മരഞ്ചാട്ടി സെന്റ് മേരീസ് സ്കൂൾ ഗ്രൗണ്ടിൽ കായിക മത്സരങ്ങൾ നടത്തി. ഫാ. വിനു മാളിയേക്കൽ, ഫാ. ജോസഫ് കളത്തിൽ, സി. ഇഗ്നേഷ്യ SABS, ചിന്നമ്മ വാമറ്റത്തിൽ, ഷാനി സണ്ണി എന്നിവർ നേതൃത്വം നൽകി.

### മരിയൻ ക്വിസ്

ഇന്റർനാഷണൽ മാതൃവേദി നടത്തുന്ന മരിയൻ ക്വിസ് ഒക്ടോബർ 7 ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടക്കുന്നു.

### പെനുവേൽ മെഗാക്വിസ്

ശാലോം ടീവിയും താമരശ്ശേരി രൂപത മാതൃവേദിയും ചേർന്ന് നടത്തുന്ന പെനുവേൽ മെഗാ ക്വിസിന്റെ ഒന്നാം റൗണ്ട് പൂർത്തിയായി. രണ്ടാം റൗണ്ട് ഒക്ടോബർ മാസത്തിൽ ശാലോം സ്റ്റുഡിയോയിൽ വെച്ച് നടക്കുന്നു.

## ദീപിക ഫ്രണ്ട്സ് വനിത വിംഗ്

പെരിന്തൽമണ്ണ മേഖല വനിത വിംഗ് രൂപീകരണവും സ്ത്രീ ശാക്തീകരണ സെമിനാറും പെരിന്തൽമണ്ണ അൽഫോൻസ ഫൊറോന ചർച്ചിൽ വെച്ച് നടന്നു. ഫാ. സായി പാറൻകുളങ്ങര, ഫാ. കുര്യാക്കോസ് ഐക്കുളമ്പിൽ, ഫാ. തോമസ് മലപ്രവനാൽ, ട്രീസ ജോൺ, ഫിലോമിന വർഗീസ്, ട്രീസ സെബാസ്റ്റ്യൻ എന്നിവർ യോഗത്തിൽ സംസാരിച്ചു. ഫാ. ജിനോ പുന്നമറ്റം സെമിനാർ നയിച്ചു. ബിനി മാത്യു സി. നിത ASMI എന്നിവർ നേതൃത്വം നൽകി.

## കുന്ദമംഗലം സെന്റ് ജോസഫസ് ഇടവക സമ്പൂർണ്ണ മാതൃവേദി ഇടവക

താമരശ്ശേരി രൂപതയിലെ ആദ്യ സമ്പൂർണ്ണ മാതൃവേദി ഇടവകയായി കുന്ദമംഗലം സെന്റ് ജോസഫ് ഇടവകയെ കുന്ദമംഗലത്ത് വച്ച് നടന്ന ചടങ്ങിൽ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രഖ്യാപിച്ചു. കാലഘട്ടത്തിന്റെ ആവശ്യമാണ് സീറോ മലബാർ മാതൃവേദി എന്ന അമ്മമാരുടെ കൂട്ടായ്മ, എല്ലാ അമ്മമാരും മാതൃവേദിയിൽ അംഗങ്ങൾ ആകണം എന്ന തന്റെ ആഗ്രഹം സ്വീകരിക്കുകയും കുന്ദമംഗലം ഇടവക പ്രാവർത്തികമാക്കുകയും ചെയ്തപ്പോൾ താമരശ്ശേരി രൂപതയുടെയും മാതൃവേദിയുടെയും ചരിത്രമുഹൂർത്തമായി അത് മാറിയിരിക്കുന്നു എന്ന് പിതാവ് യൂണിറ്റ് നേതൃത്വത്തെ അഭിനന്ദിച്ചുകൊണ്ട് പറഞ്ഞു. രൂപത പ്രസിന്റ് ദീപ റെജി അധ്യക്ഷത വഹിച്ച യോഗത്തിന് രൂപത ഡയറക്ടർ ഫാ. സൈമൺ കിഴക്കേകുന്നേൽ സ്വാഗതം ആശംസിച്ചു. ഫാ. റോണി കാവിൽ, ഫാ. ബെന്നി കാരയ്ക്കാട്ട്, ഫാ. അജി പുതുയാപറമ്പിൽ, സി. ഫിലോ SABS, സി. ലൂസി മൈക്കിൾ, സി. മേരി ചാണ്ടി, ട്രീസ ആന്റണി, മേരി കാര്യാങ്കൽ, വത്സ സഖറിയാസ്, റാണി മാത്യു എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

പള്ളിയങ്കണത്തിൽ അഭിവന്ദ്യ പിതാവിനെ പരമ്പരാഗത വേഷത്തിലെത്തിയ അമ്മമാർ സ്വീകരിച്ചു. തുടർന്ന് പിതാവ് മാതൃവേദിയുടെ പതാക ഉയർത്തി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. ആഘോഷമായ ദിവ്യബലിക്ക് ശേഷം പൊതു സമ്മേളനവും കലാപരി പാടികളും സ്നേഹവിരുന്നും നടത്തി. കുന്ദമംഗലം ഇടവകയ്ക്ക് പുത്തനുണർവ് നൽകാൻ മാതൃദിനാഘോഷവും സമ്പൂർണ്ണ മാതൃവേദി പ്രഖ്യാപനവും വഴി സാധിച്ചു.

## പ്രളയസഹായം

പാറോപ്പടി മേഖലയുടെ നേതൃത്വത്തിൽ പ്രളയ ബാധിതർക്കായി പുതപ്പുകൾ ശേഖരിക്കുകയും കവളപ്പാറ ദുരന്തമേഖല സന്ദർശിച്ച് വിതരണം ചെയ്യുകയും ചെയ്തു. ഫാ. റോണി കാവിൽ, സി. മേരി ചാണ്ടി, ട്രീസ ആന്റണി, ലീന മാങ്കാവ്, മേരി ജോണി എന്നിവർ നേതൃത്വം നൽകി. പാറോപ്പടി ഇടവക പ്രളയബാധിതർക്കായി സഹായധനം കൈമാറി.

## ജൈവകൃഷി പ്രോത്സാഹനം

പച്ചക്കറി തോട്ടങ്ങൾക്കാവശ്യമായ വിത്തുകൾ ഗ്രോബാഗുകൾ എന്നിവ വിവിധ ഇടവകകളിലെ യൂണിറ്റുകൾ അമ്മമാർക്ക് കൈമാറി.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, മാതൃവേദി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

കുളത്തുവയൽ ഏരിയാ കൗൺസിലിൽ ഉൾപ്പെട്ട കുളത്തുവയൽ സെന്റ് ജോർജ്ജ് കോൺഫ്രൻസ് അംഗങ്ങൾ വിലങ്ങാട് ഉരുൾപൊട്ടിയ സ്ഥലം സന്ദർശിക്കുകയും ഇടവക വികാരിയുടെ നേതൃത്വത്തിൽ സമാഹരിച്ച തുക ഏരിയാ കൗൺസിൽ പ്രസിഡണ്ട് ബ്രദർ ജോഷി ചീൻകല്ലേൽ, കോൺഫ്രൻസ് പ്രസിഡന്റും മറ്റ് അംഗങ്ങളും ചേർന്ന് ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകുകയും ചെയ്തു.

മരുതോങ്കര ഏരിയാ കൗൺസിലിലെ അംഗങ്ങൾ പ്രസിഡണ്ട് തോമസ് പുതുക്കുളങ്ങരയും കമ്മിറ്റി അംഗങ്ങളും സ്ഥലം സന്ദർശിച്ച് 2 ദിവസത്തേക്കു വേണ്ട ഭക്ഷ്യവസ്തുക്കൾ വാങ്ങി സ്റ്റെല്ലാ മരിയ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നടക്കുന്ന ക്യാമ്പിൽ നല്കുകയുണ്ടായി. 17–ാം തീയതി നടന്ന ഏരിയാ കൗൺസിൽ മീറ്റിംങ്ങിൽ എല്ലാ അംഗങ്ങളും പങ്കെടുത്തു.

14–09–2019 ന് ശനിയാഴ്ച ദേവഗിരി ഒസ്സാനാം ഭവനിൽ സെൻട്രൽ കൗൺസിൽ പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ ഏരിയാ കൗൺസിൽ പ്രസിഡന്റുമാരുടേയും ബോർഡ് അംഗങ്ങളുടേയും യോഗം നടന്നു. ചേവായൂർ നിത്യസഹായ മാതാ പള്ളിവികാരി ബഹു. ഫിലിപ് ചക്കുംമൂട്ടിൽ അച്ചൻ ജ്ഞാനവായന നടത്തി വചനം പങ്കുവെച്ചു. തദവസരത്തിൽ സൊസൈറ്റിയുടെ ആധ്യാത്മിക ഉപദേഷ്ടാവായ ബഹു. ഫാ. തോമസ് നാഗപറമ്പിൽ സൊസൈറ്റിയുടെ ചർച്ചകളിൽ സജീവമായി പങ്കെടുത്തു. മൂവാറ്റുപുഴയിൽ നടന്ന നാഷണൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ വാർഷിക സമ്മേളനത്തിൽ CC പ്രസിഡണ്ടും നാഷണൽ കൗൺസിൽ പ്രതിനിധി ബ്രദർ സിറിയക് പാലാംതട്ടേലും പങ്കെടുത്തതിനെക്കുറിച്ച് വിശദമായി വിശദീകരിച്ചു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സോസൈറ്റി



# ലിറ്റർജി കമ്മീഷൻ

## ഫീദെസ് ഫാമിലി ക്വിസ്-2019

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ രൂപതയിലെ കുടുംബങ്ങൾക്കുവേണ്ടി ഫീദെസ് ഫാമിലി ക്വിസ്-2019 എന്ന പേരിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

### പ്രത്യേകതകൾ

- താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബാംഗങ്ങൾക്കും ഈ ക്വിസ്സിൽ പങ്കെടുക്കാം. ഒരു കുടുംബത്തിൽ നിന്ന് കുറഞ്ഞതു രണ്ടുപേർക്കോ പരമാവധി മൂന്നു പേർക്കോ പ്രായഭേദമന്യേ പങ്കെടുക്കാം.
- 2019-ലെ താമരശ്ശേരി രൂപതാകലണ്ടർ (70%), വി. കുർബാനപ്പുസ്തകം (10%), 2019-ലെ മലബാർ വിഷനിലെ ചോദ്യം-ഉത്തരം പംക്തി: ഡോ. അബ്രാഹം കാവിൽപുരയിടത്തിൽ (10%), സഭാ സംബന്ധമായ പൊതുചോദ്യങ്ങൾ (10%) എന്നിവയാണ് ഒന്നാംഘട്ടത്തിലെ പഠനവിഷയങ്ങൾ.
- മത്സരം രണ്ടു ഘട്ടങ്ങളിലായാണ് നടക്കുന്നത്. ഒന്നാം ഘട്ടം ഇടവക തതലത്തിലും രണ്ടാംഘട്ടം രൂപതാ തലത്തിലുമായിരിക്കും.
- ഒന്നാം ഘട്ട ഇടവകതല മത്സരത്തിന്റെ നൂറു ചോദ്യങ്ങൾ 2019 നവംബർ മാസത്തിലെ മലബാർവിഷനിൽ പ്രസിദ്ധീകരിക്കു ന്നതാണ്. ഉത്തരം അതിൽത്തന്നെ രേഖപ്പെടുത്തി സ്വന്തം ഇടവക യിലെ വികാരിയച്ചനെ ഏല്പിക്കണം. റഫർ ചെയ്ത് ഉത്തരം പൂരിപ്പിക്കാവുന്നതാണ്.
- ബഹു. വികാരിയച്ചനോ അച്ചൻ ഏൽപ്പിക്കുന്ന മറ്റാരെങ്കിലുമോ ഉത്തരങ്ങൾ പരിശോധിച്ചതിനു ശേഷം ഓരോ ഇടവകയിൽ നിന്ന് മൂന്നു ടീമുകളെ രൂപതാമത്സരത്തിലേക്കയക്കുന്നു.
- രണ്ടാംഘട്ട രൂപതാതലമത്സരം, 2020 ജനുവരി 11-ാം തീയതി ശനിയാഴ്ചയാണ് നടത്തുന്നത്.
- രൂപതാതലത്തിൽ വിജയിക്കുന്നവർക്കുള്ള ഒന്നാം സമ്മാനം 25000 രൂപയും (പാലാഴി ജൈവകാലിത്തീറ്റ, ഈങ്ങാപ്പുഴ), രണ്ടാം സമ്മാനം 15000 രൂപയും (CHEM pharma, Calicut Road, Manjeri), മൂന്നാം സമ്മാനം 10000 രൂപയും (Fatima Druglines, Manjeri) ആയിരിക്കും.

## ആരാധനക്രമ ക്ലാസ്സ്

വി. കുർബാനയെക്കുറിച്ചുള്ള ക്ലാസ്സ് പി.എം.ഒ.സി യിൽ വെച്ച് 28.09.2019-ൽ നടന്നു. ഡോ. മാത്യു കുളത്തിങ്കൽ ക്ലാസ്സ് നയിച്ചു. 30 ഓളം പേർ സംബന്ധിച്ചു. അടുത്ത ക്ലാസ് ഒക്ടോബർ 26 നാണ്.

**ഫാ. ജോസഫ് കളത്തിൽ**

കൺവീനർ, ലിറ്റർജി കമ്മീഷൻ

# കേരള ലേബർ മൂവ്മെന്റ്

## യൂണിറ്റ് രൂപീകരണം

കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ഓരോ ഇടവകകളിലും യൂണിറ്റുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി പൂതംപാറ, ചാപ്പൻതോട്ടം, പി.ടി ചാക്കോ നഗർ, ചാത്തൻകോട്ടുനട, കരിങ്ങാട്, പശുക്കടവ്, കുണ്ടുതോട്, മരുതോങ്കര എന്നീ ഇടവകകളിൽ കെ.എൽ.എം താമരശ്ശേരി രൂപത ഡയറക്ടർ ഫാ.ജയ്സൻ കാരക്കുന്നേൽ , കെ.എൽ.എം രൂപത കോ- ഓഡിനേറ്റർ സി. റാണിറ്റ ടോം എസ്.എച്ച്, കെ.എൽ.എം രൂപത സെക്രട്ടറി സ്റ്റീഫൻ കൊട്ടാരത്തിൽ എന്നിവർ സന്ദർശനം നടത്തുകയും പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു.

### തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് ഭാരവാഹികൾ

#### പൂതംപാറ

പ്രസിഡന്റ്: മനോജ് സെബാസ്റ്റ്യൻ മറ്റപ്പള്ളിൽ
സെക്രട്ടറി: തോമസ് ആഗസ്തി മൂരികൊമ്പികുന്നേൽ
ഖജാൻജി: അൽഫോൻസ മാത്യു കിഴക്കുംകര

#### ചാപ്പൻതോട്ടം & പി.ടി ചാക്കോ നഗർ

പ്രസിഡന്റ്: വിൽസൺ തോമസ് പുല്ലാട്ട്
സെക്രട്ടറി: സോണി ജോസഫ് വാതപ്പള്ളിയിൽ
ഖജാൻജി: റോഷ്നി ഉല്ലാസ്
ഭാരവാഹി: ക്ലാരമ്മ ജോർജ്ജ് അരിമന

**ചാത്തൻകോട്ടുനട**

പ്രസിഡന്റ്: ഡെയ്സി ഷാജു പുതിയകുന്നേൽ

സെക്രട്ടറി: മിനി സെബാസ്റ്റ്യൻ കുറിച്ചിയാനി

ഖജാൻജി: ഷൈന സാബു ഒതാറക്കുന്നേൽ

**കരിങ്ങാട്**

പ്രസിഡന്റ്: മേരി ജോൺ കണ്ടചാലിൽ

സെക്രട്ടറി: ഷീജ ഷാജി തോണിക്കുഴിയിൽ

ഖജാൻജി: സിനി ബിനു കനാലിൽ

ഭാരവാഹി: ജോർജ്ജ് ഔസേപ്പ് പുതിയാപറമ്പിൽ

**പശുക്കടവ്**

പ്രസിഡന്റ്: ജയ്സൺ ചാക്കോ ചേംബ്ലായിൽ

സെക്രട്ടറി: മിനി ഷാജു കണ്ടത്തിൽ

ഖജാൻജി: ജോർജ്ജ് സി. റ്റി ചെറുപിള്ളാട്ട്

**കുണ്ടുതോട്**

പ്രസിഡന്റ്: വിനോദ് തോമസ് വെമ്പാല

സെക്രട്ടറി: ഷാജു കുഴിക്കാട്ട്

ഖജാൻജി: നിഷ ജോസ് ചിറക്കൽ

**മരുതോങ്കര**

പ്രസിഡന്റ്: റോയ് തോമസ് ആന്ത്രോത്ത്

സെക്രട്ടറി: മിനി സിബി ചേന്നക്കാട്ടുകുന്നേൽ

ഖജാൻജി: ജോണിക്കുട്ടി തോമസ് നെടുംതൊട്ടിയിൽ

**മരണാനന്തര സഹായ നിധി**

കേരള ലേബർ മൂവ്മെന്റ് ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്ന മരണാനന്തര സഹായ നിധിയിലേക്ക് കൂടുതൽ അംഗങ്ങളെ ചേർക്കുവാൻ ആരംഭിച്ചിട്ടുണ്ട്. മരണാനന്തര സഹായനിധിയിലെ അംഗങ്ങൾ മരണമടഞ്ഞ് കഴിയുമ്പോൾ ഉടൻ തന്നെ സംസ്കാര ശുശ്രൂഷകൾക്കായി 25,000 രൂപ ചേരുന്ന വ്യക്തിയുടെ നോമിനിക്ക് നല്കുന്ന പദ്ധതിയാണി ത്. ഇതിൽ അംഗമായി ചേരുന്നവർ ആദ്യ വർഷം 250 രൂപയും തുടർ വർഷങ്ങളിൽ 200 രൂപയുമാണ് വർഷത്തിൽ ഒരു തവണ സംഭാവനയായി നല്കേണ്ടത്. ചേർന്ന് 6 മാസത്തിനു ശേഷം സംഭവിക്കുന്ന സ്വാഭാവിക മരണങ്ങൾക്കാണ് ഈ തുക നല്കുന്നത്. അപകട മരണമാണെങ്കിൽ 6 മാസത്തിനു മുമ്പും ഈ തുക നല്കുന്നതാണ്. 70 വയസ്സു വരെ പ്രായമുള്ള അംഗങ്ങൾക്ക് ഇതിൽ അംഗങ്ങളായി ചേരാവുന്നതാണ്. മരണം വരെ അവർക്ക് തുടർന്ന് അടക്കാവുന്നതാണ്. ഒരു കുടുംബത്തിലെ എത്ര അംഗ ങ്ങൾക്ക് വേണമെങ്കിലും ഈ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്.

**ഫാ. ജെയിസൺ മാത്യു കാരക്കുന്നേൽ**

ഡയറക്ടർ കെ.എൽ.എം

# മദ്യവിരുദ്ധ സമിതി

## റിസോഴ്സ് ടീം സംഗമം

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ സ്കൂളുകളിൽ ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനു പരിശീലനം ലഭിച്ച റിസോഴ്സ് ടീം അംഗങ്ങളുടെ സംഗമം നടത്തി. രൂപതാ ഡയറക്ടർ റവ. ഫാ. ജേക്കബ് കപ്പലുമാക്കൽ സംഗമം ഉദ്ഘാടനം ചെയ്തു. ലഹരി വസ്തുക്കളുടെയും ഇലക്ട്രോണിക് മാധ്യമങ്ങളുടെയും അടിമത്വത്തിൽ കുട്ടികൾ വീഴാതിരിക്കാനുള്ള മുൻകരുതൽ, ശരിയായ വ്യക്തിത്വം കുട്ടികളിൽ രൂപീകരിക്കൽ എന്നിങ്ങനെ വിഷയങ്ങളാണ് ടീമഗംങ്ങൾ ക്ലാസ്സുകളിൽ അവതരിപ്പിക്കുക. ഓഡിയോ വിഷ്യൽ സംവിധാനങ്ങളോടുകൂടി ഏറ്റവും ഫലപ്രദമായി ക്ലാസ്സുകൽ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ പരിശീലനം, ചർച്ചകൾ എന്നിവയ്ക്ക് ഡയറക്ടർ നേതൃത്വം നൽകി. പ്രസിഡന്റ് കുര്യൻ ചെമ്പനാനി, ആനിമേറ്റർ സി. ആഗ്നസ് ജോസഫ്, സെക്രട്ടറി ജോളി ജോസഫ് ഉണ്ണ്യേപ്പിള്ളിൽ, ടി. ടി. തോമസ്, ജോയിക്കുട്ടി ലുക്കോസ്, രാജൻ ഉറുമ്പിൽ, അബ്രാഹം മണലോടി തുടങ്ങിയവർ പ്രസംഗിച്ചു.

## രൂപതാ എക്സിക്യൂട്ടീവ് സമ്മേളനം

ബിഷപ്സ് ഹൗസിൽ വെച്ചു നടന്ന രൂപതാ എക്സിക്യൂട്ടീവ് സമ്മേളനം, സമിതി സംസ്ഥാന ചെയർമാൻ കൂടിയായ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ലഹരിക്കെതി രെയുള്ള പോരാട്ടം ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യ മാണെന്നും വൻ ദുരന്തങ്ങളിൽ വളരുന്ന തലമുറയെ രക്ഷപ്പെടുത്തേണ്ട ബാധ്യത നമുക്കേവർക്കുമുണ്ടെന്നും അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. സമിതിയുടെ വിവിധ പ്രവർത്തനങ്ങൾ പിതാവ് വിലയിരുത്തി. വിവിധ കമ്മിറ്റി കൺവീനർമാരും, റിസോഴ്സ് ടീം ലീഡർമാരും പ്രവർത്തനങ്ങൾ വിശദീകരിച്ചു. ഈ വർഷം മുതൽ സൺഡേ സ്കൂൾ കുട്ടികളുടെ ക്ലബ്ബുകൾ രൂപീകരിക്കുക. സജീവമാകാത്ത യൂണിറ്റുകൾ ബഹു. വികാരി യച്ചന്മാരുടെ നേതൃത്വത്തിൽ ശക്തിപ്പെടുത്തുക, ഇടവകകളിൽ വനിതാ വിംഗുകൾ , യൂത്ത് വിംഗുകൾ ഇവ രൂപീകരിക്കുക, മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന യൂണിറ്റുകൾക്ക് ഫാ. ചാണ്ടി കുരിശുംമൂട്ടിൽ എവർറോളിംഗ് ട്രോഫി, ക്യാഷ് അവാർഡ് ഇവ നൽകുക, ഒക്ടോബർ 2 എല്ലാ ഇടവകകളിലും ലഹരി വിരുദ്ധ ദിനമായി ആചരിക്കുക. ഉപവാസപ്രാർത്ഥന യജ്ഞം, റാലികൾ പ്രഭാഷണങ്ങൾ എന്നിങ്ങനെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ഈ വർഷം ഒക്ടോബർ 2 ന് കൂരാച്ചുണ്ട് കേന്ദ്രമായി രൂപതാ തലത്തിൽ ഉപവാസ പ്രാർത്ഥനായജ്ഞം, ഫാ. കുരിശുംമൂട്ടിൽ അനുസ്മരണം, ഫൊറോന

കൺവെൻഷൻ, വ്യക്തിത്വ വികസന ക്ലബ്ബ്, ഫൊറോന സംഗമം, സെപ്റ്റംബറിൽ രൂപത സാഹിത്യോത്സവം തിരുവമ്പാടി, കൂരാച്ചുണ്ട് കേന്ദ്രങ്ങളിലായി നടത്തുക തുടങ്ങിയ തീരുമാനങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ രൂപംകൊണ്ടു. രൂപത ഡയറക്ടർ ഫാ. ജേക്കബ് കപ്പലുമാക്കൽ, പ്രസിഡന്റ് കുര്യൻ ചെമ്പനാനി, സി. ആഗ്നസ്, രാജൻ ഉറുമ്പിൽ, ജോളി ജോസഫ് ഉണ്ണ്യേപ്പിള്ളിൽ, ടി. ടി. തോമസ്, ജോയിക്കുട്ടി ലൂക്കോസ്, അബ്രാഹം മണലോടി, ജോസ് കാവിൽപുരയിടം, എൻ. വി. അബ്രാഹം, വി. ജെ. മത്തായി, പി. വി. ജോൺ തുടങ്ങിയവർ സംസാരിച്ചു.

**ഫാ. ചാണ്ടി കുരിശുമൂട്ടിൽ അനുസ്മരണം**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ ആദ്യ ഡയറക്ടറും, മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് താമരശ്ശേരി രൂപതയിൽ ശക്തമായ നേതൃത്വവുമായിരുന്ന ഫാ. ചാണ്ടി കുരിശുമൂട്ടിലിന്റെ ഒന്നാം ചരമവാർഷികം ആഗസ്റ്റ് 17 ന് പുന്നക്കൽ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ നടന്നു. ബിഷപ് എമിറേറ്റസ് മാർ പോൾ ചിറ്റിലപ്പിള്ളി അനുസ്മരണ സമ്മേളനം, പ്രാർത്ഥനാ ശുശ്രൂഷകൾ, ദിവ്യബലി എന്നിവയ്ക്ക് നേതൃത്വം നൽകി. തുടർന്ന് കല്ലറയിൽ പ്രാർത്ഥന, അനുസ്മരണ പ്രഭാഷണം, സ്നേഹവിരുന്ന് എന്നിവ സംഘടിപ്പിച്ചു. രൂപതാ കമ്മിറ്റി ജനറാൾ മോൺ. ജോൺ ഒറവുങ്കര, രൂപതാ ഡയറക്ടർ ഫാ. ജേക്കബ് കപ്പലുമാക്കൽ, ഇടവക വികാരി ഫാ. സ്കറിയാ മങ്ങരയിൽ, മുൻ ഡയറക്ടർ ഫാ. മാത്യു പുള്ളോലിക്കൽ, ഫാ. ജോസ് വടക്കേടം, കുര്യൻ ചെമ്പനാനി, രാജൻ ഉറുമ്പിൽ, കെ.സി. ജോസഫ്, റോയി ജോസ്, കുടുംബാംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. യൂണിറ്റുകളിൽ നിന്നുള്ള സംഘടന പ്രതിനിധികൾ, ഇടവകാംഗങ്ങൾ, സിസ്റ്റേഴ്സ്, ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**

ഡയറക്ടർ, മദ്യവിരുദ്ധസമിതി

## ഫ്രാൻസിസ്കൻ അത്മായസഭ (SFO)

കൂരാച്ചുണ്ട്, മരുതോങ്കര, വിലങ്ങാട്, കരുവാരകുണ്ട്, പാറോപ്പടി, കോടഞ്ചേരി എന്നീ ഫൊറോനകളിലായി ഫ്രാൻസിസ്കൻ അത്മായ സഭയുടെ 30-ഓളം ഫ്രാതൃത്വങ്ങൾ ഇന്ന് സജീവമായി പ്രവർത്തിച്ചുവരുന്നു. 2019 സെപ്റ്റംബർ 14-ാം തീയതി പേരാമ്പ്രയിൽ വച്ച് നടന്ന പനമ്പ് സമ്മേളനത്തിൽ 18 യൂണിറ്റുകളിൽ നിന്നുവന്ന സഭാംഗങ്ങളുടെ സാന്നിധ്യത്തിൽ താമരശ്ശേരി രൂപതയിലെ പ്രഥമ റീജിയൻ രൂപീകൃതമായി. നാഷണൽ കൗൺസിലേഴ്സ് ആയ ബ്ര. ഫ്രാങ്കോ മേക്കാട്ടുകുളം, ബ്ര. മാർക്ക് ആന്റണി എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഇലക്ഷൻ ചാപ്റ്ററിൽ വച്ച് സെന്റ് അൽഫോൻസാ റീജിയന്റെ പ്രതിനിധികളെ തിരെഞ്ഞെടുത്തു.

| | |
|---|---|
| ആത്മീയ സഹായി | : ഫാ. ജോസ് മാത്യു കരിങ്ങടയിൽ OFM Cap. |
| പ്രസിഡണ്ട് | : അപ്പച്ചൻ പഴുക്കാകുളം, നരിനട |
| വൈസ് പ്രസിഡണ്ട് | : മറിയാമ്മ മലയാറ്റൂർ, പെരുവണ്ണാമൂഴി |
| സെക്രട്ടറി | : ജോർജ്ജ് കാരവട്ടത്തോട്ടത്തിൽ, നരിനട, |
| ഫോർമേറ്റർ | : ജെയിംസ് കുമ്പളുമൂട്ടിൽ, പൂഴിത്തോട് |
| ട്രഷറർ | : ട്രീസ കെ. ടി., പേരാമ്പ്ര |
| കൗൺസിലേഴ്സ് | : 1. സെമ്ലി അറക്കപറമ്പിൽ, ചെമ്പനോട |
| | 2. ദേവസ്യ താന്നിക്കപ്പാറ, മരുതോങ്കര |

പുതിയ ഇടവകകളിൽ ഫ്രാൻസിസ്കൻ അത്മായ സഭയുടെ യൂണിറ്റുകൾ സ്ഥാപിക്കാനും, അഖണ്ഡജപമാല പ്രാർത്ഥനകൾ ദൈവാലയങ്ങൾ തോറും നടത്താനും, നിർദ്ധനരായ രോഗികൾക്ക് മരുന്നു നല്കാനും (Love & care) ഫ്രാൻസിസ്കൻ അത്മായ സഭാംഗങ്ങൾ ഒന്നുചേർന്ന് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

**ഫാ. ജോസ് മാത്യു കരിങ്ങടയിൽ OFM Cap.**

എസ്.എഫ്.ഒ. ആത്മീയ സഹായി

## മലബാർ വിഷൻ വാർഷിക വരിസംഖ്യ

മലബാർ വിഷൻ പ്രസിദ്ധീകരണത്തിന് നൽകുന്ന പിന്തുണയ്ക്കും സഹകരണത്തിനും ആത്മാർത്ഥമായി നന്ദി അറിയിക്കുന്നു. ഇപ്പോൾ 24,000 കോപ്പികളാണ് ഓരോ മാസവും നമ്മൾ വിതരണം ചെയ്യുന്നത്. രൂപതയിലെ എല്ലാ കുടുംബങ്ങളിലും മലബാർ വിഷൻ എന്ന നമ്മുടെ ലക്ഷ്യം കൈവരിക്കാൻ ഏവരുടെയും അകമഴിഞ്ഞ സഹകരണം പ്രതീക്ഷിക്കുന്നു.

ഇടവകകളിൽ നിന്നും 2019-ലെ വരിസംഖ്യ സമാഹരിച്ചു കാണുമല്ലോ. പ്രസ്തുത തുകയും മുൻവർഷങ്ങളിലെ കുടിശികയുണ്ടെങ്കിൽ അതും ഒക്ടോബർ 31ന് മുമ്പായി തന്നു സഹകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. 2018 നവംബറിൽ നടന്ന വൈദിക സമിതി തീരുമാനപ്രകാരം2019 ജനുവരി മുതൽ വാർഷിക വരിസംഖ്യ 80 രൂപയാണ്.

ബാങ്ക് ട്രാൻസ്ഫർ ചെയ്യുന്നവർ അതിനുശേഷം ഓഫീസ് നമ്പറിൽ അറിയിക്കുമല്ലോ. വിശദവിവരങ്ങൾ അടുത്ത പേജിൽ.

(ഫോൺ: 9744995552, 9744995553)

**Account details as follows:**
Account Number - 0839201000518
Canara Bank
Name- Director, Malabar Vision
IFSC Code: CNRB0000839
Branch - Vellimadkunnu

# അൽഫോൻസ കോളേജ് തിരുവമ്പാടി

## SATപ്രോഗ്രാം ആരംഭിച്ചു.

ബിരുദത്തോടൊപ്പം ജോലിയും എന്ന ലക്ഷ്യത്തോടെ അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കായി "Smart Accounting Training Programme" SAT പ്രോഗ്രാം ആരംഭിച്ചു. വിദ്യാർത്ഥികൾ 60 ദിവസത്തെ പരിശീലന ക്ലാസ്സ് പൂർത്തിയാക്കി, സ്വദേശത്തും, വിദേശത്തുമുള്ള വിവിധ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ലഭ്യത ഉറപ്പാക്കാനുള്ള പ്രാവീണ്യം നേടുക എന്ന ലക്ഷ്യത്തോടെയാണ് കോളേജിൽ ഈ നൂതന സംരംഭം ആരംഭിച്ചിട്ടുള്ളത്. 40 വിദ്യാർത്ഥികൾ ഈ പരിശീലന പരിപാടി യിൽ പങ്കെടുക്കുന്നുണ്ട്. ശ്രീ. സജി നരിക്കുഴി, പി എ വേലായുധൻ, ബാബു ജോസഫ് എന്നിവർ ആദ്യദിവസങ്ങളിൽ ക്ലാസ്സുകളെടുത്തു. പ്രിൻസിപ്പൽ ഡോ. കെ വി ചാക്കോ SAT പ്രോഗ്രാമിന്റെ ആദ്യ ക്ലാസ്സ് ഉദ്ഘാടനം ചെയ്തു. SAT കോ – ഓർഡിനേറ്റർ ശ്രീമതി സാനി തോമസ്, ശ്രി ഡിപിൻ കെ സർജു എന്നിവർ നേതൃത്വം നൽകുകയും ആശംസകൾ നേരുകയും ചെയ്തു.

## അധ്യാപകദിനാചരണം ഗുരുവന്ദൻ നടത്തി.

ദേശീയ അധ്യാപകദിനമായ സെപ്റ്റംബർ 5 ന് വൈവിധ്യമാർന്ന പരിപാടികളോടെ ഗുരുവന്ദൻ നടത്തി. കോളേജ് യൂണിയന്റെ ആഭിമുഖ്യ ത്തിൽ വിദ്യാർത്ഥികൾ തങ്ങളുടെ അധ്യാപകരെ പൂക്കൾ നൽകി ആദരി ക്കുകയും ചെയ്തു. ഹൃദയസ്പർശിയായ പരിപാടികളോടെ പൊതുസമ്മേ ളനവും നടത്തി. കോളേജ് യൂണിയൻ ചെയർമാൻ അജയ് സുരേഷ് അധ്യ ക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ വി ചാക്കോ സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈസ് പ്രിൻസിപ്പൽ റവ. ഫാ. കുര്യൻ താന്നിക്കൽ, ശ്രീ. ബെർ ണാഡ് ജോസ്, യൂണിയൻ ഭാരവാഹി അജയ് മാനുവൽ, കെ എ അഫ്നിദ, അയോണ തോമസ് എന്നിവർ ആശംസകൾ നേർന്നു.

**കരിയർ ഗൈഡൻസ് - മത്സര പരീക്ഷാപരിശീന ക്ലാസ്സ് :**

ഒന്നും ,രണ്ടും വർഷ ബിരുദ വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് , വിവിധ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കൽ എന്നീ വിഷയ ങ്ങളിൽ ബോധവത്കരണ സെമിനാർ നടത്തി. ബിരുദം പൂർത്തിയാക്കു ന്നതോടൊപ്പം പി.എസ് സി, യു പി എസ് സി, ബാങ്കിങ്, സിവിൽ സർവ്വീസ് എന്നീ മേഖലകളിൽ മത്സരപരീക്ഷകളിൽ വിജയി ക്കാനുള്ള പ്രാവീണ്യം നേടുക എന്ന ലക്ഷ്യത്തോടെ തുടങ്ങാനുദ്ദേശിക്കുന്ന പരിശീലന പരി പാടിയുടെ മുന്നോടിയായിട്ടാണ് സെമിനാർ സംഘടിപ്പിച്ചത്. സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമി ഫാക്കൽറ്റിയും, ചിക്കാഗോ ഇല്ലിനോയി യൂണിവേഴ്സിറ്റിയിലെ മുൻ അസോസ്സിയേറ്റ് പ്രഫസറുമായിരുന്ന പ്രൊഫ. അശോക് മേനോൻ , ജെ. ഡി സി ഇൻസ്റ്റി റ്റ്യൂട്ട് പ്രിൻസിപ്പലും ജോയിന്റ് രജിസ്റ്റാറുമായിരുന്ന ശ്രീ. എം. പി ജോസഫ് എന്നിവർ ക്ലാസ്സെടുത്തു. പ്രിൻസിപ്പൽ ഡോ. കെ വി ചാക്കോ ഉദ്ഘാടനം ചെയ്തു. വൈസ് പ്രിൻ സിപ്പൽ റവ. ഫാ. കുര്യൻ താന്നിക്കൽ അധ്യക്ഷത വഹിച്ചു.

**കോളേജ് യൂണിയൻ ഭാരവാഹികൾ.**

പാർലമെന്ററി ജനാതിപത്യ രീതിയിൽ കോളേജ് യൂണിയൻ ഇലക്ഷൻ നടത്തി.

**ഭാരവാഹികൾ.**

| | | |
|---|---|---|
| ചെയർമാൻ | : | ധീരജ് മാത്യു ബേസിൽ |
| വൈസ് ചെയർപേഴ്സൺ | : | സാന്ദ്ര മരിയ ജോർജ്ജ് |
| സെക്രട്ടറി | : | നിപിൻ ജോസ് |
| ജോയിന്റ് സെക്രട്ടറി | : | രമ്യ സി അലക്സ് |
| യൂണിവേഴ്സിറ്റി | | |
| യൂണിയൻ കൗൺസിലർ | : | ബെസലേൽ സുഗത് |
| ഫൈൻ ആർട്സ് സെക്രട്ടറി | : | ആൽബിൻ ജോബി |
| സ്റ്റുഡന്റ് എഡിറ്റർ | : | ഹൈദർഷാൻ |
| ജനറൽ ക്യാപറ്റൻ | : | ഉജ്വൽ പ്രകാശ് |

**ഓണാഘോഷം.**

ഈ വർഷത്തെ ഓണാഘോഷം വൈവിധ്യമാർന്ന പരിപാടികളോടെ വിപുലമായ രീതിയിൽ നടത്തി. ഒരുദിവസം നീണ്ടു നിന്ന ആഘോഷമായ പരിപാടികളുടെ ഭാഗമായി വാദ്യ മേളങ്ങളുടെ അകമ്പടിയോടെ മാവേ ലിയെ ഏതിരേൽക്കൽ, മാവേലി എഴുന്നള്ളിപ്പ് , വടം വലി, ഓണപ്പാട്ട്, മലയാളി മങ്ക, കലം തല്ലിപ്പൊട്ടിക്കൽ , തീറ്റ മത്സരം,, ലെമൺ സ്പൂൺ റെയ്സ് തുടങ്ങി നിരവധി മത്സരങ്ങൾ , കലാപരിപാടികൾ എന്നിവ നടത്തി. മത്സര വിജയികൾക്ക് സമ്മാനങ്ങളും നൽകി. മാനേജർ ഫാദർ സ്കറിയ മങ്ങരയിൽ

പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. കെ വി ചാക്കോ അധ്യക്ഷത വഹിച്ചു. ശ്രീ . ജോർജ് എൻ മാമൻ ഓണ സന്ദേശം നൽകി. വൈസ് പ്രിൻസിപ്പൽ റവ. ഫാദർ കുര്യൻ താന്നിക്കൽ , കോ-ഓർഡിനേറ്റർ ബെർണാഡ് ജോസ് , അജയ് സുരേഷ്, ധീരജ് മാത്യു ബോസിൽ, ബസലേൽ സുഗത് എന്നിവർ ആശംസകൾ നേർന്നു. ഫാദർ ജിയോ മാത്യു, ശ്രീ. ബെർണാഡ് ജോസ്, ശ്രീ. സെബാസ്റ്റ്യൻ ചെറിയാൻ., സിസ്റ്റർ അർപ്പിത സി എം സി, ശ്രീമതി സാനി തോമസ് , ശ്രീ. കെ ദീപേഷ് , ശ്രീ ഡിയോൺ തോമസ്, ശ്രീ. റോബിൻ ജോർജ് എന്നിവർ നേതൃത്വം നൽകി.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസാ കോളേജ്

# വികസന വേദി

**പച്ചമരുന്ന് നിർമ്മാണം**

ചമൽ,മുതുകാട് എന്നിവിടങ്ങളിൽ MCC യുടെ. നേതൃത്വത്തിലും, കൂരാച്ചുണ്ട് GVS ന്റെ നേതൃത്വത്തിലും പച്ചമരുന്ന് നിർമ്മാണം നടത്തി .മുതുകാട് ധന്യ SHG യിൽവെച്ച് 15/8/019ന് ഏരിയാ കോഡിനേറ്റർ ഷാജി പോളിന്റെ നേതൃത്വത്തിൽ 10 ലിറ്റർ മുറിവ് എണ്ണ ഉണ്ടാക്കി. ചടങ്ങിൽ GVS പ്രസിഡണ്ട് മോളി ബാബു എല്ലാവർക്കും നന്ദിപറഞ്ഞ് സംസാരിച്ചു .

ചമൽ അഭയം SHG യിൽ വെച്ച് 27/8/019 ഏരിയാ കോർഡിനേറ്റർ സോമിനി ജോസഫിന്റെ നേതൃത്വത്തിലാണ് മുറിവെണ്ണ നിർമ്മാണം നടന്നത് 18 അംഗങ്ങൾ പങ്കെടുത്ത ചടങ്ങിൽ സുനിത ചന്ദ്രൻ നന്ദി പ്രകാശിപ്പിച്ചു .

കൂരാച്ചുണ്ട്, കാറ്റുള്ളമല എന്നിവടങ്ങളിൽ ഏരിയാ കോർഡിനേറ്റർ മോളി സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ പച്ചമരുന്ന് നിർമ്മാണം നടന്നു

**അവാർഡ് വിതരണം**

വയലട ഗ്രാമവികസന സമതിയുടെ നേതൃത്വത്തിൽ വയലട പാരിഷ്ഹാളിൽ വെച്ച് SSLC ക്ക് ഏറ്റവും കൂടുതൽ ഗ്രേഡ് ലഭിച്ച മൂന്ന് കുട്ടികൾക്ക് ക്യാഷ് അവാർഡ് ഏരിയ കോഡിനേറ്റർ സോമിനി ജോസഫ് സന്മാനിച്ചു GVS പ്രസിഡണ്ട് ജെസ്സി മാത്യു സെക്രട്ടറി മേഴ്സി മാത്യു എന്നിവർ സംസാരിച്ചു.

## ഹെൽത്ത് ക്ലാസ്സ്

പരിയാപുരം,കോടഞ്ചേരി എന്നിവിടങ്ങളിൽ GVS ന്റെ നേതൃത്വത്തിൽ ഹെൽത്ത് ക്ലാസ്സ് സംഘടിപ്പിച്ചു . പകർച്ചവ്യാധി രോഗങ്ങളെക്കുറിച്ചും .മഴക്കാലരോഗങ്ങളെക്കുറിച്ചും ക്ലാസ് എടുത്തു . പ്രസ്തുതയോഗത്തിൽ GVS പ്രസിഡണ്ട് രജനി സത്യൻ അദ്ധ്യക്ഷസ്ഥാനം വഹിച്ചു സോളി ബെന്നി യോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു .റോസമ്മ സിറിയക് ,ആലീസ് തോമസ് എന്നിവർ യോഗത്തിൽ സംസാരിച്ചു .

## ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു

വെറ്റിലപ്പാറ, വിലങ്ങാട് എന്നീ സ്ഥലങ്ങളിൽ GVS ന്റെ നേതൃത്വ ത്തിൽ അവയവദാനവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു

വെറ്റിലപ്പാറ CNS Office ൽ വെച്ച് "നേത്രദാനം മഹാദാനം" എന്ന വിഷയത്തെക്കുറിച്ച് വെറ്റിലപ്പാറ PHC Dr. വിനീഷ് .എ ക്ലാസെടുത്തു. സൗജന്യ നേത്ര പരിശോധനയും നടത്തി 48 അംഗങ്ങൾ പങ്കെടുത്ത ക്ലാസിൽ ശ്രീമതി മേഴ്സി ജെയിംസ് സ്വാഗതം ആശംസിച്ചു ഏരിയാ കോഡിനേറ്റർ ഷൈനി സിബി അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു . വിലങ്ങാട് അവയവദിനത്തോടനുബന്ധിച്ച് പരപ്പുപാറ PHC ഹെൽത്ത് ഇൻസ്പെക്ടർ Mr. baby ബോധവൽക്കരണ ക്ലാസ് നടത്തി ഈ പരിപാടിയിൽ വിലങ്ങാട് ഫൊറോന വികാരി Fr. മാത്യു തകിടിയേൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു ഏരിയാ കോഡിനേറ്റർ ഉഷ ജോണി GVS സെക്രട്ടറി ബിജി സജി എന്നിവർ സംസാരിച്ചു .

## SHG Leaders Training

വെറ്റിലപ്പാറ : വെറ്റിലപ്പാറ GVS ന്റെ നേതൃത്വത്തിൽ 19/8/019 ന് വെറ്റിലപ്പാറ GVS ഓഫീസിൽ SHG leaders training programme നടത്തി. COD കോർഡിനേറ്റർ ജോയി കെ.സി, ഡോണ ഫ്രാൻസീസ് എന്നിവർ ക്ലാസുകൾ എടുത്തു 30 അംഗങ്ങൾ പങ്കെടുത്ത Training programme ൽ ശ്രീമതി എൽസി സ്വാഗതം ആശംസിച്ചു . ശ്രീമതി ത്രേസ്യാമ്മ നന്ദി അർപ്പിച്ചു സംസാരിച്ചു .

## സംഘ വാർഷികവും ദിനാചരണവും

കായണ്ണ GVS ലെ പ്രിയദർശിനി SHG ഓഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തിൽ സ്വാതന്ത്ര്യദിനാചരണവും സംഘവാർഷികവും സംയുക്തമായി ആചരിച്ചു കായണ്ണ കെയർ സെന്ററിൽ വെച്ച് പതാക ഉയർത്തി മിഠായിവിതരണം ചെയ്തു . തുടർന്ന് സംഘപ്രസിഡണ്ട് സിസിലി പൗലോസിന്റെ അദ്ധ്യ ക്ഷതയിൽ വാർഷിക ആഘോഷം നടത്തി. പ്രസ്തുത വാർഷികത്തിൽ ഏരിയാ കോഡിനേറ്റർ മോളി സെബാസ്റ്റ്യൻ ഉദ്ഘാടന കർമ്മം നിർവഹിച്ചു .

## **Caritas India Staff Orientation Programme** (Thrissur and Malabar cluster)

Caritas India യുടെ നേതൃത്വത്തിൽ Building Resilient Communties Through Recovery Support to Flood and land Slide Affected Communities in Kerala പ്രോഗ്രാം താമരശ്ശേരി ബിഷപ്പ് ഹൗസിൽ വെച്ച് 30/8/019 ന് സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ സാന്ത്വനം തൃശ്ശൂർ, SAFI ഇരിങ്ങാലക്കുട, PSSSP-Palghat ,SMSS- Trivandrum , TSS – Trivandrum എന്നിവർ പങ്കെടുത്തു . ഫാ. ജോസഫ് മുകളേപറമ്പിൽ സ്വാഗതമർപ്പിച്ചു സംസാരിച്ചു . വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ചടങ്ങിൽ അധ്യക്ഷസ്ഥാനം അലങ്കരിച്ചു. DRR Kerala Programme Manager സോബ ജോസഫ് ഉദ്ഘാന കർമ്മം നിർവഹിച്ചു. Fr. George Chemparathikal, Joy K.C, Vinny Joy എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു .

**ഫാ. ജോസഫ് മുകളേപ്പറമ്പിൽ**
ഡയറക്ടർ, വികസനവേദി

---

# കെ.സി.വൈ.എം.

## Arise 2019

കെ സി വൈ എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന Arise 2019 ഈങ്ങാപ്പുഴ ജൂബിലി ധ്യാനകേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 6, 7 തീയതികളിൽ നടത്തപ്പെട്ടു. താമരശ്ശേരി രൂപത വികാരി ജനറൽ മോൺ ജോൺ ഒറവുങ്കര ഉദ്ഘാടന കർമ്മം നിർവ്വഹിച്ച യോഗത്തിൽ രൂപത പ്രസിഡന്റ് വിശാഖ് തോമസ് അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടി, സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ, സംസ്ഥാന സെക്രട്ടറി തേജസ് മാത്യു, രൂപത ആനിമേറ്റർ സി. ഷാലറ്റ് റോസ് സി.എം.സി., രൂപത ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ മേഖല വൈസ് പ്രസിഡന്റ് ആശ തുടങ്ങിയവർ സംസാരിച്ചു. സംസ്ഥാന പ്രസിഡന്റ് സിറിയക് ചാഴിക്കാടൻ, ബെന്നി ആന്റണി എന്നിവർ ക്ലാസ്സ് നയിച്ചു. രൂപതയിലെ എല്ലാ മേഖലകളിലെയും യൂണിറ്റുകളിലെയും 80 ഓളം ഭാരവാഹികൾ പങ്കെടുത്ത ഈ ക്യാമ്പ് യുവജനങ്ങൾക്ക് നേതൃത്വ രംഗങ്ങളിൽ കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കാൻ സഹായിക്കുന്നതും കെ സി വൈ എം സംഘടനയെ ക്കുറിച്ച് ആഴത്തിൽ പഠിക്കാൻ ഉപകരിക്കുന്നതുമായിരുന്നു. സംസ്ഥാന സിൻഡിക്കേറ്റ് അംഗം ലിമിന ജോർജ്ജ്, സംസ്ഥാന സെനറ്റ് മെമ്പർമാരായ ടിബിൻ അഗസ്റ്റ്യൻ, അനുപ്രിയ മാത്യു തുടങ്ങിയവർ 2 ദിവസം നീണ്ടുനിന്ന ക്യാമ്പിന് നേതൃത്വം നൽകി.

## സി.വൈ.എഫ്. സി പ്രോജക്ട് ഹോം മിഷൻ നടത്തി

ഇടവകകളിലെ യുവജനങ്ങളെ ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ ഒരു വർഷത്തോളം നീണ്ടുനിൽക്കുന്ന കർമ്മപരിപാടി കൾക്ക് സെപ്റ്റംബർ 6-9 വരെ ദിവസങ്ങളിലായി ആരംഭം കുറിച്ചു. എഫ്.സി.സി. സന്യാസ സമൂഹത്തിന്റെ നേതൃത്വത്തിൽ വലിയകൊല്ലി, ഈരൂട്, കക്കയം എന്നീ ഇടവകകളിൽ ഹോം മിഷൻ നടത്തി. എല്ലാ ക്രമീകരണങ്ങളും ചെയ്തു തന്ന ബഹു. വികാരിയച്ചന്മാർക്കും യൂണിറ്റ് ഭാരവാഹികൾക്കും ഹൃദയം നിറഞ്ഞ നന്ദി.

## പുതിയ രൂപതാ സമിതി അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചു

2019-20 വർഷത്തെ പുതിയ രൂപതാ ഭാരവാഹികൾ ബിഷപ് ഹൗസിൽ അഭിവന്ദ്യ പിതാവിനെ കണ്ട് പുതിയ വർഷത്തേയ്ക്കുള്ള കർമ്മ പദ്ധതികൾ സമർപ്പിക്കുകയും നിർദ്ദേശങ്ങളും പ്രാർത്ഥനയും ആശീർവ്വാദവും സ്വീകരിക്കുകയും ചെയ്തു.

## മേഖല സാഹിത്യ മത്സരങ്ങൾ

കെ.സി.വൈ.എം സംഘടനയിലൂടെ യുവജനങ്ങളിലെ സാഹിത്യ അഭിരുചികൾ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന തിനായി സെപ്റ്റംബർ 8 ന് 2 മണിമുതൽ 6 മണിവരെയുള്ള സമയങ്ങളിൽ രൂപതയിലെ എല്ലാ മേഖലകളിലും ഉപന്യാസം, ചെറുകഥ, കവിത, പോസ്റ്റർ രചന, കൊളാഷ്, നോട്ടീസ് രചന, പത്രവാർത്ത, മുദ്രാവാക്യ രചന, കാർട്ടൂൺ തുടങ്ങിയവയുടെ മത്സരങ്ങൾ നടന്നു. അതതു സ്ഥലങ്ങളിലെ മേഖലാ ഭാരവാഹികളും രൂപതാ ഭാരവാഹികളും നേതൃത്വം നൽകി.

## ന്യൂനപക്ഷ സെമിനാറിൽ സഹകരിച്ചു

കോഴിക്കോട് ടാഗോർ ഹാളിൽ വെച്ച് നടത്തപ്പെട്ട ന്യൂനപക്ഷ ദിനാ ചരണത്തിൽ വിവിധ ഇടവകകളിൽ നിന്നുള്ള കെ. സി.വൈ.എം അംഗ ങ്ങൾ പങ്കെടുക്കുകയും നിവേദനം സമർപ്പിച്ച് ക്രൈസ്തവ അവകാശങ്ങൾ സംരക്ഷിക്കുന്നതിലും ഗവൺമെന്റ് ആനുകൂല്യങ്ങൾ നേടിയെടുക്കു ന്നതിനുമുള്ള പങ്കാളിത്തവും ഉറപ്പുവരുത്തി.

## മേഖലാ വാർത്തകൾ

## സ്കൂളിനു നേരെ അതിക്രമം, കെ.സി.വൈ.എം. പ്രതിഷേധിച്ചു

ചെമ്പനോട സെന്റ് ജോസഫ്സ് യൂ പി സ്കൂളിന്റെ ജനൽ ചില്ലുകൾ സാമൂഹ്യവിരുദ്ധർ തകർത്തസംഭവത്തിൽ പ്രതിഷേധിച്ച് കെ സി വൈ എം ചെമ്പനോട യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രതിഷേധ പ്രകടനം നടത്തി. പ്രതിഷേധ സംഗമം രൂപതാ പ്രസിഡന്റ് വിശാഖ് തോമസ് ഉദ്ഘാടനം ചെയ്തു. ചെമ്പനോട പള്ളിവികാരി ഫാ. മാത്യു ചെറുവേലിൽ സി. സിൽവി, രുപതാ ട്രഷറർ റിച്ചാഡ് ജോൺ, ആന്റോ ടോം, ടിബൽ ചെറിയാൻ, ആൽബിൻ മണ്ണാശ്ശേരി, ജിബിൻ ചുണ്ടയിൽ, സ്റ്റീവ് മലയാറ്റൂർ, ആകാശ് സിബി, ബോണി പന്തപ്ലാക്കൽ, ഡോണ പന്തപ്ലാക്കൽ എന്നിവർ സംസാരിച്ചു.

## മദ്യഷാപ്പിന് ലൈസൻസ് അനുവദിക്കുന്നതിനെതിരെ കെ.സി.വൈ.എം

തിരുവമ്പാടിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം അനധികൃതമായി പ്രവർത്തിക്കുന്ന വിദേശ മദ്യഷാപ്പിന് ലൈസൻസ് അനുവദിക്കരുതെന്ന് കെ.സി.വൈ.എം. തിരുവമ്പാടി മേഖല കമ്മറ്റി ആവശ്യ പ്പെടുകയും പ്രതിഷേധയോഗം സംഘടിപ്പിക്കുകയും ചെയ്തു. ഇതിനെ തിരെ കൂടുതൽ ശക്തമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കാൻ യോഗം തീരുമാനിച്ചു. മേഖല പ്രസിഡന്റ് ഗോഡ്‌വിൻ നീണ്ടുകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ബിനു ആലപ്പാട്ടുകോട്ടയിൽ, സുബിൻ തയ്യിൽ, സി. അൻസ ടോം തുടങ്ങിയവർ പ്രസംഗിച്ചു.

## നിലാവുകൂട്ടം നടത്തിയ ഇടവകകൾ

1. കല്ലുരുട്ടി- സെപ്റ്റംബർ 9
2. മഞ്ഞുവയൽ - സെപ്റ്റംബർ 11
3. നൂറാംതോട് - സെപ്റ്റംബർ 12
4. വാലില്ലാപ്പുഴ - സെപ്റ്റംബർ 14
5. അമലാപുരി - സെപ്റ്റംബർ 21

## അറിയിപ്പുകൾ

### രൂപത കലോത്സവം യുവ- 2019

**1. ഈ വർഷത്തെ രൂപതാ കലോത്സവം യുവ- 2019 ഒക്ടോബർ 12 രണ്ടാം ശനിയാഴ്ച തിരുവമ്പാടി സേക്രഡ് ഹാർട്ട് ഹയർ സെക്കന്ററി സ്കൂൾ, ഇൻഫന്റ് ജീസസ് സ്കൂൾ** എന്നിവിടങ്ങളിലായി നടത്തുന്നു. ഫൊറോന കലാമത്സരങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന മത്സരാർത്ഥികളെ രൂപത കലോത്സവത്തിൽ പറഞ്ഞയക്കേണ്ടതാണ്.

### 2. ആർപ്പോ വടംവലി

കെ സി വൈ എം താമരശ്ശേരി രുപതയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന രൂപതാതല വടംവലി മത്സരം ഒക്ടോബർ മാസം 27 ഞായറാഴ്ച ഉച്ചക്ക് ശേഷം നടത്താൻ തീരുമാനിച്ചിരിക്കുന്നു. സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും.

### മത്സരനിയമങ്ങൾ

1. ഒരു ഇടവകയിൽ നിന്നും പരമാവധി 2 ടീമുകൾക്ക് വരെ മത്സരിക്കാം. ഒരു ടീമിൽ ഏഴ് അംഗങ്ങൾ. ഒരുടീമിന് പരമാവധി രണ്ട് സബ്സ്റ്റിറ്റ്യൂഷനേ അനുവദിക്കുകയുള്ളൂ.
2. മത്സരാർത്ഥികളെല്ലാം താമരശ്ശേരി രൂപതാംഗങ്ങൾ ആയിരിക്കണം.
3. ടീമുകൾക്ക് രൂപതയിലെ ഇടവകകളുടെ പേരിൽ മാത്രമേ രജിസ് ട്രേഷൻ നടത്താൻ കഴിയൂ.
4. മത്സരാർത്ഥികളിൽ 4 പേരെങ്കിലും അതത് ഇടവകക്കാർ ആയി രിക്കണം, മറ്റു മൂന്നുപേർ താമരശ്ശേരി രൂപതാംഗങ്ങളായ കത്തോലി ക്കരായിരിക്കണം.

5. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടു കൂടി മാത്രമേ രജിസ്ട്രേഷൻ സ്വീകരിക്കുകയുകള്ളു. സാക്ഷ്യപത്രത്തിൽ ഇടവകക്കാരായ മത്സരാർത്ഥികളുടെ പേരും ഇടവകക്കാരല്ലാത്തവരുടെ പേരും അവ രുടെ ഇടവകയും എഴുതി ടീം രജിസ്റ്റർ ചെയ്തിരിക്കുന്ന ഇടവകയുടെ വികാരിയുടെ ഒപ്പും സീലും രേഖപ്പെടുത്തിയാണ് സമർപ്പിക്കേണ്ടത്. രജിസ്ട്രേഷൻ ഫീസ് 750 രൂപ.

6. തൂക്കം പരമാവധി 450 + 5. ടീമിൽ ഏഴുപേർമാത്രം. ടീം മാനേജർ ഉണ്ടായിരിക്കണം.

**3. കെ സി വൈ എം റിസോഴ്സ് ടീം പ്രാക്ടിക്കൽ സെഷൻ:**

കെ സി വൈ എം ന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട ഷാന്തി പുതുശ്ശേരിൽ അച്ചന്റെ കീഴിൽ കഴിഞ്ഞ ഒരു വർഷത്തോളമായി നടന്നു വരുന്ന റിസോഴ്സ് ടീമിലെ 30 തോളം യുവജനങ്ങൾ ഒക്ടോബർ മാസം 6, 27 തിയ്യതികളിൽ തിരുവമ്പാടി, കോടഞ്ചേരി, കൂരാച്ചുണ്ട്, താമരശ്ശേരി ഫൊറോനകളിലെ 50 ഓളം ഇടവകകളിൽ 9. 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ക്ലാസ്സ് എടുക്കുന്നതാണ്. രൂപത അധികാരികളുടെ സമ്മതത്തോടും ക്യാറ്റക്കിസം ഡിപ്പാർട്ട്മെന്റിൻെറ സഹകരണ ത്തോടെയുമാണ് ഈ പ്രാക്ടിക്കൽ സെഷൻ നടത്താൻ തീരുമാനിച്ചിരി ക്കുന്നത്. അതോടൊപ്പം ഓരോ ഇടവകയിലെയും ഹെഡ് മാസ്റ്ററോ ക്ലാസ് ടീച്ചറോ അവരുടെ ക്ലാസിനെ വിലയിരുത്തി, രൂപതയിൽ നിന്നും നൽകുന്ന ഇവാലുവേഷൻ ഫോം പൂരിപ്പിച്ച് നൽകണമെന്നും അപേക്ഷിക്കുന്നു. എല്ലാ വികാരിയച്ചന്മാരും വേണ്ട ക്രമീകരണങ്ങൾ ചെയ്തു തരുമല്ലോ.

**4. സി വൈ എഫ് സി (കാത്തലിക് യൂത്ത് ഫോർമേഷൻ കോഴ്സ്) –**

ഈ വർഷം നടത്തുന്ന ഇടവകകൾ

**എഫ്. സി. സി. കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ**

1. വലിയകൊല്ലി 2. ഈരൂട് 3. കക്കയം 4. മഞ്ഞക്കുന്ന്
5. പാലൂർകോട്ട

**സി. എം. സി. കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ**

1. പുഷ്പഗിരി 2. പീടികപ്പാറ

**എം. എസ്. എം. ഐ. കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ**

1. പൂഴിത്തോട് 2. ചമൽ 3. പനംപ്ലാവ്

**എസ്. എച്ച്. കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ**

1. കാറ്റുള്ളമല 2. പാത്തിപ്പാറ 3. മരഞ്ചാട്ടി 4. കല്ലുരുട്ടി

**എസ്. എ. ബി. എസ്. കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ**

1. വിലങ്ങാട് 2. വിളക്കാംതോട് 3. ചുണ്ടത്തുംപോയിൽ
4. മഞ്ഞുവയൽ

## C.Y.F.C മാതാപിതാക്കൾക്ക് ബോധവൽക്കരണ സെമിനാർ

യൂത്ത് മിനിസ്ട്രിയുടെ ഭാഗമായി വലിയകൊല്ലി, ഈരൂട്, കക്കയം, പുഷ്പഗിരി, പൂഴിത്തോട് ഇടവകകളിൽ മാതാപിതാക്കൾക്കായുള്ള ബോധ വത്കരണ സെമിനാർ നടന്നു. സി. ജിനു എം എസ്. ജെ. യാണ് സെമി നാറിന് നേതൃത്വം നൽകി വരുന്നത്. യുവജനങ്ങളെ ബാധിക്കുന്ന സമകാലീന സംഭവങ്ങൾ പ്രത്യേകിച്ച് ലൗ ജിഹാദ് പ്രണയക്കുരുക്കുകൾ, മയക്കു മരുന്നിന്റെ ഉപയോഗം, മൊബൈൽ അഡിക്ഷൻ തുടങ്ങിവ കൗൺസിലിങ് അനുഭവങ്ങളുടെ വെളിച്ചത്തിൽ മാതാപിതാക്കളെ ബോധ്യ പ്പെടുത്തി.

## C.Y.F.C (Catholic Youth Formation Course)
## One Year Youth Ministry in Parishes

യുവജനശുശ്രൂഷയിൽ പുതിയ പ്രവർത്തന തലങ്ങൾ രൂപീകരിച്ചു കൊണ്ട് കെ. സി. വൈ.എം. താമരശ്ശേരി രൂപതയും രൂപതയിലെ വിവിധ കോൺഗ്രിഗേഷനുകളും ചേർന്ന് തയ്യാറാക്കിയിരിക്കുന്ന യൂത്ത് ഫോർമേഷൻ & ഗൈഡൻസ് പ്രോജക്ട്.

### ആമുഖം

സാമൂഹികമായ വ്യതിയാനങ്ങൾ സംഭവിക്കുകയും സഭാത്മകമായ തെറ്റിദ്ധാരണകൾ പരക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ യുവ ജനങ്ങൾക്ക് മൂല്യാധിഷ്ഠിതമായ ക്രൈസ്തവ വിദ്യാഭ്യാസവും ധാർമ്മി കബോധവും സൃഷ്ടിക്കാനും വ്യക്തമായ കാഴ്ചപ്പാടിലേക്ക് അവരെ നയിക്കാനുമായി ഇടവകകൾ കേന്ദ്രീകരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന പദ്ധതിയാണിത്. പ്ലസ് ടു പഠനശേഷം യാതൊ രുവിധ ക്രൈസ്തവ വിദ്യാഭ്യാസവും യുവജനങ്ങൾക്ക് നിലവിലുള്ള സംവിധാനങ്ങളിലൂടെ ലഭിക്കുന്നില്ലത്തതിനാൽ ക്രൈസ്ത വദർശനങ്ങളും മൂല്യങ്ങളും ആത്മീയവളർച്ചക്കുള്ള സാധ്യതകളും തിരഞ്ഞെടുക്കപ്പെട്ട ഇടവകയിൽ ഇടവകവികാരിയുടെ പൂർണ്ണമായ പിൻതുണയോടെ നടപ്പി ലാക്കുന്ന പ്രോജക്ടാണ് ഇത്. യുവജനങ്ങളുടെ വ്യക്തിപരമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്ത് യുവജനങ്ങൾക്ക് ഒരു വർഷക്കാലം ഗൈഡൻസ് നൽകാനും മാസം തോറുമുള്ള യുവജന കൂട്ടായ്മകളിലൂടെ സംഘ ബോധവും സഭാസ്നേഹവും ദൈവസ്നേഹവും വളർത്താനുമാണ് ഇത് ക്രമീകരിച്ചിരിക്കുന്നത്.

ഈ വർഷം **എഫ് സി സി, എം എസ് എം ഐ, സി എം സി, എസ് എ ബി എസ്, എസ് എച്ച്** എന്നീ കോൺഗ്രിഗേഷനുകളെ ഉൾക്കൊ ള്ളിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആകെ 19 ഇടവകകളിൽ എങ്കിലും ഈ വർഷം പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## ലക്ഷ്യങ്ങൾ

1. ഈ കാലഘട്ടത്തിൽ യുവജനങ്ങളിൽ വേരോടുന്ന മിശ്രവിവാഹം, പ്രേമബന്ധങ്ങൾ, സാമൂഹിക മാധ്യമദുരുപയോഗങ്ങൾ എന്നിവയെക്കുറിച്ചും അടിസ്ഥാനപരമായ കത്തോലിക്ക മൂല്യങ്ങളെക്കുറിച്ചും സഭാത്മകമായ പഠനങ്ങളെക്കുറിച്ചും സാമൂഹ്യമാധ്യമങ്ങളിലൂടെയും മറ്റും സുലഭമായി ലഭ്യമാകുന്ന വിവിധങ്ങളായ ക്രൈസ്തവവിരുദ്ധ ആശയങ്ങളെക്കുറിച്ചും ഇടവകയിലെ യുവജനങ്ങൾക്കും മാതാപിതാക്കൾക്കും വ്യക്തമായ ധാരണകളും ക്രൈസ്തവബോധ്യങ്ങളും നൽകുക.
2. യുവജനങ്ങളുടെ വിവിധങ്ങളായ വ്യക്തിപരമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും ആവശ്യമെങ്കിൽ കൗൺസിലിംഗ് നൽകാനും ഗൈഡൻസ് നൽകാനും സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലുള്ള റിസോ ഴ്സ് & ഗൈഡൻസ് ടീമിന്റെ സഹായം ലഭ്യമാക്കുക. ഒരു വർഷത്തോ ളവും ആവശ്യമെങ്കിൽ അതിനുശേഷവും യുവജനങ്ങൾക്ക് പേഴ്സ ണൽ ഗൈഡൻസ് നൽകുന്നു.
3. എല്ലാ മാസവും വി. കുമ്പസാരം, ആരാധന എന്നിവയിലൂടെ ആത്മീയതയിൽ വളർത്തുക.
4. ഹോം മിഷനിലൂടെ ഇടവകയിലെ ഓരോ യുവതീ യുവാക്കളെയും കുറിച്ച് പഠിക്കുന്നു. ഓരോ ഇടവകയിലെയും യുവജനങ്ങളെക്കുറിച്ചും പൊതു സ്വഭാവത്തെക്കുറിച്ചും കൃത്യമായ റിപ്പോർട്ട് തയ്യാറാക്കുന്നു.
5. യുവജനങ്ങളെ ബാധിക്കുന്ന കുടുംബങ്ങളിലെ പ്രശ്നങ്ങൾ മനസ്സി ലാക്കി പരിഹരിക്കാൻ ശ്രമിക്കുന്നു. പ്രത്യേകിച്ച് അമ്മമാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും ഓറിയന്റേഷൻ ക്ലാസുകൾ നൽകാനും സാധ്യതയൊരുക്കുന്നു.

## CYFC-

### 1. ഒന്നാം ഘട്ടം: മാതാപിതാക്കൾക്കുള്ള സെമിനാർ

ഇടവകയിലെ മാതാപിതാക്കൾക്ക് വേണ്ടി ഈ കാലഘട്ടത്തിലെ യുവജന പ്രവണതകളെക്കുറിച്ചും ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കു റിച്ചും യുവജനങ്ങളെ വളർത്തേണ്ട രീതികളെക്കുറിച്ചും പ്രതിബാധി ക്കുന്ന രണ്ടുമണിക്കൂർ നീളുന്ന ഒരു സെമിനാർ സംഘടിപ്പിക്കുന്നു. ഈ കാലഘട്ടത്തിലെ യുവജനങ്ങ ളെക്കുറിച്ചുള്ള വിഷയാവതരണം, പ്രോജക്ടിനെക്കുറിച്ച് മാതാപിതാക്കൾക്ക് നൽകാനുള്ള പ്രാഥമിക ധാരണകൾ, പ്രൊജക്ടിന്റെ ഇടവകാതല ഉദ്ഘാടനവും ആണ് ഒന്നാം ഘട്ടത്തിൽ നടക്കുക. ഇടവകയിലെ 35 വയസ്സിൽ താഴെ പ്രായത്തിൽ മക്കളുള്ള എല്ലാ ദമ്പതികളും ഇതിൽ നിർബന്ധമായും സംബന്ധി ക്കണം. തുടർന്നു വരുന്ന ഹോം മിഷനുള്ള ഒരു ഒരുക്കം കൂടിയായി രിക്കും ഇത്. റിസോഴ്സ് പേഴ്സൺ: സി. ജിനു എം എസ് ജെ.

**2. രണ്ടാംഘട്ടം: ഹോം മിഷൻ**

ഇടവകയിലെ യുവജനങ്ങളെ പ്രത്യേകമായി ഉദ്ദേശിച്ചും ഇടവകയു ടെ പൊതു നവീകരണം ലക്ഷ്യം വെച്ചും ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തുന്നു. യുവജനങ്ങളെ സംബ ന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ (സ്വഭാവ- ആത്മീയ- വ്യക്തിത്വ മേഖലകൾ മനസിലാക്കി) ശേഖരിക്കുന്നു. യുവജനങ്ങളുടെ വ്യക്തി പരമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേദിയൊരുക്കുന്നു. ദൂരെ യുള്ള യുവജനങ്ങളുമായി വ്യക്തിബന്ധം സ്ഥാപിക്കുന്നു, പ്രശ്ന ങ്ങൾ മനസ്സിലാക്കാൻ പരിശ്രമിക്കുന്നു. ആവശ്യമെങ്കിൽ പല പ്രാവശ്യം യുവജനങ്ങൾക്ക് കൗൺസിലിംഗ് സെഷനുള്ള അവസരം ഒരുക്കുന്നു. കൂടുതൽ കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ ഉണ്ടെങ്കിൽ പ്രൊഫഷണൽ കൗൺസിലിംഗ് റഫർ ചെയ്യുന്നു. ഒരു വർഷക്കാല ത്തോളം ഇടവകയിൽ യുവജനങ്ങൾക്ക് പേഴ്സണൽ ഗൈഡൻസ് നൽകുന്നു.

**3. മൂന്നാം ഘട്ടം: ഫിക്സഡ് ഡേറ്റ് പ്രോഗ്രാം**

ഇടവകയിലെ 13 വയസ്സിന് മുകളിലുള്ള എല്ലാ യുവജനങ്ങളെയും മാസ ത്തിലൊരിക്കൽ (ഫിക്സഡ് ഡേറ്റ്) ഒന്നിച്ചു കൂട്ടുന്നു. പ്രൊജക്ട് ആരംഭിച്ചശേഷം 10 മാസത്തേയ്ക്ക് വിവിധ വിഷയങ്ങളെ സംബന്ധിച്ചും ഇടവകയിലെ കാലികമായ പ്രശ്നങ്ങളെ സംബന്ധിച്ചും ഹാഫ് ഡേ ഓറി യന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നു. 45 മണിക്കൂർ ഓറിയന്റേഷൻ ടോക്ക്, 25 മിനറ്റ്സ് ആക്ടിവിറ്റീസ്, സെഷനെ അടിസ്ഥാനപ്പെടുത്തി ആരാ ധന, കുമ്പസാരം, ഹോം വർക്ക്, സ്പിരിച്വൽ ഗ്രൂപ്പ്സ് & ഷെയറിങ് എന്നി വയുൾക്കൊള്ളുന്ന സെഷൻസ് ആയിരിക്കും ഇത്.

**ഓരോ മാസവും കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കുന്ന വിഷയങ്ങൾ**

| | | |
|---|---|---|
| 1 | 1st month | 8 Stages of Life (of Eric Ericson), Cardinal Virtues and Theological Virtues |
| 2 | 2nd month | Identy vs Identity Diffusion & Intimacy vs Isolation (5th and 6th stages of life) – Mixed Marriage, Pornograpgy, Mobile Adiction |
| 3 | 3rd month | For Arias of Formation - (Human Formation, Psychological Formation, Intellectual Formation, Spiritual Formation) |
| 4 | 4th month | ക്രിസ്റ്റ്യൻ വാല്യൂസ് & തിയോളജി ഓഫ് ബോഡി (ഹ്യൂമൻ ഫോർമേഷൻ)- Sexuality and Healthy Sexual Life. |
| 5 | 5th month | Personal Development and Spiritual Growth, Jesus is the Way, Life and Truth |

| | | |
|---|---|---|
| 6 | 6th month | Vocation- four Stages- Task Oriented, Risk Taking, Sacrifices & Prayer in reference with biblical vocations |
| 7 | 7th month | വിവാഹം ദൈവവിളി - ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുമ്പോൾ, കുടുംബം |
| 8 | 8th month | സഭ, കൂദാശകൾ - 8 സ്റ്റേജസ് ഓഫ് ലൈഫിന്റെ പശ്ചാത്തലത്തിൽ, സഭയും രക്ഷയിലേക്കുള്ള മാർഗങ്ങളും |
| 9 | 9th month | Authentic christian leadership- instruction,morality and ethics etc. |

10 10th month Ten Commandments and Eight Beatitudes - ആത്മീയത, വിശുദ്ധകുർബാന കേന്ദ്രീകൃത ജീവിതം.

മൂന്നു മാസത്തിലൊരിക്കൽ അമ്മമാർക്ക് ആവശ്യമെങ്കിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു.

**ഇടവകയിൽ നിന്നും ചെയ്യേണ്ടത്.**

1. ഇടവകയിലെ യുവജനങ്ങളുടെ ഒരു ലിസ്റ്റ് മുൻകൂട്ടി നൽകുക. (ഹോം മിഷൻ ടീം യുവജനങ്ങൾക്കായി പ്രാർത്ഥിച്ചു തുടങ്ങുന്നു)
2. യുവജനങ്ങളെയും മാതാപിതാക്കളെയും ഒരുമിച്ചു കൂട്ടുക.
3. ഹോം മിഷന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുക.
4. ഹോം മിഷൻ ടീമിനുള്ള ടി.എ, എല്ലാ മാസവും കുമ്പസാരിപ്പിക്കുവാൻ വരുന്ന വൈദികർക്കുള്ള ടി.എ, മീറ്റിംങ്ങുകൾക്കുവേണ്ട tea & snacks എന്നിവ ഇടവകകൾ വഹിക്കേണ്ടതാണ്.

**രൂപതാ കലോൽസവം- നിയമാവലി**

**പൊതു നിയമങ്ങൾ**

1. ഒരാൾക്ക് വ്യക്തിഗത ഇനങ്ങളിൽ പരമാവധി മൂന്നു വീതം രചനാമത്സരങ്ങളിലും കലാമത്സരങ്ങളിലും പങ്കെടുക്കാം.

2. മേഖല കലോത്സവത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനക്കാർക്ക് രൂപത കലോത്സവത്തിൽ പങ്കെടുക്കാം. രൂപതാ തലത്തിൽ പ്രത്യേകമായി രചനാമത്സരങ്ങൾ വീണ്ടും നടത്തുന്നതല്ല. മേഖലകളിൽ നിന്നും ലഭിക്കുന്ന മികച്ച രണ്ടെണ്ണം രൂപതാതലത്തിൽ മൂല്യനിർണ്ണയം നടത്തുന്നതായിരിക്കും.

3 രൂപതാതലകലാ മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിൽ 20 രൂപയും ഗ്രൂപ്പ് ഇനങ്ങൾക്ക് 50 രൂപയും രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കു ന്നതാണ്. രജിസ്ട്രേഷൻ ഫോം സമർപ്പിക്കുന്ന സമയത്തു തന്നെ മുഴുവൻ ഫീസും അടയ്ക്കേണ്ടതാണ്. മേഖലാ മത്സരങ്ങൾക്ക് ഫീസ് ആവശ്യമാണെങ്കിൽ അതതു മേഖലകൾക്ക് നിശ്ചയിച്ച് വാങ്ങാവുന്നതാണ്.

4. രൂപത കലാമത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത നേടിയവരുടെ വിവരങ്ങൾ നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് മേഖല ഡയറക്ടർ, പ്രസിഡന്റ് എന്നിവരുടെ ഒപ്പും സീലും രേഖപ്പെടുത്തി ഒക്ടോബർ 2 ന് വൈകിട്ട് 5 മണിക്ക് മുമ്പ് രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. വൈകി കിട്ടുന്നതും അപൂർണ്ണവുമായ ലിസ്റ്റ് സ്വീകരിക്കുന്നതല്ല. മത്സര ദിവസം ലിസ്റ്റിൽ മാറ്റം വരുത്താനോ പുതിയ പേരുകൾ ചേർക്കാനോ അനുവദിക്കുന്നതല്ല.

5. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സർട്ടിഫിക്കറ്റും ട്രോഫിയും മൂന്നാം സ്ഥാനക്കാർക്ക് സർട്ടിഫിക്കറ്റ് മാത്രമായും നൽകുന്നു.

6. വ്യക്തിഗത ഇനങ്ങളിൽ 1, 2, 3 സ്ഥാനക്കാർക്ക് യഥാക്രമം 5, 3, 1 പോയിന്റുകൾ നല്കുന്നു. ഗ്രൂപ്പ് ഇനങ്ങൾക്ക് 10, 5, 3 എന്നീക്രമ ത്തിലായിരിക്കും പോയിന്റുകൾ നൽകുക. കലാ സാഹിത്യമത്സര ങ്ങളുടെ പോയിന്റുകൾ ഒരുമിച്ച് കണക്കാക്കി ഒന്ന്, രണ്ട് സ്ഥാന ത്തെത്തുന്ന മേഖലകൾക്ക് എവറോളിംങ് ട്രോഫികൾ നൽകുന്നതാണ്.

7. സംഘടനാ സമിതി സ്ക്രീനിംങ് നടത്തി തിരഞ്ഞെടുക്കുന്ന ഇനങ്ങൾ മാത്രമേ സംസ്ഥാന കലോത്സവത്തിന് അയക്കുകയുള്ളൂ.

8. 15- നും 35 നും ഇടയിൽ പ്രായമുള്ള കെ സി വൈ എം അംഗങ്ങൾക്ക് മാത്രമേ മത്സരങ്ങളിൽ പങ്കെടുക്കാൻ അർഹതയുള്ളൂ. മേഖലാ-രൂപതാ സമിതി ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ വയസ്സ് തെളിയിക്കുന്ന ഔ ദ്യോഗിക രേഖകൾ ഹാജരാക്കാൻ മത്സരാർത്ഥികൾ ബാധ്യസ്ഥരാണ്.

9. മത്സര ഇനങ്ങളിൽ ഒരു ടീം മാത്രമേ മത്സരിക്കാൻ ഉള്ളൂ എങ്കിലും മത്സരം നടത്തിയോ, സ്ക്രീനിംങ് നടത്തിയോ മത്സരാർത്ഥിയുടെ നിലവാരം വിലയിരുത്തേണ്ടതാണ്. പെർഫോമൻസിന്റെ യോഗ്യത നിർണ്ണയിച്ച ശേഷമേ രൂപതയിലേക്കോ സംസ്ഥാനത്തേക്കോ മത്സരിക്കാൻ അനുവദിക്കുകയുള്ളൂ. ഒരു ടീം മാത്രമേ മത്സരിക്കു ന്നുള്ളൂ എങ്കിലും മത്സരയിനത്തിന് നിശ്ചയിച്ചിരിക്കുന്ന പോയിന്റ് യൂണിറ്റിന്/ഫൊറോനക്ക് നൽകേണ്ടതാണ്.

### രചനാ മത്സരങ്ങൾ

1. 2019 സെപ്റ്റംബർ 8 -ാം തിയ്യതി ഞായറാഴ്ച ഉച്ചക്ക് ശേഷം 2 മുതൽ 5 വരെ അതതു മേഖലകളിൽ രചനാ മത്സരങ്ങൾ നടത്തപ്പെടുന്നു. രൂപതാതല രചനാമത്സരമായി രണ്ടാമതൊരു മത്സരം നടത്തുന്നില്ല. മേഖലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവ രൂപതയിൽ മൂല്യ നിർണ്ണയം നടത്തി സമ്മാനാർഹരെ കലാമത്സര ദിവസം പ്രഖ്യാപി ക്കുന്നതാണ്.

2. ഒരു യൂണിറ്റിൽ നിന്ന് രണ്ടു പേർക്ക് ഓരോ ഇനത്തിലും പങ്കെടു ക്കാവു ന്നതാണ്. യുവതികൾക്കും യുവാക്കൾക്കും ഒന്നിച്ചാണ് മത്സരം

നടത്തപ്പെടുന്നത്.

3. മത്സരങ്ങൾക്ക് തൽസമയം വിഷയങ്ങൾ നൽകുന്നു. 2019 ലെ പഠനപ്രമേയവുമായി ബന്ധപ്പെട്ടതും (ഈ വർഷത്തെ ആപ്തവാക്യം **സ്നേഹത്തിൽ ഒന്നായി യുവത, കരുണയ്ക്കും സാക്ഷ്യത്തിനും – ഉപവിഷയങ്ങൾ-മതേതരത്വമൂല്യങ്ങളുടെ സംരക്ഷണം, നവമാധ്യമ മുന്നേറ്റം, മാലിന്യസംസ്കരണം, യുവജനസിനഡും തുടർ പഠനങ്ങളും)** ഈ കാലഘട്ടത്തിലെ സമൂഹ്യ-സഭാത്മക വിഷയങ്ങളു മായിരിക്കും മത്സരവിഷയങ്ങളുടെ മാനദണ്ഡം.

4. മത്സരത്തിനുള്ള സ്ഥലം നിശ്ചയിച്ച് യഥാസമയം യൂണിറ്റുകളിൽ അറിയിക്കേണ്ടതും പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുമാണ്.

5. മത്സരത്തിനാവശ്യമായ എ ഫോർ ഷീറ്റുകൾ, ചാർട്ട് പേപ്പറുകൾ എന്നിവ മേഖല സമിതി നൽകണം. പേപ്പറുകളിൽ മേഖലയുടെ സീൽ നിർബന്ധമായും ഉണ്ടായിരിക്കണം.

6. രചനകൾ മേഖലകളിൽ മൂല്യനിർണ്ണയം നടത്തി ഒന്നും രണ്ടും സ്ഥാനക്കാരുടെ രചനകൾ സെപ്റ്റംബർ 30 ന് മുമ്പ് രൂപത ഓഫീസിൽ എത്തിക്കണം. മത്സരാർത്ഥികളുടെ വിശദവിവരങ്ങൾ (പേര്, വീട്ടുപേര്, ഇടവക, മേഖലയിൽ നൽകിയ ചെസ്റ്റ് നമ്പറുകൾ എന്നിവ) പേപ്പറുകളോടൊപ്പം മറ്റൊരുപേപ്പറിൽ എഴുതി പിൻചെയ്ത്, സീൽ ചെയ്ത് എത്തിക്കേണ്ടതാണ്. രചന നടത്തുന്ന പേപ്പറിൽ ചെസ്റ്റ് നമ്പറല്ലാതെ വ്യക്തിയുടെ ഐഡന്റിറ്റി വെളിപ്പെടുന്നതൊന്നും ഉണ്ടാകരുത്.

7. രചനാമത്സരങ്ങൾക്ക് രൂപത തലത്തിൽ രജിസ്ട്രേഷൻ ഫീസ് ഇല്ല. ആവശ്യമെങ്കിൽ മേഖലാ സമിതിക്ക് രജിസ്ട്രേഷൻ ഫീസ് വാങ്ങാവുന്നതാണ്.

### രചനാമത്സരങ്ങളുടെ നിയമങ്ങൾ

1. **ഉപന്യാസം–** സമയം 60 മിനിറ്റ്. എ 4 പേപ്പറാണ് നൽകേണ്ടത്. രണ്ടു വശത്തും എഴുതാവുന്നതാണ്. (ഭാഷാലാളിത്യം, വസ്തുതകളുടെ വിന്യാസം, അവതരണശൈലി, വിഷയത്തെക്കുറിച്ചുള്ള ഗ്രാഹ്യം, അനുബന്ധ റഫറൻസ്, ഘടന).

2. **കഥാരചന –** സമയം 60 മിനിറ്റ്. എ 4 പേപ്പറാണ് നൽകേണ്ടത്. രണ്ടു വശത്തും എഴുതാവുന്നതാണ്. (ഭാഷ, സർഗ്ഗാത്മകത, ആവിഷ്കാര രീതി, സൗന്ദര്യാത്മകത, പ്രതിപാദനരീതി),

3. **കവിതാരചന –** സമയം 60 മിനിറ്റ്. എ 4 പേപ്പറാണ് നൽകേണ്ടത്. രണ്ടു വശത്തും എഴുതാവുന്നതാണ്. (ഭാഷ, സർഗ്ഗാത്മകത, താളം, സൗന്ദര്യാത്മകത, പ്രതിപാദനരീതി)

4. **മുദ്രാവാക്യരചന –** സമയം 30 മിനിറ്റ്, എ 4 പേപ്പറാണ് നൽകേണ്ടത്. വിഷയം തത്സമയം നൽകും. ആശയം, താളാത്മകത, ആവേശശൈലി, ഭാഷാശുദ്ധി എന്നിവ മാനദണ്ഡങ്ങൾ.

**5. നോട്ടീസ് രചന**

സമയം 45 മിനിറ്റ്, എ 4 പേപ്പറാണ് നൽകേണ്ടത്. അവതരണ ശൈലി, ഘടന, ഭാഷാപ്രയോഗം, ഉള്ളടക്കത്തിന്റെ പൂർണ്ണത എന്നിവ മാന ദണ്ഡങ്ങൾ.

**6. പത്രവാർത്ത രചന**

സമയം 45 മിനിറ്റ്, എ 4 പേപ്പറാണ് നൽകേണ്ടത്. ഘടന, ഭാഷാപ്രയോഗം, വിഷയത്തിലെ ഉചിതമായ പ്രതികരണം, പത്ര വാർത്താശൈലി, വിഷയത്തോടുള്ള കൂറ് എന്നിവ പരിഗണിക്കും.

**7. കൊളാഷ്**

സമയം 60 മിനിറ്റ്, ആശയം വ്യക്തമായിരിക്കണം. നിറം ഉപയോഗിക്കാം. പക്ഷേ കൊളാഷിന്റെ മുകളിൽ പാടില്ല. (പേജ് ബോർഡേഴ്സ്, കൊളാ ഷ് ബോഡേഴ്സ് എന്നിവ മാത്രം) ആവശ്യമായ പേപ്പർ കട്ടിങ്സ്, മാറ്ററുകൾ മത്സരാർത്ഥികൾ കൊണ്ടുവരണം. ഒരു ഫുൾ ചാർട്ടിലാണ് തയ്യാറാക്കേണ്ടത്. വിഷയവുമായുള്ള ബന്ധം, കോമ്പിനേഷൻ, പ്രായോഗിക രീതി, വിവിധമാധ്യമങ്ങളുടെ സങ്കലനം, പൂർണ്ണത എന്നിവ മാനദണ്ഡങ്ങളാണ്.

**8. പോസ്റ്റർ രചന**

സമയം 120 മിനിറ്റ്. പോസ്റ്റർകളർ, ട്രാൻസ്പിരന്റ് കളർ, വാട്ടർ കളർ എന്നിവ ഉപയോഗിക്കാം. ക്രയോൺസ് പാടില്ല. ആശയം എഴുതാൻ സ്കെച്ച് പെൻ ഉപയോഗിക്കാം. ചാർട്ട് പേപ്പറിന്റെ പകുതി ഭാഗമാണ് നൽകേണ്ടത്. ആശയം, ലെ ഔട്ട്, കോമ്പിനേഷൻ, നിറങ്ങളുടെ സംയോജനം, പൂർണ്ണത എന്നിവ മാനദണ്ഡങ്ങൾ

**9. കാർട്ടൂൺ**

സമയം 120 മിനിറ്റ്. പെൻസിൽ/കറുപ്പ് കളർ മാത്രമേ ഉപയോഗിക്കാവൂ. ചിത്രത്തിനും ആശയത്തിനും തുല്യ പ്രാധാന്യമാണ്. ചാർട്ട് പേപ്പറിന്റെ നാലിൽ ഒന്ന് ഭാഗമാണ് നൽകേണ്ടത്. വിഷയവുമായുള്ള ബന്ധം, രചനാശൈലി, ആക്ഷേപഹാസ്യനിരൂപണം, സാമൂഹിക വിമർശനം, കോമ്പിനേഷൻ, നർമ്മബോധം എന്നിവ പരിഗണിക്കുന്നു.

**കലാമത്സരങ്ങൾ**

**പൊതുനിയമങ്ങൾ**

1. ഈ വർഷം വ്യക്തിഗത-ഗ്രൂപ്പ് തലങ്ങളിലുള്ള കലാമത്സരങ്ങൾ മേഖല-

രൂപത തലങ്ങളിൽ നടത്തുന്നതാണ്.

2. രൂപതാതല കലാമത്സരങ്ങൾ ഒക്ടോബർ 12 ന് നടത്തപ്പെടു ന്നതായിരിക്കും. ഒക്ടോബർ 2 ന് മുമ്പായി വിജയികളുടെ പേരു വിവരങ്ങൾ രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്, പിന്നീട് വരുന്നവ സ്വീകരിക്കുന്നതല്ല.

3. ഓരോ മേഖലയ്ക്കും ഒരു ടീം മാനേജർ ഉണ്ടായിരിക്കണം. മാനേജർ മാത്രമാണ് മത്സരസംബന്ധമായ ആവശ്യങ്ങൾക്ക് സംഘാടക സമിതി ഓഫീസുമായി ബന്ധപ്പെടേണ്ടത്. വ്യക്തികൾക്കുള്ള ചെസ്റ്റ് നമ്പർ മത്സരദിവസം രാവിലെ ടീം മാനേജർ കൈപ്പറ്റേണ്ടതാണ്.

4. അവതരണത്തിനുള്ള ക്രമനമ്പർ മത്സരത്തിന് തൊട്ടുമുമ്പ് അതതുവേദികളിൽ നൽകുന്നതാണ്. ഇതരവേദികളിൽ മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ ക്രമനമ്പർ മാറ്റി നൽകുകയുള്ളു.

5. മൂന്നു പ്രാവശ്യം ചെസ്റ്റ് നമ്പർ വിളിച്ചിട്ടും മത്സരാർത്ഥികൾ വേദിയിൽ എത്തുന്നില്ലെങ്കിൽ അവസരം നഷ്ടമാകും.

6. മത്സരത്തിന് മത്സരാർത്ഥികളുടെ എണ്ണം മൂന്നിൽ കുറവാണെങ്കിലും മത്സരങ്ങൾ നടത്തി പോയിന്റും സമ്മാനങ്ങളും നൽകുന്നതാണ്.

7. മേഖലമത്സരത്തിന്റെ സ്ഥലം നേരത്തെ നിശ്ചയിച്ച് യഥാസമയം യൂണിറ്റുകളിൽ അറിയിക്കേണ്ടതും പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുമാണ്.

## കലാമത്സര നിയമങ്ങൾ

### 1. നാടോടി നൃത്തം (യുവാക്കൾക്കും, യുവതികൾക്കും)

സമയം ഏഴു മിനിറ്റ്. യുവാക്കൾക്കും യുവതികൾക്കും വെവ്വേറെ മത്സരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. നാടൻ നൃത്തത്തിന് അനുയോജ്യമായ പാട്ടുകളും വേഷവും ആയിരിക്കണം ഉപയോഗിക്കേണ്ടത്. കാസറ്റ് സംഗീതം അനുവദനീയമാണ്. ക്രിസ്തീയസംഗീതം നിർബന്ധമല്ല. ആകാരസൂഷ്മത, വേഷം, ഭാവപ്രകടനം, താളം, ചലനഭംഗി എന്നിവ പരിഗണിക്കുന്നു.

### 2. ലളിതഗാനം (യുവാക്കൾക്കും, യുവതികൾക്കും)

സമയം 5 മിനിറ്റ്. യുവാക്കൾക്കും യുവതികൾക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കും. ക്ലാസിക്കൽ ഗാനങ്ങൾ പാടില്ല. ക്രിസ്തീയ ഭക്തിഗാനങ്ങൾ മാത്രമേ ആലപിക്കാൻ പാടുള്ളൂ. ശ്രുതി, ശാലീനത, ജ്ഞാനഭാവം, താളം, സാഹിത്യശുദ്ധി എന്നിവ പരിഗണിക്കുന്നു.

### 3. മിമിക്രി

സമയം 5 മിനിറ്റ്. അനുകരണസാമർത്ഥ്യമാണ് പരിഗണിക്കുക. ധാർമ്മിക മുല്യങ്ങൾ ഉൾക്കൊള്ളുന്നതും വ്യക്തിപരവും സാമൂഹികപരവുമായ അവഹേളനങ്ങൾ ഒഴിവാക്കിയുള്ള അവതരണം പ്രതീക്ഷിക്കുന്നു. കഥാതന്തു അഭിലഷണീയം. വിഷയത്തോടുള്ള നീതി, അനുകരണ സാമർത്ഥ്യം, അഭിനയം

തൻമയത്വം എന്നിവ പരിഗണിക്കപ്പെടുന്നു.

**4. പ്രസംഗം**

5 മിനറ്റ് സമയം. മത്സരത്തിന് 5 മിനിറ്റ് മുമ്പേ മാത്രമേ വിഷയങ്ങൾ നൽകുകയുള്ളൂ. 2019 പഠനപ്രമേയവുമായി ബന്ധപ്പെട്ട വിഷയങ്ങളായിരിക്കും നൽകപ്പെടുക. സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ്, അക്ഷരസ്പുടത, ഭാഷാശുദ്ധി, ആശയസ്പുടത, ശബ്ദനിയന്ത്രണം, ഐ കോൺടാക്ട് എന്നിവ പരിഗണിക്കും.

**5. മോണോ ആക്ട്**

സമയം 5 മിനിറ്റ്. അഭിനയപാഠവമാണ് പരിഗണിക്കുക. ക്രിസ്തീയ ഇതിവൃത്തമാകണമെന്ന് നിർബന്ധമില്ല. മാനദണ്ഢങ്ങൾ- അക്ഷര സ്പുടത, ആശയവ്യക്തത, ഭാവാഭിനയം, സംഭാഷണം, പ്രമേയവും പാത്രവൽക്കരണവും.

**6. ഫോട്ടോഗ്രഫി**

സമയം ഒരു മണിക്കൂർ. യുവ നടക്കുന്ന സ്ഥലത്ത് തത്സമയം തരുന്ന വിഷയത്തിൽ ഫൊട്ടോയെടുത്ത് നൽകണം. ഡിജിറ്റൽ ക്യാമറ, മൊബൈ ൽ ക്യാമറ, പ്രൊഫഷണൽ ക്യാമറ തുടങ്ങിയ ഏതുതരം ക്യാമറയും ഉപയോഗിക്കാം. ഡാറ്റ ഒന്നുമില്ലാത്ത മെമ്മറി കാർഡ് മത്സരത്തിന് മുമ്പ് സംഘാടകരെ കാണിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

**7. ഷോർട്ട് ഫിലിം**

ഈ വർഷത്തെ പ്രവർത്തനമുദ്രാവാക്യങ്ങളിലോ ഉപവിഷയങ്ങളിലോ അധിഷ്ഠിതമായി മാനുഷിക മൂല്യങ്ങളെ ഹനിക്കാത്ത രീതിയിൽ തയ്യാറാക്കിയ 5 മിനിറ്റ് മുതൽ 7 മിനിറ്റ് വരെ ദൈർഘ്യമുള്ള ഫിലിം. തിരക്കഥ ക്കനുസരിച്ച് കെ സി വൈ എം സംഘടനാംഗങ്ങളല്ലാത്തവരെയും കുട്ടികളെയും ഫിലിമിൽ അഭിനയിപ്പിക്കുന്നതിൽ തടസമില്ല. എന്നാൽ പിന്നണിയിൽ പ്രവർത്തിക്കുന്നവർ കെ സി വൈ എം അംഗങ്ങളായി രിക്കണം. ഒരു മേഖലയിൽ നിന്ന് ഒരു ഷോർട്ട് ഫിലിം മാത്രമേ രൂപത യിലേക്ക് പരിഗണിക്കുകയുള്ളൂ. രൂപതാമത്സരത്തിനായി സമർപ്പിക്കുന്ന ഷോർട്ട് ഫിലിമിന്റെ രചന, സംവിധാനം, നിർമ്മാണം, സാങ്കേതിക പ്രവർത്തകർ, അഭിനേതാക്കൾ എന്നിവരുടെ അഡ്രസ്സ് സഹിതം ഒക്ടോബർ 2 ന് മുമ്പ് രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

1. മത്സരത്തിനുള്ളവ ഡി വി ഡി ആയി നൽകേണ്ടതാണ്.
2. രംഗങ്ങൾ മറ്റു ചിത്രങ്ങളിൽ നിന്ന് പകർത്തിയതോ സോഷ്യൽ മീഡിയായിൽ അവതരിപ്പിച്ചിട്ടുള്ളതോ ആകരുത്.
3. പ്രമേയം, അഭിനയം, സംവിധാനം, സാങ്കേതികത്വം, ആസ്വാദന നിലവാരം, പ്രമേയത്തിന്റെ സാമൂഹിക ധാർമ്മിക പ്രസക്തി എന്നിവ പരിഗണിക്കുന്നു.

**ഗ്രൂപ്പ് ഇനങ്ങൾ**

**1. മാർഗ്ഗംകളി**

പരമാവധി 10 മിനിറ്റ് സമയം, 7 പേർക്ക് പങ്കെടുക്കാം. ഒരാൾ പാടു കയും 6 പേർ അവതരിപ്പിക്കുകയും വേണം. പെൺകുട്ടികൾക്ക് മാത്രമാ യാണ് മത്സരം. നിലവിളക്ക് സംഘാടകർ നൽകുന്നതായിരിക്കും. തനതായ പാരമ്പര്യവേഷമായിരിക്കണം. ഇലത്താളം ഉപയോഗിക്കാം. മറ്റ് സംഗീത ഉപകരണങ്ങൾ പിന്നണിയിൽ പാടില്ല. വേഷത്തിന്റെ അനുയോജ്യത (20%), ഭക്തിഭാവം (20%), താളം (20%), ചുവട് (20%). സംഗീതം (20%) എന്നിവ മാനദണ്ഡങ്ങൾ.

**2. പരിചമുട്ട്**

10 മിനിറ്റ് സമയം. 8 പേർക്ക് പങ്കെടുക്കാം. ആൺകുട്ടികൾക്ക് മാത്രം. നിലവിളക്ക് നൽകുന്നതായിരിക്കും. ഇലത്താളം ഉപയോഗിക്കാവുന്നതാണ്. (വേഷത്തിന്റെ അനുയോജ്യത, ചുവട്, അടവ്, താളം, പാട്ട്, ചടുതല എന്നിവയ്ക്ക് മാർക്ക്)

**3. ചവിട്ടുനാടകം**

30 മിനറ്റ് സമയം. പിന്നണിയിൽ റിക്കോർഡ് ചെയ്ത സിഡി/കാസറ്റ് ഉപയോഗിക്കാം. ബൈബിൾ, ക്രിസ്ത്യൻ ചരിത്രം എന്നിവ ആസ്പദമാക്കി യുള്ള വിഷയം. കൈമുദ്രകൾ, വേഷം, അവതരണം, ഏകോപനം എന്നിവ വിലയിരുത്തുന്നു.

**4. മൈം**

10 മിനിറ്റ് സമയം. 3 പേരിൽ കുറയാനോ, 12 പേരിൽ കൂടാനോ പാടില്ല. രംഗസജ്ജീകരണത്തിന് 5 മിനിറ്റ്. മത്സരശേഷം അതത് ടീമുകൾ സ്റ്റേജ് ക്ലിയർ ചെയ്യണം. ധാർമ്മിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന അവതരണം. ആശയം, അവതരണം, സർഗ്ഗാത്മകത, വേഷം/മെയ്ക്കപ്പ്, സംഗീതം എന്നിവ വിലയിരുത്തുന്നു.

**5. തെരുവുനാടകം**

അവതരണസമയം 20 മിനറ്റ്. 10 മിനറ്റ് രംഗസജ്ജീകരണത്തിന് ഉപയോഗിക്കാവുന്നതാണ്. ഏതുതരത്തിലുള്ള വേഷവും ഉപയോഗിക്കാം. എന്നാൽ മുഖത്ത് യാതൊരുവിധ ഛായവും ഉപയോഗിക്കാൻ പാടില്ല. സമകാലീന വിഷയങ്ങളും ഈ വർഷത്തെ പഠനവിഷയങ്ങളുമായി രിക്കണം നാടകത്തിന്റെ കഥാതന്തു. ആളുകളുടെ എണ്ണം കഥക്കനുസരിച്ച് നിജപ്പെടുത്താം. പശ്ചാത്തല വാദ്യമായി ചെണ്ടമാത്രമേ ഉപയോഗിക്കാ വുള്ളൂ. മത്സരശേഷം ടീമുകൾ അവതരണവേദി ക്ലിയർ ചെയ്യേണ്ടതാണ്. ഈ മാനദണ്ഢങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും വിധി നിർണ്ണയിക്കുക. സംഭാഷണം & അഭിനയമികവ്, സംവിധാനം, സംഗീതം (40%), ആശയവ്യക്തത, ആശയസമ്പുഷ്ഠത (25%), വേഷം, കലാമൂല്യം (25%), പൊതു അവതരണം (10%).

**6. നാടൻപാട്ട്**

10 മിനിറ്റ് സമയം. 3 പേരിൽ കുറയാനോ 7 പേരിൽ കൂടാനോ പാടില്ല.പാട്ടിന്റെ പാരമ്പര്യം സ്റ്റേജിൽ പറയണം. വാമൊഴിയായി കിട്ടിയപാട്ടുകളേ ഉപയോഗിക്കാവൂ. അനുഷ്ഠാനപാട്ടുകൾ, കൃഷിപ്പാട്ടുകൾ, കൊയ്ത്തുപാട്ടുകൾ, ഉത്സവപ്പാട്ടുകൾ, കളിപ്പാട്ടുകൾ എന്നിവയെല്ലാം തിരഞ്ഞെടുക്കാം. പിന്നണി പാടില്ല, തനതു വാദ്യോപകരണങ്ങൾ പാടുന്നവർ തന്നെ ഉപയോഗിക്കണം. മൈക്ക് നൽകുന്നതല്ല. വേഷവിധാനം മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നില്ല. കരോക്കെ ഉപയോഗിക്കാൻ പാടില്ല. താളം, ഉച്ചാരണം, സാഹിത്യം, ഏറ്റുപാട്ടുകാരുടെ യോജിപ്പ്, ഉപകരണം എന്നിവ പരിഗണിക്കുന്നു.

**7. കെ സി വൈ എം ആന്തം**

3 പേരിൽ കുറയാനോ 7 പേരിൽ കൂടാനോ പാടില്ല. കെ സി വൈ എം ഔദ്യോഗിക പതാക പിടിച്ചിരിക്കണം. മാർച്ചിങ് ട്യൂണാണ് പാടേണ്ടത്. മൈക്ക് ഉണ്ടാകില്ല. പതാക സംഘാടകർ നൽകുന്നതാണ്. പാടുമ്പോൾ താളം അടിക്കാൻ പാടില്ല. സെക്കൻഡ്സ്, റിപ്പീറ്റ് എന്നിവ പാടുള്ളതല്ല. ശ്രുതി, സ്വരച്ചേർച്ച, അക്ഷരസ്പുടത, താളം, ഭാവം എന്നിവ പരിഗണിക്കുന്നു.

**8. സംഘഗാനം**

7 മിനിറ്റ് സമയം. 3 പേരിൽ കുറയാനോ 7 പേരിൽ കൂടാനോ പാടില്ല. സംഗീത ഉപകരണങ്ങൾ പാടില്ല, ധാർമ്മിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഗാനങ്ങൾ തിരഞ്ഞെടുക്കുക. ശ്രുതി, ലയം, താളം, സ്വരമാധുര്യം എന്നിവ പരിഗണിക്കുന്നു. ക്രിസ്ത്യൻ പാട്ടുകൾ നിർബന്ധമില്ല.

**9. മുദ്രാവിളിമത്സരം**

ഈ വർഷം പ്രത്യേകമായി നടത്തുന്ന മത്സരം. മേഖല രൂപതാ തലത്തിൽ മാത്രമേ മത്സരം ഉണ്ടാവുകയുള്ളൂ. 7 പേർ നിർബന്ധമായും ടീമിലുണ്ടാകണം. മുദ്രാവാക്യം വിളിച്ചുകൊടുക്കാൻ അതിൽ ഒരു ലീഡറെ നിയമിക്കാം. മുദ്രാവാക്യത്തിന്റേതായ കൈ ഉപയോഗിച്ചുള്ള ആക്ഷനുകൾ അനുവദനീയം. മത്സരത്തിനിടയിൽ ലീഡർക്കു മാത്രമേ മൂവ് ചെയ്യാൻ അവകാശമുള്ളൂ. സ്റ്റേജിൽ ഏതു പൊസിഷനിലും നിൽക്കാം. മുദ്രാവാക്യം രൂപതയിൽ നിന്ന് നൽകുന്നു. മത്സരത്തിന് 10 മിനറ്റ് മുൻപായിരിക്കും മുദ്രാവാക്യങ്ങൾ നൽകുക. ആർജവത്വം, ശക്തിപ്രകടനം, ഒരുമ, ആശ യത്തിനുള്ള ഊന്നൽ, ശൈലി എന്നിവ പരിഗണിക്കുന്നു. വേഷത്തിന് മാർക്കില്ല. 3 കൊടികൾ നൽകുന്നു. മൈക്ക് നൽകില്ല.

**10. ഡിബേറ്റ്**

സമയം 10 മിനിറ്റ്. രണ്ടു പേരടങ്ങുന്ന ടീമിന് പങ്കെടുക്കാം. അനുകൂലി ക്കുന്ന ടീമിനും പ്രതികൂലിക്കുന്ന ടീമിനും 5 മിനിറ്റ് വീതം സമയം നൽകുന്നു. 30 മിനിറ്റ് മുമ്പ് വിഷയം നൽകുന്നതായിരിക്കും.

**11. ക്വിസ്**

ടീമംഗങ്ങളുടെ എണ്ണം മൂന്നുവരെയാകാം. എഴുത്തു പരീക്ഷയാണ്

നടത്തുക. ഉത്തരമെഴുതാൻ 30 സെക്കന്റ് സമയം തരും. വെട്ടിയെഴുത്ത് അനുവദനീയമല്ല. പൂർണ്ണമായ ശരിയുത്തരത്തിന് മാർക്ക് നൽകുന്നു.

**താഴെ നൽകിയിരിക്കുന്നവയിൽനിന്നാണ് ചോദ്യങ്ങൾ ഉണ്ടാവുക.**

ബൈബിൾ ലോഗോസ് ക്വിസ് ഭാഗങ്ങൾ (40%), കെ സി വൈ എം ചരിത്രം, കെ സി വൈ എം നിയമാവലി (25%), ക്രിസ്തൂസ് വിവിത്-യുവജനങ്ങൾക്കായുള്ള മാർപ്പാപ്പയുടെ ചാക്രിക ലേഖനം (15%), ക്രിസ്തീയ വിജ്ഞാനമുത്തുകൾ (10%), പൊതുവിജ്ഞാനം, ആനുകാലിക വാർത്തകൾ (10%)

**ഈ വർഷത്തെ കെ സി വൈ എം പഠനവിഷയങ്ങൾ**

ഉപവി[redacted]ന്നേറ്റം, മാലി[redacted]

ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ
ഡയറക്ടർ, കെ.സി.വൈ.എം.

# ക്രിസ്റ്റീൻ മൂവ്മെന്റ്

### ക്രിസ്റ്റഫേഴ്സ് ഗാദറിംഗ്

ക്രിസ്റ്റീൻ മൂവ്മെന്റ് നടത്തുന്ന പരിശീലനപരിപാടിയിൽ പങ്കെടുത്ത കുട്ടികൾക്കുവേണ്ടി ഒരു ഏകദിന കൺവെൺഷൻ സെപ്റ്റംബർ 12-ാം തീയതി താമരശ്ശേരി അൽഫോൻസാ നേഴ്സറി സ്കൂളിൽ വച്ച് നടത്തി. റവ. ഫാ. സൈമൺ വള്ളോപ്പിള്ളി വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. ബ്ര. ജസ്റ്റിൻ കോട്ടയം ക്ലാസ്സുകൾ നയിച്ചു. ശ്രീ. ജിനേഷ് വിലങ്ങുപാറ, സി. അനു. എം.എസ്.എം.ഐ. എന്നിവർ നേതൃത്വം നൽകി.

### ജപമാലയജ്ഞം

ക്രിസ്റ്റീൻ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ക്രിസ്റ്റീൻ പ്രവർത്തന ങ്ങളുടെ വിജയത്തിനായി ഒക്ടോബർ 1-31 വരെ ഒരു ലക്ഷം ജപമാല ശേഖരിക്കുകയാണ്. ഒക്ടോബർ മാസത്തിൽ ദിവസവും ഒരു ജപമാല യെങ്കിലും ചൊല്ലിക്കൊണ്ട് ക്രിസ്റ്റീവ് ശുശ്രൂഷയെ സ്നേഹിക്കുന്ന എല്ലാവരും ഈ ഉദ്യമത്തിൽ പങ്കാളികളാകണമെന്ന് താൽപര്യപ്പെടുന്നു.

### എമ്മാവൂസ് ട്രെയിനിംഗ്

ക്രിസ്റ്റീൻ ധ്യാനത്തിൽ പങ്കെടുത്ത കുട്ടികൾക്കുവേണ്ടി ഒക്ടോബർ 6–ാം തീയതി [illegible] മണിമുതൽ 8–ാം തീയതി 2 മണിവരെ ചാത്തൻകോട്ടുനട സെന്റ് [illegible] റ്റ് സെന്ററിൽ വച്ച് എമ്മാവൂസ് ട്രെയിനിംഗ് (തുടർ പരിശീല[illegible]നു. താൽപര്യമുള്ളവർ ആനിമേറ്റർമാർ വഴി മുൻകൂട്ടി രജിസ്റ്റർ [illegible]ന്.

ഫാ. സൈമൺ വള്ളോപ്പിള്ളി

ഡയറക്ടർ, ക്രിസ്റ്റീൻ മൂവ്മെന്റ്

## എകെസിസി

### ന്യൂനപക്ഷ സെമിനാറും പൊതു സമ്മേളനവും

താമരശ്ശേരി രൂപത കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ ന്യൂനപക്ഷ വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ന്യൂനപക്ഷ സെമിനാറും പൊതുസമ്മേളനവും ഒക്ടോബർ മാസം 31 ന് കോഴിക്കോട് ടാഗോർ ഹാളിൽ വെച്ച് നടന്നു. സീറോമലബാർ കത്തോലിക്കരെക്കൊണ്ടു നിറഞ്ഞ സദസ്സിൽ വിവിധ ന്യൂനപക്ഷങ്ങളിൽ നിന്നായി ഏകദേശം 750 ഓളം പേർ പങ്കെടുത്തു. ന്യൂനപക്ഷക്ഷേമവകുപ്പ് മന്ത്രി ശ്രീ. കെ ടി ജലീൽ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ കത്തോലിക്ക സമുദായത്തെ പ്രതിനിധീകരിച്ച് സംസാരിച്ചു. മലയോര കർഷകരുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കൂടുതൽ സംവരണവും ന്യൂനപക്ഷ പദ്ധതി കളും ആവിഷ്കരിക്കണമെന്നും ക്രൈസ്തവന്യൂനപക്ഷങ്ങളുടെ പിന്നോ ക്കാവസ്ഥ പരിശോധിക്കാൻ ഒരു കമ്മീഷനെ നിയോഗിക്കണമെന്നും അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടു. തുടർന്ന് ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനം, ന്യൂനപക്ഷ സാമ്പത്തിക ക്ഷേമവകുപ്പിന്റെ സഹായങ്ങൾ, ന്യൂനപക്ഷക്ഷേമപദ്ധതികൾ എന്നീ വിഷയങ്ങളെ സംബന്ധിച്ച് സെമിനാർ നടന്നു. പ്രസ്തുത പരിപാടിക്ക് നേതൃത്വം ഏറ്റെടുത്ത എ.കെ.സി.സി സെക്രട്ടറി ശ്രീ. ബേബി കിഴക്കേഭാഗം നന്ദിപറഞ്ഞു സംസാരിച്ചു. രൂപത പ്രസിഡന്റ് ശ്രീ. ബേബി പെരുമാലിൽ, രൂപത അസ്സി. ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, ന്യൂനപക്ഷ കമ്മീഷൻ സംസ്ഥാന ഭാരവാഹികൾ, മേയർ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, വിവിധ ന്യൂനപക്ഷ പ്രതിനിധികൾ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 600 പേരെ ഈ സമ്മേളനത്തിലേക്കും പൊതുസമ്മേളനത്തിലേക്കും പറഞ്ഞയച്ച് സമുദായത്തിന്റെ ശക്തി അറിയിക്കാൻ സഹകരിച്ച എല്ലാ വൈദികരോടും കത്തോലിക്ക കോൺഗ്രസ് നേതാക്കളോടും രൂപതാ സമിതിയുടെ പേരിൽ നന്ദിപറയുന്നു. കത്തോലിക്ക കോൺഗ്രസ് ജനറൽ

സെക്രട്ടറി ശ്രീ അഗസ്റ്റിൻ മഠത്തിപ്പറമ്പിൽ, ട്രഷറർ ശ്രീ. അനീഷ്, രൂപത സെക്രട്ടറിമാർ, പാറോപ്പടി മേഖല സമിതി പ്രസിഡന്റ് ശ്രീ. ചാക്കോ, മറ്റു സമിതി അംഗങ്ങൾ എന്നിവർ ഈ പരിപാടിക്ക് നേതൃത്വം വഹിച്ചു.

## അറിയിപ്പുകൾ

### 1. ക്രൈസ്തവ ന്യൂനപക്ഷ- ഹെൽപ്പ് ഡെസ്കുകൾ:

ന്യൂനപക്ഷപരിപാടികളും പദ്ധതികളും ജനങ്ങളിലേക്കെത്തിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനുമായി എല്ലാ ഫൊറോനകളിലും ഇടവകപ്രതിനിധികളെ ഉൾപ്പെടു ത്തിക്കൊണ്ട് ഒക്ടോബർ മാസത്തോടെ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുന്നു. പദ്ധതികളുമായി ബന്ധപ്പെട്ട ഫോമുകൾ എത്തിക്കു ന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കൃത്യ സമയത്ത് അറിയിപ്പുകൾ നൽകുന്നതിനും ഈ ഹെൽപ്പ് ഡെസ്ക് സഹായകമാകും.

### 2. ലോയേഴ്സ് ഫോറം

എ കെ സി സി യുടെ ആഭിമുഖ്യത്തിൽ നിയമസഹായം ആവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ ക്രിയാത്മകമായി പ്രതികരിക്കാനും സഹായിക്കാനുമായി ഒരു ലോയേഴ്സ് ഫോറം രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു.

**ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ**
ഡയറക്ടർ, എ.കെ.സി.സി

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
അസി. ഡയറക്ടർ



# യേശുനിധി

യേശുനിധി ഫണ്ടിൽ നിന്ന് **21.08.2019** മുതൽ **20.09.2019** വരെ അനുവദിച്ച തുക

### വിദ്യാഭ്യാസം

| | | |
|---|---|---|
| 1 | കല്ലാനോട് | 10,000.00 |
| 2 | കൂടരഞ്ഞി | 10,000.00 |
| 3 | കുളിരാമുട്ടി | 10,000.00 |
| 4 | മഞ്ഞക്കുന്ന് | 15,000.00 |
| 5 | മരുതോങ്കര | 15,000.00 |
| 6 | മുതുകാട് | 5,000.00 |
| 7 | പടത്തുകടവ് | 10,000.00 |
| 8 | പനംപ്ലാവ് | 10,000.00 |
| 9 | പനംപ്ലാവ് | 10,000.00 |
| 10 | പുഷ്പഗിരി | 8,000.00 |
| 11 | പുഷ്പഗിരി | 10,000.00 |
| 12 | പുതുപ്പാടി | 10,000.00 |
| 13 | താമരശ്ശേരി | 1,00,000.00 |

### വീട്

| | | |
|---|---|---|
| 14 | ചക്കിട്ടപാറ | 15,000.00 |
| 15 | ചക്കിട്ടപാറ | 15,000.00 |
| 16 | ചുണ്ടത്തുംപൊയിൽ | 15,000.00 |
| 17 | കൂമംകുളം | 10,000.00 |
| 18 | കുന്ദമംഗലം | 15,000.00 |
| 19 | മഞ്ഞക്കുന്ന് | 15,000.00 |
| 20 | മരുതോങ്കര | 20,000.00 |
| 21 | മുത്തപ്പൻപുഴ | 15,000.00 |
| 22 | വെണ്ടേക്കുംപൊയിൽ | 15,000.00 |
| 23 | വെണ്ടേക്കുംപൊയിൽ | 15,000.00 |

### ചികിത്സ

| | | |
|---|---|---|
| 24 | ചമൽ | 25,000.00 |
| 25 | ചാപ്പൻതോട്ടം | 10,000.00 |
| 26 | കല്ലാനോട് | 10,000.00 |
| 27 | കരിങ്ങാട് | 15,000.00 |
| 28 | കട്ടിപ്പാറ | 10,000.00 |
| 29 | കോനൂർക്കണ്ടി | 10,000.00 |
| 30 | കൂടത്തായ് | 10,000.00 |
| 31 | കുളിരാമുട്ടി | 20,000.00 |
| 32 | കുളിരാമുട്ടി | 10,000.00 |
| 33 | കുപ്പായക്കോട് | 10,000.00 |
| 34 | മൈലെള്ളാംപാറ | 7,000.00 |
| 35 | മഞ്ഞുവയൽ | 3,000.00 |
| 36 | മഞ്ഞുവയൽ | 5,000.00 |
| 37 | മരഞ്ചാട്ടി | 25,000.00 |
| 38 | മരുതോങ്കര | 15,000.00 |
| 39 | മാവൂർ | 10,000.00 |
| 40 | മുതുകാട് | 15,000.00 |
| 41 | മുതുകാട് | 10,000.00 |
| 42 | പനംപ്ലാവ് | 10,000.00 |
| 43 | പനംപ്ലാവ് | 10,000.00 |
| 44 | പനംപ്ലാവ് | 10,000.00 |
| 45 | പാറോപ്പടി | 20,000.00 |
| 46 | പാറോപ്പടി | 15,000.00 |
| 47 | പെരുവണ്ണാമൂഴി | 10,000.00 |
| 48 | പി.ടി. ചാക്കോ നഗർ | 15,000.00 |
| 49 | താമരശ്ശേരി | 10,000.00 |
| 50 | താമരശ്ശേരി | 15,000.00 |
| 51 | താമരശ്ശേരി | 1,000.00 |
| 52 | താമരശ്ശേരി | 2,000.00 |
| 53 | തിരുവമ്പാടി | 10,000.00 |
| 54 | തിരൂർ | 10,000.00 |
| 55 | വള്ളിയാട് | 10,000.00 |
| 56 | വെണ്ടേക്കുംപൊയിൽ | 10,000.00 |
| 57 | വെണ്ടേക്കുംപൊയിൽ | 10,000.00 |
| 58 | വിലങ്ങാട് | 15,000.00 |

### വിവാഹം

| | | |
|---|---|---|
| 59 | ഈരൂട് | 15,000.00 |
| 60 | കൂരാച്ചുണ്ട് | 10,000.00 |
| 61 | പാറത്തോട് | 20,000.00 |
| 62 | പൂതംപാറ | 15,000.00 |
| 63 | തോട്ടുമുക്കം | 10,000.00 |
| 64 | വാളൂക്ക് | 15,000.00 |
| | **ആകെ തുക** | **8,61,000.00** |

**ഫാ. മാത്യു പുളിമൂട്ടിൽ**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**സെപ്റ്റംബർ 2019**

01 രാവിലെ, കുറവിലങ്ങാട് മർത്ത്മറിയം തീർത്ഥാടനകേന്ദ്ര ത്തിൽ നസ്രാണി സംഗമത്തില പൊതുയോഗത്തിൽ പങ്കെ ടുത്ത് ആശംസകൾ നേർന്നു.

02 രാവിലെ, വാണിയമ്പലം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ്, ഈരൂട് ഇടവക ദൈവാലയത്തിൽ ബഹു. ജോർജ് കഴക്കച്ചാലിൽ അച്ചന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് പരേതനുവേണ്ടി പ്രാർത്ഥിച്ചു.

03 വൈകുന്നേരം, കോടഞ്ചേരി മരിയൻ തീർത്ഥാടന ദൈവാലയത്തിൽ എട്ടുനോമ്പിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

04-13 ഇംഗ്ലണ്ടിൽ അജപാലന ശുശ്രൂഷ ചെയ്യുന്ന താമരശ്ശേരി രൂപത യിലെ വൈദികരെ സന്ദർശിച്ചു.

05 രാവിലെ, ഇംഗ്ലണ്ടിലെ അവർ ലേഡീ ഓഫ് വെൽ തീർത്ഥാടന കേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ചു.

ഉച്ചയ്ക്ക് ഇംഗ്ലണ്ടിലെ ലങ്കാസ്റ്റർ രൂപതയിലെ മെത്രാൻ പോൾ സ്വാർബ്രിക്മായി കൂടിക്കാഴ്ച നടത്തി.

06 രാവിലെ ഇംഗ്ലണ്ടിലെ ലങ്കാസ്റ്റർ രൂപതയിലെ മില്ലോം ഇടവകയിൽ വി. കുർബാനയർപ്പിച്ചു.

07 രാവിലെ, ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കലിനെ പ്രെസ്റ്റൺ രൂപതാഭവനിൽ സന്ദർശിച്ചു.

08 രാവിലെ, ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയിലെ പ്രെസ്റ്റൺ കത്തീഡ്രലിൽ മതബോധന വർഷം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയിലെ ലെക്സ്റ്റർ ഇടവകയിൽ എട്ടുനോമ്പിന്റെ സമാപനത്തോടനു ബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

14 രാവിലെ, ആനക്കാംപൊയിൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

16 രാവിലെ, ചാപ്പൻതോട്ടം ഇടവകയിൽ ബഹു. മാത്യു തകിടിയേലച്ചന്റെ പരേതയായ മാതാവ് മേരി തകിടിയേലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

കരിങ്ങാട് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

17 ശാലോം ടി.വിയ്ക്കുവേണ്ടി ഒരു പ്രോഗ്രാം ചെയ്തു.

18 വൈകുന്നേരം, കുന്ദമംഗലം ഇടവക ദൈവാലയത്തിൽ പരേതയായ തടത്തിൽ ത്രേസ്യാമ്മയുടെ ഓർമ്മദിനത്തോടനു ബന്ധിച്ച് വി. കുർബാനയർപ്പിച്ച് പരേതയ്ക്കുവേണ്ടി പ്രാർത്ഥിച്ചു.

19 രാവിലെ, തേക്കുംകുറ്റി കർമ്മലീത്ത സന്യാസിനീഭവനത്തിൽ വി. കുർബാനയർപ്പിച്ച് അർത്ഥിനികൾക്ക് ക്ലാസ്സെടുത്തു.

അഗസ്ത്യൻമൂഴി സെന്റ് ജോസഫസ് ഹോസ്പിറ്റലിലെ നവീകരിച്ച കെട്ടിടം വെഞ്ചരിച്ചു.

20 രാവിലെ പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ച് ആരാധനാസന്യാസിനി സമൂഹം നേതൃത്വം നൽകിയ ഏകദിന കൺവെൻഷനിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

വൈകുന്നേരം, താമരശ്ശേരി രൂപതാഭവനിലെ അംഗങ്ങ ളോടൊപ്പം പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ നടക്കുന്ന അഖണ്ഡജപമാസ സമർപ്പണത്തിൽ പങ്കെടുത്തു.

21 രാവിലെ, തിരുവമ്പാടി കർമ്മലീത്ത സന്യാസിനി സമൂഹ ത്തിന്റെ പ്രൊവിൻഷ്യൽ ഭവനത്തിൽ താമരശ്ശേരി പ്രൊവിൻസ് സ്ഥാപിതമായതിന്റെ രജതജൂബിലി യോടനു ബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ്, പുത്തൂർ ഗവൺമെന്റ് യു.പി. സ്കൂളിൽ സംഘടിപ്പിച്ച ലഹരിവിരുദ്ധ സംഗമം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, കുന്ദമംഗലം ഇടവകയെ രൂപതയിലെ പ്രഥമ സമ്പൂർണ്ണ മാതൃവേദി ഇടവകയായി പ്രഖ്യാപിക്കുന്നതി നോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, രൂപതാ ഫിനാൻസ് ഓഫീസർ ബഹു. മാത്യു പുളിമൂട്ടിലച്ചന്റെ നാമഹേതുകതിരുനാളിനോടനുബന്ധിച്ച് നടത്തിയ ആഘോഷത്തിൽ സംബന്ധിച്ചു.

22 വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

23 രാവിലെ, മൈലെള്ളാംപാറ ഇടവകയിൽ പരേതയായ ആലീസ് എടാട്ടുകുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ

നേതൃത്വം നൽകി.

24 രാവിലെ, താമരശ്ശേരി രൂപതാഭവനിൽ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിനോടും രൂപതാഭവനിലെ അംഗങ്ങളോടുമൊപ്പം വി. കുർബാനയർപ്പിച്ചു.

താമരശ്ശേരി രൂപതാഭവനിൽ വൈദികരുടെ പൊതുമാസ ധ്യാനത്തിൽ സംബന്ധിച്ചു.

വൈകുന്നേരം, താമരശ്ശേരി രൂപതാഭവനിൽ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് നടന്ന ആഘോഷത്തിൽ സംബന്ധിച്ചു.

25 രാവിലെ, താമരശ്ശേരി ചാവറ ഹോസ്പിറ്റൽ കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു.

26 രാവിലെ, വേനപ്പാറ ക്ലാരിസ്റ്റ് സന്യാസിനിസമൂഹത്തിന്റെ ഭവനത്തിൽ വി. കുർബാനയർപ്പിച്ചു.

വൈകുന്നേരം, താമരശ്ശേരി രൂപതാഭവനിൽ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് നടന്ന അത്താഴ വിരുന്നിൽ സംബന്ധിച്ചു.

27 രാവിലെ, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു.

രൂപതാഭവനിൽ നടന്ന കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ കേന്ദ്രകമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം, ചേവായൂർ ക്രിസ്തുദാസി സന്യാസിനി സമൂഹത്തിന്റെ ജനറലേറ്റ് ഭവനത്തിലെ കപ്പേളയിലെ അൾത്താര കൂദാശ ചെയ്തു.

28 രാവിലെ, കണ്ണോത്ത് എസ്.ഡി. സന്യാസിനിസമൂഹത്തിന്റെ ഭവനത്തിൽ പുനർനിർമ്മിച്ച കപ്പേള കൂദാശ ചെയ്തു.

29-30 ദുബായിൽ നടന്ന പ്രഥമ കത്തോലിക്ക കോൺഗ്രസ്സ് അന്താരാഷ്ട്ര സമ്മേളനത്തിൽ സംബന്ധിച്ചു.



# POPE FRANCIS



## Pope Francis on Missions and Proclamation

“Proclaiming the Gospel is not the same thing as proselytism and often means simply being a neighbor and friend to someone while living an authentically Christian life.

Mission “is that dynamic that leads you to be a neighbor to others to share the gift you have received: the encounter of love that changed your life and led you to consecrate your life to the Lord Jesus, good news for the life and salvation of the world,”

We should be of men and women who are not afraid to go into the deserts of this world and seek together the means for accompanying brothers and sisters to the oasis that is the Lord so that the living water of his love can quench their every thirst.

To be a missionary, the pope said, Christian first must be a disciple of Jesus.

And while the missionaries may be working in situations where an explicit invitation to follow Christ is not possible, their own lives must be firmly rooted in “listening to his word, the celebration of the sacraments and service to your brothers and sisters so that your gestures manifest his presence, his merciful love and his compassion to those to whom the Spirit sends and leads you”.

*(On February 8, 2019 to the Missionaries of Our Lady of Africa in Vatican)*